ചങ്ങനാശേരി അതിരൂപതാ കുടുംബ പ്രസിദ്ധീകരണം

# കുടുംബജ്യോതി 2026

ആഗസ്റ്റ് ▷▷ പുസ്തകം 44 ▷▷ ലക്കം 8

SINCE 1982



ഏവർക്കും
ഓണാശംസകൾ



കുടുംബജ്യോതി ○ ആഗസ്റ്റ് 2026 പുസ്തകം 44 ○ ലക്കം 08

# content | ഉള്ളടക്കം

**ചീഫ് എഡിറ്റർ**
ഫാ. ജോണിക്കുട്ടി തറക്കുന്നേൽ
ഫോൺ: 8606612262

**മാനേജിംഗ് എഡിറ്റർ**
ഡോ. ജോസഫ് പാറയ്ക്കൽ

**സർക്കുലേഷൻ മാനേജർ**
ജോസി ജോസഫ് ആലഞ്ചേരി
ഫോൺ: 8921677078

**ആശയം, രൂപകല്പന.**
ബിന്നി മാത്യു

**അക്ഷരവിന്യാസം.**
മനോജ് വർഗീസ്

**മുദ്രണം.** സെന്റ് ജോസഫ്സ് ഓർഫനേജ് പ്രസ്, ചങ്ങനാശേരി
ഫോൺ: 0481 2410101



Disclaimer:
The editorial board of Kudumbajyothi does not bear the responsibility for the claims of the advertisements published. Though the magazine provide profound data regarding personal and family matters the readers may consult experts personally before acting on it especially regarding finance and health.

ചിത്രങ്ങൾക്ക് കടപ്പാട്: ഗൂഗിൾ

അഭിപ്രായങ്ങളും രചനകളും
അയക്കാനുള്ള വിലാസം
chiefeditor.kj@gmail.com
9633008272

| | | |
|---|---|---|
| വില (ഒറ്റപ്രതി) | - | ₹ 25 |
| ഒരുവർഷത്തേക്ക് | - | ₹ 250 |
| തപാലിൽ ലഭിക്കാൻ | - | ₹ 300 |

To subscribe Kudumbajyothi
Whatsapp 'sub' to 9633008272
www.kudumbajyothis.com
kudumbajyothi1982@gmail.com
Like Kudumbajyothi@/ kudumbajyothi



**06** ഓണത്തിന്റെ കഥ : ഐതിഹ്യവും ചരിത്രവും



**12** ഓണം കളിച്ച കേരളം

**17** അഭിമുഖം : മാർ ജോസഫ് പെരുന്തോട്ടം
ഞാനിപ്പോൾ കൂടുതൽ സന്തോഷവാനാണ്

**23** വെളിച്ചം പകർന്ന അക്ഷരങ്ങൾ
ഡോ. വള്ളിക്കാവ് മോഹൻദാസ്

**30** ഒരു പന്ത്, ഒരു ലോകം, ഒരുപാടു പാഠങ്ങൾ



**34** പൂവിളി മുതൽ ഓണം മൂഡ് വരെ

**37** അറിയാം ചില സർക്കാർ ധനസഹായ പദ്ധതികൾ
ആന്റണി ആറിൽചിറ



**39** 'പണി' എട്ടിന്റെ പണിയോ?
ഫാ. മിന്റോ മൂന്നുപറയിൽ

**41** മരണത്തിനപ്പുറം വേരുകൾ പൂക്കുമ്പോൾ
കിരൺ മരിയ ജോസ് നേര്യംപറമ്പിൽ

**44** ഓളമല്ലോണം
സിബിച്ചൻ വേങ്ങച്ചേരിൽ

## സ്ഥിരം പംക്തികൾ

**04** പുമുഖം: സ്വാതന്ത്ര്യത്തെ മായ്ക്കരുത് വിഭജനരേഖകളാൽ

**46** പുതിയനിയമത്തിലെ കുടുംബദർശനം: കുടുംബസൗഭാഗ്യത്തിന് സാമ്പത്തിക സാക്ഷരത

**28** തിരിവെട്ടം: ദൈവത്തിന്റെ സമയം

**50** പുറംവാതിൽ: പൊരുതാതെ കരുതുക

കുടുംബജ്യോതി
ചങ്ങനാശേരി അതിരൂപതാ
കുടുംബ പ്രസിദ്ധീകരണം
പുസ്തകം 44 ലക്കം 08



ജോസ് ആൻഡ്രൂസ്

പൂമുഖം Poomugham

# സ്വാതന്ത്ര്യത്തെ മായ്ക്കരുത് വിഭജനരേഖകളാൽ

80-ാം സ്വാതന്ത്ര്യദിനമെത്തുന്നു. അത്രയും പഴക്കമുള്ള ഒരു കഥയുണ്ട് കൊൽക്കത്തയിൽ—മഹാത്മാഗാന്ധിയെ കല്ലിനും കുപ്പിക്കുമെറിഞ്ഞ കഥ. ഇത് വായിച്ചശേഷം ദേശീയപതാക ഉയർത്തണമോയെന്ന് തീരുമാനിക്കാം.

ആർക്കറിയാം, ഇനി ഇത്തരം ചരിത്രങ്ങൾ കേൾക്കാൻ ആളുണ്ടാകുമോയെന്ന്. പക്ഷേ, ഈ കഥകളിൽനിന്ന് ഇറ്റുവീഴുന്ന ചോരയുടെയും നഷ്ടസ്വപ്നങ്ങളുടെയും വിലയാണ് അടുത്ത ദിവസം നാം ഉയർത്താനിരിക്കുന്ന വിലമതിക്കാനാവാത്ത ദേശീയപതാക. സ്വാതന്ത്ര്യദിനത്തിന് രണ്ടു ദിവസം മുമ്പ് നടന്ന ഒരു സംഭവം—അതും ദുഃഖകരമായ ഒന്ന്—എന്തിനാണ് ഇപ്പോൾ പറയുന്നത്? ഒന്നാമത്, നാം അനുഭവിച്ചുകൊണ്ടിരിക്കുന്ന ഈ സ്വാതന്ത്ര്യം സൗജന്യമായി ലഭിച്ചതല്ലെന്ന് ഓർക്കാനും ഓർമ്മിപ്പിക്കാനും. മറ്റു രണ്ട് കാരണങ്ങൾ കഥയുടെ അവസാനം പറയാം.

ലാറി കോളിൻസും ഡൊമിനിക് ലാപിയറും ചേർന്നെഴുതിയ *സ്വാതന്ത്ര്യം അർധരാത്രിയിൽ* എന്ന പുസ്തകമാണ് അവലംബം. രാജ്യം കാത്തിരുന്ന സ്വാതന്ത്ര്യദിനത്തിന് രണ്ടു ദിവസം മുമ്പ്, അതായത് 1947 ആഗസ്റ്റ് 13-ന് ഉച്ചകഴിഞ്ഞ് മൂന്നുമണിയോടെ, പൊട്ടിപ്പൊളിഞ്ഞ ഒരു ഷെവർലെ കാർ കൊൽക്കത്തയിലെ ബലിയഘട്ട് റോഡിലൂടെ പതിയെ നീങ്ങുന്നു. വർഗീയ കലാപത്തിൽ വെന്തുനീറിയ നഗരത്തിലെ ചേരികൾ പിന്നിട്ട് ഹൈദരി ഹൗസിന്റെ മുറ്റത്തെത്തിയപ്പോൾ മനസ്സും ശരീരവും ഒരുപോലെ ക്ഷീണിച്ച ഒരു മനുഷ്യൻ പുറത്തിറങ്ങി—ഗാന്ധിജി.

ആ ദിവസങ്ങളിൽ ഹിന്ദു-മുസ്ലിം കലാപത്തിന്റെ രൂക്ഷത കെട്ടടങ്ങിയിരുന്നില്ല. പരസ്പരം കൊന്നും മാനഭംഗപ്പെടുത്തിയും സ്വന്തം മതവികാരം പ്രകടിപ്പിക്കുകയായിരുന്നു ആൾക്കൂട്ടങ്ങൾ. ഗാന്ധിജി ഹിന്ദുക്കൾ അധിവസിച്ചിരുന്ന ആ പ്രദേശത്ത് കാറിൽനിന്നിറങ്ങിയപ്പോൾ അവിടെ ഒരു വലിയ ജനക്കൂട്ടം കാത്തുനില്പുണ്ടായിരുന്നു.

“ഹിന്ദുക്കളുടെ വഞ്ചകൻ! മുസ്ലിംകളെയല്ല, പോയി നവഖാലിയിലെ ഹിന്ദുക്കളെ രക്ഷിക്കൂ...” അവർ ആ പഴഞ്ചൻ കാറിനുനേരെ കല്ലുകളും കുപ്പികളും വലിച്ചെറിഞ്ഞു. ബ്രിട്ടീഷുകാർക്കെതിരെ എല്ലാ മതങ്ങളിലുംപെട്ടവരെ ഒന്നിച്ചണിനിരത്തി മുപ്പതു വർഷം പോരാടിയ മഹാത്മാഗാന്ധി, ആദ്യമായി തന്നെ ശപിക്കുന്നവരെ കണ്ടു. കല്ലെറിഞ്ഞവരുടെ അടുത്തേക്ക് അദ്ദേഹം നടന്നു.

“നിങ്ങളെന്നെ ദ്രോഹിക്കാനാഗ്രഹിക്കുന്നു. അതുകൊണ്ട് ഞാൻ നിങ്ങളുടെ അടുത്തേക്ക് വരുന്നു. എതിർക്കണമെങ്കിൽ എതിർത്തുകൊള്ളൂ. എനിക്കിനി ഏറെ ദൂരമൊന്നും പോകാനില്ല...” അദ്ദേഹം കുറച്ചുസമയം അവരെ ശാന്തരാക്കാൻ ശ്രമിച്ചു. ആളുകൾ അല്പം ശാന്തമായപ്പോൾ അവരുടെ പ്രതിനിധികളുമായി കൂടുതൽ സംസാരിക്കാമെന്ന് വാഗ്ദാനം ചെയ്ത് അദ്ദേഹം ഹൈദരി ഹൗസിലേക്കു പോയി.





പക്ഷേ, ക്ഷണികമായ ആ ശാന്തത അണഞ്ഞു. അവർ ഗാന്ധിജി ഇരുന്ന കെട്ടിടം വളഞ്ഞ് കല്ലേറുതുടങ്ങി. ജനാലച്ചില്ലുകൾ പൊട്ടി; അദ്ദേഹമിരുന്ന മുറിയിലേക്കും കല്ലുകൾ പതിച്ചു. പക്ഷേ, ഗാന്ധിജി ശാന്തനായി അവിടെത്തന്നെ ഇരുന്നു. ആളുകൾ പുറത്തുനിന്ന് കൂക്കിവിളിച്ചു. ഗാന്ധിജി പ്രാർഥനയിലും ഉപവാസത്തിലും മുഴുകി. പതിയെ അദ്ദേഹത്തിന്റെ സാന്നിധ്യം കലാപകാരികളിൽ വലിയ സ്വാധീനം ചെലുത്തി. സ്വാതന്ത്ര്യദിനമായ ആഗസ്റ്റ് 15-ഓടെ കൊൽക്കത്തയിൽ വർഷങ്ങളായി നീണ്ടുനിന്ന രക്തച്ചൊരിച്ചിലുകൾ അവസാനിക്കുകയും ചെയ്തു. ചരിത്രകാരന്മാർ ഇതിനെ **"മഹത്തായ കൊൽക്കത്ത അദ്ഭുതം"** എന്നാണ് വിശേഷിപ്പിക്കുന്നത്.

ചോരയുടെയും വിയർപ്പിന്റെയും ഗന്ധമുള്ള ഇത്തരം ആയിരക്കണക്കിന് സംഭവങ്ങളാലാണ് ഇന്ത്യൻ സ്വാതന്ത്ര്യസമരം നെയ്തെടുക്കപ്പെട്ടത്. *ഡിക്ഷണറി ഓഫ് മാർട്ടേഴ്സ്* പ്രകാരം, 1857-ലെ ഒന്നാം സ്വാതന്ത്ര്യസമരം മുതൽ 1947-ൽ സ്വാതന്ത്ര്യം ലഭിക്കുന്നതുവരെ ബ്രിട്ടീഷ് അതിക്രമങ്ങളിൽ രക്തസാക്ഷികളായ പതിനായിരക്കണക്കിന് സ്വാതന്ത്ര്യസമരസേനാനികളുണ്ട്. ഇന്ത്യ-പാക് വിഭജനകാലത്ത് കൊല്ലപ്പെട്ടവരുടെ കൃത്യമായ കണക്കില്ല. പത്തു ലക്ഷം പേരെങ്കിലും കൊല്ലപ്പെടുകയും ഒന്നരക്കോടിയോളം പേർ പലായനം ചെയ്യുകയും ചെയ്തുവെന്നാണ് പൊതുവെ കണക്കാക്കപ്പെടുന്നത്. അതിർത്തി കടന്ന് ഇരുവശത്തേക്കും എത്തിയ തീവണ്ടികളിൽ നിറയെ ശവങ്ങളായിരുന്നു. പട്ടിണിയിലും ക്ഷാമത്തിലും മരിച്ചവർ വേറെ.

വിദ്യാഭ്യാസവും തൊഴിലുമുപേക്ഷിച്ച് സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്തവർ ഏറെയായിരുന്നു. അവരിലേറെയും സ്വാതന്ത്ര്യത്തിന്റെ ഫലം അനുഭവിക്കാൻ ജീവിച്ചിരുന്നില്ല. പക്ഷേ, ജീവൻ കൊടുത്തു നേടിയ ഈ സ്വാതന്ത്ര്യം അവർ നമുക്ക് സമ്മാനിച്ചു. അവർ വിലകൊടുത്തു നേടിയതാണ് നമുക്ക് സൗജന്യമായി ലഭിച്ചത്.

ഈ സംഭവം പറഞ്ഞതിന്റെ മറ്റു രണ്ട് കാരണങ്ങൾ അവസാനം പറയാമെന്ന് ഓർമ്മിപ്പിച്ചിരുന്നു. ഒന്നാമത്, സ്വാതന്ത്ര്യസമരസേനാനികളുടെ തൊണ്ണൂറോളം വർഷത്തെ അധ്വാനത്തിന്റെയും ത്യാഗത്തിന്റെയും വിലയായ സ്വാതന്ത്ര്യം വിദ്വേഷവും കലാപങ്ങളുംകൊണ്ട് മങ്ങിപ്പോകാമെന്നത് ചരിത്രം നമ്മെ പഠിപ്പിക്കുന്നു. അതിനാൽ, അത് ഇനിയും ആവർത്തിക്കാതിരിക്കാൻ നാം ജാഗ്രത പാലിക്കണം.

"മനസ്സിൽ ഇതരമതസ്ഥരോടുൾപ്പെടെ ആരോടെങ്കിലും പകയുണ്ടെങ്കിൽ, ഒരു വിഭജനരേഖ കാണുന്നുണ്ടെങ്കിൽ ദേശീയപതാക താഴെവയ്ക്കുക. ജാതിമതഭേദമില്ലാതെ ലക്ഷക്കണക്കിന് മനുഷ്യർ തങ്ങളുടെ ജീവനും ജീവിതവും നൽകി നേടിയ സ്വാതന്ത്ര്യത്തിന്റെ അടയാളമാണത്. ആ യോഗ്യതയില്ലാതെ അതിനെ തൊടരുത്. സ്വാതന്ത്ര്യത്തെ മായ്ക്കരുത്; വിഭജനരേഖകളാൽ.

രണ്ടാമത്, ഇതെല്ലാം പഠിപ്പിക്കുന്ന ചരിത്രം പാഠപുസ്തകങ്ങളിൽനിന്ന് അപ്രത്യക്ഷമാകുകയാണ്. വിഖ്യാതമായ ചരിത്രഗ്രന്ഥങ്ങൾ വായനക്കാരില്ലാതെ ദയാവധം കാത്തുകിടക്കുന്നു. അവയിലൊന്നിൽനിന്നാണ് ഈ കഥ പറഞ്ഞത്.


80-ാം സ്വാതന്ത്ര്യദിനത്തിന് ഇനി ദിവസങ്ങളേയുള്ളൂ. പക്ഷേ, അതിന്റെ സ്മരണകളിൽ വിഭജനത്തിന്റെ വാളുകൾ കൂട്ടിമുട്ടുന്ന ശബ്ദമുണ്ട്. വർഗീയത ഇന്നും കല്ലും കുപ്പിച്ചില്ലുമായി പുറത്തുണ്ട്. മനസ്സിൽ ഇതരമതസ്ഥരോടുൾപ്പെടെ ആരോടെങ്കിലും പകയുണ്ടെങ്കിൽ, ഒരു വിഭജനരേഖ കാണുന്നുണ്ടെങ്കിൽ, ദേശീയപതാക താഴെവയ്ക്കുക. ജാതിമതഭേദമില്ലാതെ ലക്ഷക്കണക്കിന് മനുഷ്യർ തങ്ങളുടെ ജീവനും ജീവിതവും നൽകി നേടിയ സ്വാതന്ത്ര്യത്തിന്റെ അടയാളമാണത്. ആ യോഗ്യതയില്ലാതെ അതിനെ തൊടരുത്. സ്വാതന്ത്ര്യത്തെ മായ്ക്കരുത്; വിഭജനരേഖകളാൽ.

അപ്പോൾ, വിദ്വേഷത്തിന്റെ കാലങ്ങളിൽ സമാധാനം വീണ്ടെടുക്കാൻ കഴിയുമെന്നാണോ? ഡൊമിനിക് ലാപിയറും ലാറി കോളിൻസും ആ അധ്യായം അവസാനിപ്പിക്കുന്നത് ഇങ്ങനെയാണ്. *(സ്വതന്ത്ര പരിഭാഷ)*

ആഗസ്റ്റ് 14-ന് അർധരാത്രിയിൽ രാജ്യം സ്വാതന്ത്ര്യം ആഘോഷിക്കുമ്പോൾ, അതിൽനിന്നെല്ലാം മാറിനിന്ന്, പൊട്ടിയ ചില്ലുകളുള്ള ഹൈദരി ഹൗസിലെ വൈക്കോൽക്കിടക്കയിൽ ഗാന്ധിജി ശാന്തമായി ഉറങ്ങുകയായിരുന്നു. പുറത്ത്, തലേദിവസം തമ്മിലടിച്ചിരുന്ന ഹിന്ദു-മുസ്ലിം സഹോദരന്മാർ ഗാന്ധിജിക്ക് ഒരു പോറലുമേൽക്കാതിരിക്കാൻ ഹൈദരി ഹൗസിന് കാവൽ നിൽക്കുകയായിരുന്നു. തലേന്നത്തെ കല്ലുകളും കുപ്പികളും അവരുടെ കൈകളിൽ ഉണ്ടായിരുന്നില്ല.

ഇനിയും ചോദിക്കുകയാണോ, സമാധാനം സാധ്യമാണോയെന്ന്? സഹിഷ്ണുതയും സ്നേഹവുമുണ്ടെങ്കിൽ രാജ്യത്ത്, നാട്ടിൽ, ഇടവകയിൽ, വീട്ടിൽ... സമാധാനം സാധ്യമാണ്.

○



# ഓണത്തിന്റെ കഥ: ഐതിഹ്യവും ചരിത്രവും

> ആദ്യകാലങ്ങളിൽ ഓണം പ്രധാനമായും ക്ഷേത്രകേന്ദ്രീകൃതമായ ഒരു ആചാരമായിരുന്നു. 'വാമനജയന്തി' എന്ന പേരിലാണ് അത് കൂടുതലായി അറിയപ്പെട്ടിരുന്നത്.

ഓണം എന്നാൽ കുടുംബസംഗമം, ഓണസദ്യ, പൂക്കളം, പുതിയ വസ്ത്രം, വള്ളംകളി, പുലിക്കളി... മലയാളികളുടെ ഏറ്റവും വലിയ ആഘോഷമായ ഓണത്തെക്കുറിച്ച് പറയുമ്പോൾ ആദ്യം ഓർമ്മവരുന്നത് മാവേലിത്തമ്പുരാന്റെ കഥയും പൂക്കളവും സദ്യയുമാണ്. എന്നാൽ, ഈ ഉത്സവത്തിന് എത്ര പഴക്കമുണ്ട്? ചരിത്രരേഖകളിൽ ഓണത്തെക്കുറിച്ച് എന്താണ് പറയുന്നത്? എങ്ങനെയാണ് ഇത് ഇന്ന് കാണുന്ന രൂപത്തിലേക്ക് വളർന്നത്? ഈ ചോദ്യങ്ങൾക്കുള്ള ഉത്തരം തേടി ചരിത്രത്തിലേക്ക് ഒരു യാത്ര പോകാം.

### ഐതിഹ്യങ്ങൾ പലതുണ്ട്

ഓണവുമായി ഏറ്റവും കൂടുതൽ ബന്ധപ്പെട്ടുകേൾക്കുന്ന കഥ മഹാബലിയുടേതാണ്. എല്ലാവരും തുല്യരായും സന്തോഷത്തോടെയും ജീവിച്ചിരുന്ന ഒരു രാജ്യത്തിന്റെ രാജാവായിരുന്നു മഹാബലി. നീതിയോടെ ഭരിച്ചിരുന്ന അസുരരാജാവായ മഹാബലിയുടെ പ്രശസ്തി വർധിച്ചതോടെ വിഷ്ണു വാമനാവതാരമായി വന്ന് മൂന്ന് അടി ഭൂമി ചോദിച്ചു. രണ്ടടികൊണ്ട് ഭൂമിയും സ്വർഗവും അളന്ന വാമനന് മൂന്നാമത്തെ അടിക്കായി മഹാബലി സ്വന്തം തല കാട്ടിക്കൊടുത്തു. ഈ ഔദാര്യത്തിൽ



സംപ്രീതനായ വിഷ്ണു, വർഷത്തിലൊരിക്കൽ തന്റെ പ്രജകളെ സന്ദർശിക്കാൻ മഹാബലിക്ക് അനുവാദം നൽകി. ആ സന്ദർശനത്തിന്റെ ഓർമ്മയാണ് ഓണം എന്ന വിശ്വാസം ഇന്നും കേരളത്തിൽ പ്രചാരത്തിലുണ്ട്.

എന്നാൽ, ഓണത്തിന്റെ ഐതിഹ്യങ്ങൾ ഇതൊന്നു മാത്രമല്ല എന്നതാണ് കൗതുകകരം. തമിഴ് സാഹിത്യത്തിലെ *നാലായിര ദിവ്യപ്രബന്ധം* എന്ന കൃതിയിൽ, "ആവണി" മാസത്തിൽ (ചിങ്ങമാസത്തിന് സമാനം) തമിഴകത്ത് ആഘോഷിച്ചിരുന്ന ഒരു വിളവെടുപ്പുത്സവത്തെക്കുറിച്ച് പരാമർശമുണ്ട്. "മായോൻ" എന്ന ദേവനെ ആരാധിച്ചുകൊണ്ടായിരുന്നു ഈ ആഘോഷം. വെങ്കടം മലകളിൽ "നെടിയോൻ" എന്ന മറ്റൊരു ദേവനെ ആരാധിച്ചുകൊണ്ടും ഓണം ആഘോഷിച്ചിരുന്നതായി ഇതേ കൃതിയിൽ പറയുന്നു. "നെടിയോൻ" വിഷ്ണുവിന്റെ മറ്റൊരു നാമമാണ്; വിഷ്ണുവിന്റെ അവതാരങ്ങളിലൊന്നാണല്ലോ വാമനൻ.

വേറൊരു ഐതിഹ്യവും പ്രചാരത്തിലുണ്ട്. പരശുരാമൻ തന്റെ മഴു കടലിലേക്ക് എറിഞ്ഞ് കേരളഭൂമി വീണ്ടെടുത്ത ദിവസമാണ് ഓണം എന്ന് ചിലർ വിശ്വസിക്കുന്നു. എന്നാൽ രസകരമായ ഒരു കാര്യം, പുരാണക്രമമനുസരിച്ച് വാമനൻ മഹാബലിയെ പാതാളത്തിലേക്ക് ചവിട്ടിത്താഴ്ത്തിയ കഥ പരശുരാമന്റെ കഥയ്ക്കുമുമ്പാണ് സംഭവിക്കുന്നത്. ഇത്തരം ഐതിഹ്യങ്ങൾ പരസ്പരം പൂർണ്ണമായും യോജിക്കണമെന്നില്ലെന്നും, ഐതിഹ്യങ്ങൾ ചരിത്രമല്ല, മറിച്ച് ജനകീയ കഥകളാണെന്നും ഓർക്കുന്നത് നല്ലതാണ്.

## സംഘകാലത്തെ ഓണം: ബി.സി. രണ്ടാം നൂറ്റാണ്ട്

ഓണത്തെക്കുറിച്ചുള്ള ഏറ്റവും പഴക്കമുള്ള സൂചനകൾ കാണുന്നത് സംഘകാല തമിഴ് സാഹിത്യത്തിലാണ്. ചരിത്രകാരനായ എ.കെ. കുറുപ്പിന്റെ *The Sociology of Onam* എന്ന ഗ്രന്ഥമനുസരിച്ച്, ദക്ഷിണേന്ത്യൻ സാഹിത്യത്തിൽ ഓണത്തെക്കുറിച്ചുള്ള ഏറ്റവും പഴയ പരാമർശം ബി.സി. രണ്ടാം നൂറ്റാണ്ടിലെ *മധുരൈക്കാഞ്ചി* എന്ന തമിഴ് കൃതിയിലാണ്. പാണ്ഡ്യരാജാവായ നെടുഞ്ചേഴിയന്റെ ഭരണകാലത്ത് മധുരയിൽ ഓണം ആഘോഷിച്ചിരുന്നതായി ഈ കൃതി രേഖപ്പെടുത്തുന്നു.



> മഹാബലിയുടെ രാജ്യം കൃത്യമായി എവിടെയായിരുന്നു എന്നത് ഇന്നും കൗതുകമുണർത്തുന്ന ഒരു ചോദ്യമാണ്. ചിലരുടെ അഭിപ്രായത്തിൽ തൃക്കാക്കരയായിരുന്നു അദ്ദേഹത്തിന്റെ തലസ്ഥാനം. എന്നാൽ, മഹാബലിക്ക് കേരളവുമായി നേരിട്ട് ബന്ധമുണ്ടായിരുന്നുവെന്ന് സ്ഥിരീകരിക്കുന്ന വ്യക്തമായ ചരിത്രരേഖകൾ ലഭ്യമല്ല എന്നതും ശ്രദ്ധിക്കേണ്ടതാണ്.

കൂടാതെ, പുരാതന ശിലാശാസനങ്ങളിലും ഓണത്തെക്കുറിച്ച് നിരവധി പരാമർശങ്ങളുണ്ട്. ഓണത്തിന്റെ വിശിഷ്ടദിനത്തിൽ ക്ഷേത്രങ്ങളിലേക്ക് കാഴ്ചദ്രവ്യങ്ങൾ സമർപ്പിച്ചിരുന്നതിന്റെ രേഖകളാണിവ. യൂറോപ്യൻ മിഷനറിമാരുടെ യാത്രാവിവരണങ്ങളിലും ഓണത്തെക്കുറിച്ച് പരാമർശമുണ്ട്. പൗളിനോസ് ഓഫ് സെന്റ് ബർത്തലോമിയോയുടെ *A Voyage to the East Indies* ഇതിന് ഒരു ഉദാഹരണമാണ്.

## "വാമനജയന്തി" ആയിരുന്ന കാലം

ആറാം നൂറ്റാണ്ടുമുതൽ എട്ടാം നൂറ്റാണ്ടുവരെ ദക്ഷിണേന്ത്യ ഭരിച്ചിരുന്ന പല്ലവ രാജവംശത്തിന്റെ കാലത്ത്, തിരുപ്പതിമുതൽ കന്യാകുമാരിവരെ വ്യാപിച്ചുകിടന്ന വിശാലമായ

"
ഒൻപതാം നൂറ്റാണ്ടോടെ കൊച്ചിക്കടുത്തുള്ള തൃക്കാക്കര ക്ഷേത്രം ഓണാഘോഷങ്ങളുടെ പ്രധാന കേന്ദ്രമായി ഉയർന്നുവന്നു. കേരളത്തിലെ ഏക വാമനക്ഷേത്രം ഇതാണെന്നത് ശ്രദ്ധേയമാണ്. രാജഭരണകാലത്ത് ഈ ക്ഷേത്രമായിരുന്നു ഓണാഘോഷങ്ങളുടെ ഹൃദയകേന്ദ്രം. ഓണത്തിന് തുടക്കം കുറിക്കുന്ന അത്തച്ചമയ ഘോഷയാത്രയും ഈ ക്ഷേത്രവുമായി അടുത്ത ബന്ധം പുലർത്തുന്ന പാരമ്പര്യമാണ്.



പ്രദേശത്ത് ഈ ഉത്സവം ആഘോഷിക്കപ്പെട്ടിരുന്നു. തിരുവല്ലയിൽനിന്ന് ലഭിച്ച എ.ഡി. 861-ലെ ചെമ്പു പട്ടയങ്ങളിൽ (Copper Plates) ഓണം അഥവാ "വാമനജയന്തി" എന്ന പേരിൽ നടത്തിയിരുന്ന ചടങ്ങുകളെക്കുറിച്ചും ബ്രാഹ്മണർക്കായി ക്ഷേത്രങ്ങളിൽ നടത്തിയിരുന്ന സദ്യകളെക്കുറിച്ചും രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിൽനിന്ന് മനസ്സിലാകുന്നത്, ആദ്യകാലങ്ങളിൽ ഓണം പ്രധാനമായും ക്ഷേത്രകേന്ദ്രീകൃതമായ ഒരു ആചാരമായിരുന്നുവെന്നും "വാമനജയന്തി" എന്ന പേരിലാണ് അത് കൂടുതലായി അറിയപ്പെട്ടിരുന്നതെന്നും ആണ്.

ഒൻപതാം നൂറ്റാണ്ടോടെ കൊച്ചിക്കടുത്തുള്ള തൃക്കാക്കര ക്ഷേത്രം ഓണാഘോഷങ്ങളുടെ പ്രധാന കേന്ദ്രമായി ഉയർന്നുവന്നു. കേരളത്തിലെ ഏക വാമനക്ഷേത്രം ഇതാണെന്നത് ശ്രദ്ധേയമാണ്. രാജഭരണകാലത്ത് ഈ ക്ഷേത്രമായിരുന്നു ഓണാഘോഷങ്ങളുടെ ഹൃദയകേന്ദ്രം. ഓണത്തിന് തുടക്കം കുറിക്കുന്ന അത്തച്ചമയ ഘോഷയാത്രയും ഈ ക്ഷേത്രവുമായി അടുത്ത ബന്ധം പുലർത്തുന്ന പാരമ്പര്യമാണ്.

## മഹാബലിയുടെ രാജ്യം എവിടെയായിരുന്നു?

മഹാബലിയുടെ രാജ്യം കൃത്യമായി എവിടെയായിരുന്നു എന്നത് ഇന്നും കൗതുകമുണർത്തുന്ന ഒരു ചോദ്യമാണ്. ചിലരുടെ അഭിപ്രായത്തിൽ തൃക്കാക്കരയായിരുന്നു അദ്ദേഹത്തിന്റെ തലസ്ഥാനം. എന്നാൽ, മഹാബലിക്ക് കേരളവുമായി നേരിട്ട് ബന്ധമുണ്ടായിരുന്നുവെന്ന് സ്ഥിരീകരിക്കുന്ന വ്യക്തമായ ചരിത്രരേഖകൾ ലഭ്യമല്ല എന്നതും ശ്രദ്ധേയമാണ്. അദ്ദേഹം തുളുനാട്ടിൽ (ഇന്നത്തെ കർണാടകത്തിന്റെ തീരപ്രദേശം) നിന്നുള്ള ആളായിരുന്നുവെന്ന് പറയുന്ന ഐതിഹ്യങ്ങളും ഒരുപോലെ പ്രചാരത്തിലുണ്ട്.

മഹാബലിയുടെ തലസ്ഥാനമായി കരുതപ്പെടുന്ന മറ്റു സ്ഥലങ്ങളും ചൂണ്ടിക്കാണിക്കപ്പെടുന്നു. തമിഴ്നാട്ടിലെ മഹാബലിപുരം, ഉത്തർപ്രദേശിലെ ബല്യ, മഹാരാഷ്ട്രയിലെ മഹാബലേശ്വർ, ഗുജറാത്തിലെ ഭറൂച്ച് എന്നിവ അവയിൽപ്പെടുന്നു. 'ബലി' എന്ന പേരുമായി ബന്ധപ്പെട്ട ഈ ആരാധന ഡെക്കാൺ പ്രദേശത്തുനിന്ന് കാലക്രമേണ കേരളത്തിലേക്ക് വ്യാപിക്കുകയും പ്രാദേശിക ഐതിഹ്യങ്ങളുമായി ഇഴചേരുകയും ചെയ്തുവെന്നാണ്

ചില ചരിത്രകാരന്മാരുടെ അഭിപ്രായം. മഹാരാഷ്ട്രയിലെ “ബലിരാജ്യം” എന്ന നാടോടിപാരമ്പര്യം ഇതിന് ഉദാഹരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നു. ഇതെല്ലാം സൂചിപ്പിക്കുന്നത് മഹാബലി എന്ന സങ്കല്പം കേരളത്തിന്റെ മാത്രം പൈതൃകമല്ലെന്നും, വിശാലമായ ഒരു ദക്ഷിണേന്ത്യൻ സാംസ്കാരിക പാരമ്പര്യത്തിന്റെ ഭാഗമാണെന്നും ആണ്.

## കർഷകരും മാറുന്ന കഥയും

മധ്യകാലഘട്ടത്തിൽ ‘ഉത്രാടം’ എന്ന ദിവസവുമായി ബന്ധപ്പെട്ട ചില ആചാരങ്ങൾ കർഷകരെയും ഭൂവുടമകളെയും തമ്മിൽ ബന്ധിപ്പിച്ചിരുന്നു. വിളവിന്റെ ഒരു ഭാഗവും സമ്മാനങ്ങളും കർഷകർ ഭൂവുടമകൾക്ക് നൽകുന്ന പതിവായിരുന്നു അത്. പതിനാലാം നൂറ്റാണ്ടോടെ ജനങ്ങളുടെ ഓർമ്മയിൽ ബ്രാഹ്മണബാലനായ വാമനനെക്കാൾ നീതിമാനായ അസുരരാജാവായ മഹാബലിക്കാണ് കൂടുതൽ പ്രാധാന്യം ലഭിച്ചു തുടങ്ങിയതെന്ന് ചരിത്രകാരന്മാർ നിരീക്ഷിക്കുന്നു. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, കഥയുടെ കേന്ദ്രബിന്ദു ക്രമേണ വാമനനിൽനിന്ന് മഹാബലിയിലേക്ക് മാറി.



> പ്രശസ്ത ചരിത്രകാരനായ എം.ജി.എസ്. നാരായണൻ ഒൻപതാം നൂറ്റാണ്ടുമുതൽ കേരളത്തിൽ വാമനാരാധന നിലനിന്നിരുന്നുവെന്ന് അംഗീകരിക്കുന്നുണ്ടെങ്കിലും, ‘മഹാബലി കേരളം ഭരിച്ചിരുന്നു’ എന്ന ധാരണ പിൽക്കാലത്ത് രൂപപ്പെട്ട ഒരു നാടോടിക്കഥയാണെന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം.

പ്രശസ്ത ചരിത്രകാരനായ എം.ജി.എസ്. നാരായണൻ ഒൻപതാം നൂറ്റാണ്ടുമുതൽ കേരളത്തിൽ വാമനാരാധന നിലനിന്നിരുന്നുവെന്ന് അംഗീകരിക്കുന്നുണ്ടെങ്കിലും, ‘മഹാബലി കേരളം ഭരിച്ചിരുന്നു’ എന്ന ധാരണ പിൽക്കാലത്ത് രൂപപ്പെട്ട ഒരു നാടോടിക്കഥയാണെന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം. ഒൻപതാം നൂറ്റാണ്ടിനുശേഷം ദക്ഷിണേന്ത്യയിലാകെ വ്യാപിച്ച വൈഷ്ണവ ഭക്തിപ്രസ്ഥാനത്തിന്റെ ഭാഗമായാണ് വാമനാരാധനയും ഓണാഘോഷവും ശക്തിപ്പെട്ടതെന്നും അദ്ദേഹം വിലയിരുത്തുന്നു.

## ഉത്ഭവത്തെക്കുറിച്ചുള്ള വ്യത്യസ്ത വീക്ഷണങ്ങൾ

ഓണത്തിന്റെ യഥാർഥ ഉത്ഭവത്തെക്കുറിച്ച് ചരിത്രകാരന്മാർക്കിടയിൽ ഇന്നും ഏകാഭിപ്രായമില്ല.

- ചില ചരിത്രകാരന്മാർ ഓണത്തെ കേരളത്തിന് പുറത്തുനിന്നുള്ള സാംസ്കാരിക സ്വാധീനങ്ങളുടെ ഫലമായി കാണുന്നു. പശ്ചിമേഷ്യൻ (അസീറിയൻ) ആചാരങ്ങളുമായി സാമ്യമുള്ള ചില ചടങ്ങുകൾ ഓണത്തിലുണ്ടെന്ന് അവർ ചൂണ്ടിക്കാട്ടുന്നു.
- മറ്റുചിലർ ഇതിനെ കാർഷിക സംസ്കാരവുമായി ബന്ധിപ്പിക്കുന്നു. മഴക്കാലം കഴിഞ്ഞുള്ള വിളവെടുപ്പിന്റെ സന്തോഷം പങ്കുവയ്ക്കുന്ന ഒരു കാർഷികോത്സവമായാണ് അവർ ഓണത്തെ വ്യാഖ്യാനിക്കുന്നത്.
- മറ്റൊരു ശ്രദ്ധേയമായ നിരീക്ഷണം ബുദ്ധമതവുമായി ബന്ധപ്പെട്ടതാണ്. ഓണക്കോടിയുടെ മഞ്ഞ നിറം, ധർമ്മചക്രത്തെ അനുസ്മരിപ്പിക്കുന്ന പൂക്കളത്തിന്റെയും ഓണത്തപ്പന്റെയും ചക്രാകൃതി, ശ്രീലങ്കയിലെ ബുദ്ധമത പുതുവർഷത്തോടുള്ള കാലസാമീപ്യം എന്നിവ ചൂണ്ടിക്കാട്ടി ചരിത്രകാരി മാളവിക ബിന്നിയെപ്പോലുള്ളവർ, ഓണത്തിന് ബ്രാഹ്മണപൂർവമോ ബുദ്ധമതപരമോ ആയ ഒരു പശ്ചാത്തലം ഉണ്ടായിരിക്കാമെന്നും, പിന്നീടത് ബ്രാഹ്മണ പാരമ്പര്യത്തിലേക്ക് ഉൾച്ചേർക്കപ്പെട്ടതാകാമെന്നും അഭിപ്രായപ്പെടുന്നു.
- എം.ജി.എസ്. നാരായണനെപ്പോലുള്ള ചരിത്രകാരന്മാർ ഓണത്തെ കേരളത്തിൽ വളർന്നുവന്ന വൈഷ്ണവ ഭക്തിപ്രസ്ഥാനത്തിന്റെ ഭാഗമായി കാണുന്നു.

ഈ വ്യത്യസ്ത വീക്ഷണങ്ങൾ വ്യക്തമാക്കുന്നത്, ഓണത്തിന്റെ ചരിത്രം ഒറ്റവരിയിൽ വിശദീകരിക്കാനാവുന്ന ഒന്നല്ല എന്നതാണ്. നൂറ്റാണ്ടുകളിലൂടെ വിവിധ സാംസ്കാരിക, മത, സാമൂഹിക സ്വാധീനങ്ങൾ ഇഴചേർന്നാണ് ഇന്ന് നാം കാണുന്ന ഓണം രൂപപ്പെട്ടത്.

## നാട്ടുരാജ്യങ്ങളിലെ അത്തച്ചമയവും ഘോഷയാത്രകളും

മധ്യകാലഘട്ടത്തിലും ആധുനികകാലത്തിന്റെ ആദ്യഘട്ടത്തിലും കൊച്ചി, കോഴിക്കോട് തുടങ്ങിയ നാട്ടുരാജ്യങ്ങളിൽ ഓണം രാജകൊട്ടാരങ്ങളുമായി അടുത്ത ബന്ധം പുലർത്തിയിരുന്നു. ‘അത്തച്ചമയം’

എന്ന പേരിൽ അറിയപ്പെട്ടിരുന്ന രാജകീയ ഘോഷയാത്രകൾ ഓണത്തോടനുബന്ധിച്ച് സംഘടിപ്പിക്കപ്പെട്ടിരുന്നു. രാജാവും പരിവാരങ്ങളും അണിനിരന്ന ഈ എഴുന്നള്ളത്ത് ജനങ്ങൾക്ക് വലിയ ആഘോഷവും ദൃശ്യവിരുന്നുമായിരുന്നു.

## ആധുനിക കാലം: ഓണം ഒരു സംസ്ഥാന ഉത്സവമായി മാറുന്നു

ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം ലഭിച്ചതിനുശേഷം നാട്ടുരാജ്യങ്ങൾ ഇല്ലാതായതോടെ അത്തച്ചമയം പോലുള്ള രാജകീയ ഘോഷയാത്രകൾ ക്രമേണ നിലച്ചു. ഈ പശ്ചാത്തലത്തിലാണ് 1961-ൽ കേരള സർക്കാർ ഓണത്തെ ഔദ്യോഗികമായി സംസ്ഥാനോത്സവമായി പ്രഖ്യാപിച്ചത്. അതോടെ ജാതി-മതഭേദമെന്യേ എല്ലാ കേരളീയരും ഒരുമിച്ചാഘോഷിക്കുന്ന ഒരു പൊതു ആഘോഷമായി ഓണം വളർന്നു. എന്നിരുന്നാലും, വേഷവിധാനങ്ങളിലും സദ്യയിലെ ചില വിഭവങ്ങളിലും പഴയ ക്ഷേത്രപാരമ്പര്യങ്ങളുടെ സ്വാധീനം ഇന്നും കാണാമെന്ന് ചരിത്രകാരന്മാർ ചൂണ്ടിക്കാട്ടുന്നു. മഹാബലി എല്ലാവരും പങ്കിടുന്ന പൊതുപ്രതീകമായി മാറിയപ്പോൾ, വാമനൻ പ്രധാനമായും ക്ഷേത്രാനുഷ്ഠാനങ്ങളുടെ ഭാഗമായിത്തന്നെ തുടർന്നു.

ഒറ്റനോട്ടത്തിൽ ഒരു സമൃദ്ധമായ സദ്യ മാത്രമായി തോന്നാമെങ്കിലും, യഥാർഥത്തിൽ കേരളത്തിന്റെ സംസ്കാരവും ചരിത്രവും സാമൂഹികബോധവും ഒരു വാഴയിലയിൽ അനുഭവിപ്പിക്കുന്ന സാംസ്കാരിക പ്രതീകമാണ് അത്.

## "മലയാളി ഓണം": ഒരു ആധുനിക പരിണാമം

ഒരുകാലത്ത് ദക്ഷിണേന്ത്യയിലെ വിശാലമായ ഭൂപ്രദേശങ്ങളിലാകെ ആഘോഷിക്കപ്പെട്ടിരുന്ന ഒരു ഉത്സവം കാലക്രമേണ കേരളത്തിന്റെ മാത്രം ആഘോഷമായി രൂപാന്തരപ്പെട്ടത് ശ്രദ്ധേയമായ ചരിത്രമാണ്. കേരളത്തിൽ പ്രചാരത്തിലുണ്ടായിരുന്ന മഹാബലി-വാമന ഐതിഹ്യം ക്രമേണ ഏറ്റവും പ്രചാരമുള്ള പതിപ്പായി മാറി. ഇതിനൊപ്പം, ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനായി കേരളം സ്വീകരിച്ച സർഗാത്മകമായ പരസ്യതന്ത്രങ്ങളും ഓണത്തെ 'മലയാളിത്തത്തിന്റെ' സവിശേഷ അടയാളമായി അവതരിപ്പിക്കുന്നതിൽ വലിയ പങ്കുവഹിച്ചു.



## തൃക്കാക്കരയിലെ സമാഗമം

മഹാബലിയുടെ ജനകീയകഥയും വാമനന്റെ ക്ഷേത്രപാരമ്പര്യവും ഒരുമിച്ചുചേരുന്ന അപൂർവ ദൃശ്യം ഇന്നും തൃക്കാക്കര വാമനമൂർത്തി ക്ഷേത്രത്തിൽ കാണാം. തിരുവോണനാളിൽ വാമനന്റെ വേഷമണിഞ്ഞ ഒരു ബാലൻ മഹാബലിയെ ശ്രീകോവിലിലേക്ക് ആചാരപൂർവം ആനയിക്കുന്നു. 'രാജാവ് തിരിച്ചെത്തുന്നു' എന്ന സങ്കല്പത്തെ സജീവമാക്കുന്ന ഈ ചടങ്ങ് മത്സരത്തിന്റേതല്ല, സഹവർത്തിത്വത്തിന്റേതാണ്. രണ്ട് പാരമ്പര്യങ്ങളും ഒരേ ഉത്സവത്തിന്റെ ഭാഗമായി ഇന്നും അവിടെ സഹജീവിക്കുന്നു.

ഇന്ന് ഓണത്തിന് നൽകപ്പെടുന്ന "മതേതര ഉത്സവം" എന്ന വിശേഷണവും സാമൂഹിക സമത്വത്തിന്റെയും ഐക്യത്തിന്റെയും സന്ദേശം ഉയർത്തിക്കാട്ടുന്ന സമീപനവും താരതമ്യേന സമീപകാല വികാസങ്ങളാണെന്ന് ചരിത്രകാരന്മാർ ചൂണ്ടിക്കാട്ടുന്നു. പഴയ രേഖകളിൽ ഓണം പ്രധാനമായും ക്ഷേത്രകേന്ദ്രീകൃതമായ ഒരു ആചാരമായാണ് പ്രത്യക്ഷപ്പെടുന്നത്. എന്നാൽ ഇതിനെ ഒരു കുറവായി കാണേണ്ടതില്ല. വ്യത്യസ്ത പശ്ചാത്തലങ്ങളിൽനിന്നുള്ള ജനങ്ങൾക്ക് ഒരുമിച്ച് ആഘോഷിക്കാൻ ഒരു പൊതുവേദി സൃഷ്ടിക്കുന്നതിലുപരി സാമൂഹിക

> ലോകത്തിന്റെ ഏതു ഭാഗത്തേക്കു മലയാളികൾ കുടിയേറിയാലും പങ്കുവയ്ക്കലിന്റെയും ഒരുമിച്ചിരുന്ന് ഭക്ഷണം കഴിക്കുന്നതിന്റെയും കൂട്ടായ സന്തോഷത്തിന്റെയും സന്ദേശവുമായി ഓണവും അവരോടൊപ്പം സഞ്ചരിക്കുന്നു. .



ഐക്യദാർഢ്യത്തിന് മറ്റൊരു വലിയ മാർഗമില്ല. ഈ അർഥത്തിൽ, ഓണത്തെ എല്ലാവരുടെയും പൊതു ഉത്സവമായി വളർത്തിയ നമ്മുടെ മുൻഗാമികളെ അഭിനന്ദിക്കേണ്ടതുണ്ട്.

## ഓണസദ്യ: ഒരു ഇലയിൽ കേരളത്തിന്റെ പൈതൃകം

ഓണത്തിന്റെ ചരിത്രം പറയുമ്പോൾ ഓണസദ്യയെക്കുറിച്ച് പരാമർശിക്കാതിരിക്കാനാവില്ല. ഒറ്റനോട്ടത്തിൽ ഒരു സമൃദ്ധമായ സദ്യ മാത്രമായി തോന്നാമെങ്കിലും, യഥാർഥത്തിൽ കേരളത്തിന്റെ സംസ്കാരവും ചരിത്രവും സാമൂഹികബോധവും ഒരു വാഴയിലയിൽ അനുഭവിപ്പിക്കുന്ന സാംസ്കാരിക പ്രതീകമാണത്.

ചരിത്രപരമായി ഓണസദ്യയ്ക്ക് കേരളത്തിലെ ക്ഷേത്രങ്ങളുമായും രാജകൊട്ടാരങ്ങളുമായും അടുത്ത ബന്ധമുണ്ടായിരുന്നു. തിരുവിതാംകൂറിൽ ദേവതകളെ ബഹുമാനിക്കാനും സമൃദ്ധി ജനങ്ങളുമായി പങ്കുവയ്ക്കാനുമുള്ള മാർഗമായി ക്ഷേത്രങ്ങളിൽ വിപുലമായ സദ്യകൾ ഒരുക്കിയിരുന്നു. നൂറ്റാണ്ടുകളുടെ പരിണാമത്തിലൂടെ ഒരു അനുഷ്ഠാന നിവേദ്യമായി ആരംഭിച്ച ഈ പതിവ്, പിന്നീട് കേരളത്തിന്റെ സാംസ്കാരിക അടയാളങ്ങളിലൊന്നായി വളർന്നു.

ഇന്ന് ഓണസദ്യ വാഴയിലയിൽ വിളമ്പുന്ന, ഇരുപത്തിനാലുമുതൽ ഇരുപത്തെട്ടുവരെ, ചിലപ്പോൾ അതിലധികവും വിഭവങ്ങളടങ്ങിയ സമ്പൂർണ്ണ ഭക്ഷണാനുഭവമാണ്. മധുരം, എരിവ്, പുളി, കയ്പ്, ചവർപ്പ്, ഉപ്പ് എന്നിങ്ങനെ ഓരോ രുചിക്കും അതിന്റേതായ സ്ഥാനമുണ്ട്. ഈ ക്രമീകരണം യാദൃച്ഛികമല്ല; ആയുർവേദം നിർദേശിക്കുന്ന ആറു രസങ്ങളും ഉൾക്കൊള്ളുന്ന തരത്തിലാണ് സദ്യ രൂപപ്പെട്ടത്. അതിനാൽ സദ്യ വയറു നിറയ്ക്കുക മാത്രമല്ല, ശരീരത്തിന് സമീകൃതമായ പോഷണവും നൽകുന്നു. ഉപ്പിലിട്ടതും ഉപ്പേരിയുംപോലുള്ള ലഘുഭക്ഷണങ്ങളിൽ ആരംഭിച്ച് വിവിധ കറികളിലൂടെ സഞ്ചരിച്ച് പായസത്തിന്റെ മധുരത്തിൽ അവസാനിക്കുന്ന ഈ ക്രമം ഭക്ഷണത്തെ ഒരു സാംസ്കാരിക അനുഭവമാക്കി മാറ്റുന്നു.

സദ്യയുടെ ഏറ്റവും മനോഹരമായ വശം അതിന്റെ കൂട്ടായ്മയാണ്. പരമ്പരാഗതമായി തറയിൽ നിരന്നിരുന്ന് വാഴയിലയിൽ എല്ലാവർക്കും ഒരേ ക്രമത്തിൽ സദ്യ വിളമ്പുന്നു. സ്വയം എടുത്ത് കഴിക്കുന്നതിലുപരി മറ്റൊരാൾ വിളമ്പിത്തരുന്നു; എല്ലാവരും ഒരുമിച്ച് ആരംഭിക്കുകയും ഒരുമിച്ച് ഭക്ഷണം പങ്കിടുകയും ചെയ്യുന്നു. ഇലയ്ക്കു മുന്നിൽ എല്ലാവരും തുല്യരാണ്. ഭക്ഷണം കഴിക്കുന്ന പ്രവൃത്തിതന്നെ സാമൂഹിക സമത്വത്തിന്റെ പ്രതീകമായി മാറുന്നു എന്നതാണ് സദ്യയുടെ ഏറ്റവും വലിയ പ്രത്യേകത.

ലോകമെമ്പാടും ചിതറിക്കിടക്കുന്ന മലയാളികൾ ഇന്നും കഴിയുന്നിടത്തോളം ഓണസദ്യ ഒരുക്കാൻ ശ്രമിക്കുന്നു. ചില വിഭവങ്ങൾക്ക് പ്രാദേശിക പകരങ്ങൾ സ്വീകരിക്കേണ്ടിവന്നാലും, ആചാരത്തിന്റെ ആത്മാവ് മാറുന്നില്ല. കാരണം ഇത് കേവലം ഗൃഹാതുരത്വത്തിന്റെ പ്രകടനമല്ല; സ്വന്തം സ്വത്വത്തോടുള്ള ബന്ധത്തിന്റെ പ്രഖ്യാപനമാണ്. എവിടെയായിരുന്നാലും മാവേലിയുടെ സദ്യയിൽ തനിക്കുമൊരു സ്ഥാനമുണ്ടെന്ന ഓർമ്മപ്പെടുത്തലാണ് ഓരോ ഓണസദ്യയും.

## ഇന്നത്തെ ഓണം: ഒരു സമന്വയം

ഇന്ന് ഓണം അതിന്റെ ദീർഘമായ ചരിത്രത്തിന്റെ വിവിധ അടരുകൾ ഉൾക്കൊള്ളുന്ന ഒരു സാംസ്കാരിക ഉത്സവമാണ്. സംഘകാല കാർഷികോത്സവത്തിന്റെ ഓർമ്മയും തൃക്കാക്കര ക്ഷേത്രത്തിന്റെ ഭക്തിപാരമ്പര്യവും നാട്ടുരാജ്യങ്ങളുടെ രാജകീയ പ്രൗഢിയും ആധുനിക കേരളത്തിന്റെ ജനകീയ ആഘോഷവും ഒരുമിച്ച് ഇന്നത്തെ ഓണത്തിൽ പ്രതിഫലിക്കുന്നു. നൂറ്റാണ്ടുകളിലൂടെ വിവിധ കാലഘട്ടങ്ങളും സ്വാധീനങ്ങളും പരസ്പരം ഇഴചേർന്നുകൊണ്ടാണ് ഒരു ജനതയുടെ സംസ്കാരം രൂപപ്പെടുന്നത്.

മഹാമാരിക്കാലത്തുപോലും ഓണം നമ്മുടെ സാമൂഹികബന്ധങ്ങളെ പുതുക്കിയതിന്റെ അനുഭവം നമുക്കുണ്ട്. ലോകത്തിന്റെ ഏതു ഭാഗത്തേക്കു മലയാളികൾ കുടിയേറിയാലും പങ്കുവയ്ക്കലിന്റെയും ഒരുമിച്ചിരുന്ന് ഭക്ഷണം കഴിക്കുന്നതിന്റെയും കൂട്ടായ സന്തോഷത്തിന്റെയും സന്ദേശവുമായി ഓണവും അവരോടൊപ്പം സഞ്ചരിക്കുന്നു. ഓണത്തിന്റെ ദീർഘമായ ഈ ചരിത്രം അറിയുന്നത് ഉത്സവത്തെ കൂടുതൽ ആഴത്തിൽ മനസ്സിലാക്കാൻ സഹായിക്കുന്നു. അതിന്റെ മതപരമായ വേരുകളെ തിരിച്ചറിഞ്ഞുകൊണ്ടുതന്നെ കാലക്രമേണ അത് കേരളത്തിന്റെ പൊതുസാംസ്കാരിക പൈതൃകമായി രൂപാന്തരപ്പെട്ട വഴിയെ മനസ്സിലാക്കുന്നത് ഓരോ മലയാളിക്കും സ്വന്തം നാടിന്റെ ചരിത്രത്തെ കൂടുതൽ സമഗ്രമായി തിരിച്ചറിയാൻ സഹായകമാകും. ○



പുലിക്കളി
(കടുവക്കളി)

> ടെലിവിഷന്റെയും പിന്നീട് സ്മാർട്ട്ഫോണിന്റെയും വരവോടെ പല ഓണക്കളികൾക്കും കാണികൾ കുറഞ്ഞത് യാഥാർഥ്യമാണ്. പുലിക്കളിയും കുമ്മാട്ടിക്കളിയും പോലുള്ള കലാരൂപങ്ങൾ ഇന്നും ജനപ്രീതി നിലനിർത്തുമ്പോൾ, കിളിത്തട്ടുകളി, ഉറിയടി, ഓണത്തല്ല് തുടങ്ങിയ പല കളികളും വിസ്മൃതിയിലേക്ക് വഴിമാറുകയാണ്.

# ഓണം കളിച്ച കേരളം

പൂക്കളവും ഓണക്കോടിയും ഓണസദ്യയും മാത്രമല്ല ഓണം. തലമുറകളായി കൈമാറിവന്ന കൂട്ടായ്മയുടെയും ആഘോഷത്തിന്റെയും ഒരു വലിയ ലോകം കൂടി ഓണക്കാലത്തിനുണ്ട് — അതാണ് ഓണക്കളികൾ. ടെലിവിഷനും മൊബൈൽ ഫോണും ഷോപ്പിങ് മാളുകളും കീഴടക്കിയ പുതിയ കാലത്ത് പല കളികളും ഓർമ്മകളിൽ മാത്രം ഒതുങ്ങിപ്പോയെങ്കിലും, കേരളത്തിലെ ചില ഗ്രാമങ്ങളിലും നാട്ടിൻപുറങ്ങളിലും അവ ഇന്നും സജീവമാണ്. ഈ ഓണക്കാലത്ത് നമ്മുടെ പൈതൃകത്തിന്റെ ഭാഗമായ ചില പ്രധാന ഓണക്കളികളെ പരിചയപ്പെടാം.

## കിളിത്തട്ടുകളി

തട്ടുകളി എന്നും മലബാറിന്റെ ചില ഭാഗങ്ങളിൽ ഉപ്പുകളി എന്നും അറിയപ്പെടുന്ന കളിയാണിത്. മണ്ണിൽ ദീർഘചതുരാകൃതിയിൽ വരച്ച കളമാണ് കിളിത്തട്ട്. ഇതിനെ നീളത്തിൽ രണ്ടായി വിഭജിച്ചശേഷം കുറുകെ അഞ്ചു തട്ടുകളാക്കി തിരിക്കുന്നു.

അഞ്ചു പേർ വീതമുള്ള രണ്ട് ടീമുകളാണ് ഈ കളത്തിൽ മാറ്റുരയ്ക്കുന്നത്. കളത്തിലെ വരകളിലൂടെ നീങ്ങുന്ന കളിക്കാരനെ എതിർ ടീം തൊട്ട് പുറത്താക്കാൻ ശ്രമിക്കുന്നതും, കളിക്കാരൻ അതിൽനിന്ന് രക്ഷപ്പെടാൻ ശ്രമിക്കുന്നതുമാണ് കളിയുടെ പ്രധാന ആവേശം. ബുദ്ധിയും വേഗതയും ഒരുപോലെ ആവശ്യമായ ഈ കൂട്ടുകളി ഒരുകാലത്ത് കേരളത്തിലെ മിക്ക നാട്ടിൻപുറങ്ങളിലും ഓണക്കാലത്തെ സ്ഥിരം കാഴ്ചയായിരുന്നു.

## തലപ്പന്ത് കളി

ഓണപ്പന്തുകളി എന്നും അറിയപ്പെടുന്ന തലപ്പന്ത്, തലയ്ക്ക് മുകളിലൂടെ പന്തടിച്ച് കളിക്കുന്ന ഒരു കൂട്ടുകളിയാണ്. തലപ്പന്ത്, ഒറ്റ, പെട്ട, പിടിച്ചാൻ, താളം, കാലിക്കീഴ്, ഇണ്ടൻ, ചക്കരക്കൈ എന്നിങ്ങനെ എട്ട് ഇനങ്ങൾ ചേർന്നതാണ് ഈ കളി. ഓരോ പ്രദേശത്തും ഇവയ്ക്ക് വ്യത്യസ്ത പേരുകളും കാണാം. കളിക്കാർ രണ്ട് സംഘങ്ങളായി പിരിഞ്ഞ്, ഒരു സംഘം കളിക്കുകയും മറ്റേ സംഘം പന്ത് പിടിക്കാൻ കാത്തുനിൽക്കുകയും ചെയ്യുന്ന രീതിയിലാണ് മത്സരം നടക്കുന്നത്. കുട്ടികളും യുവാക്കളും ഒരുപോലെ ആവേശത്തോടെ പങ്കെടുത്തിരുന്ന ഈ കളി ഇന്ന് പല പ്രദേശങ്ങളിലും വിസ്മൃതിയിലേക്കാണ് നീങ്ങുന്നത്.

## പുലിക്കളി (കടുവക്കളി)

ഓണക്കാഴ്ചകളിലെ ഏറ്റവും വർണ്ണാഭവും ജനപ്രിയവുമായ കലാരൂപമാണ് പുലിക്കളി. ശരീരമാസകലം മഞ്ഞ, കറുപ്പ്, വെളുപ്പ് നിറങ്ങളിൽ പുലിയുടെ രൂപത്തിൽ ചായം പൂശി, വാദ്യമേളങ്ങളുടെ അകമ്പടിയോടെ താളത്തിനൊത്ത് ചുവടുവച്ചാണ് കലാകാരന്മാർ ആടിത്തിമിർക്കുന്നത്. വലിയ വയറും അതിനൊത്ത ശരീരപ്രകൃതിയുമുള്ളവരാണ് സാധാരണയായി പുലിവേഷം കെട്ടുന്നത്. ശരീരത്തിലെ രോമം നീക്കംചെയ്ത് ഏഴോ എട്ടോ മണിക്കൂർ സമയമെടുത്താണ് ചായം പൂശൽ പൂർത്തിയാക്കുന്നത്. ആടിനെ വേട്ടയാടുന്ന പുലിയും പുലിയെ വേട്ടയാടുന്ന വേട്ടക്കാരനുമെല്ലാം ഈ കാഴ്ചയുടെ ഭാഗമാണ്. ഏകദേശം ഇരുനൂറു വർഷത്തെ പഴക്കമുള്ള ഈ കലാരൂപത്തിനു പിന്നിൽ ഒരു ചരിത്രവും പറയപ്പെടുന്നു. രാമവർമ്മ രാജാവിന്റെ കാലത്ത് സൈന്യത്തിലുണ്ടായിരുന്ന മുസ്ലിം ഭടന്മാർ മുഹറം ആഘോഷത്തിന്റെ ഭാഗമായി പുലിവേഷം കെട്ടിയാടിയതിന്റെ തുടർച്ചയായാണ് ഇന്നത്തെ പുലിക്കളി രൂപപ്പെട്ടതെന്നാണ് വിശ്വാസം. തൃശ്ശൂർ സ്വരാജ് ഗ്രൗണ്ടിലാണ് കേരളത്തിലെ ഏറ്റവും വലിയ പുലിക്കളി അരങ്ങേറുന്നത്. ആയിരത്തോളം പുലിവേഷധാരികൾ പങ്കെടുക്കുന്ന ഈ കാഴ്ച കാണാൻ വർഷംതോറും ലക്ഷക്കണക്കിന് ആളുകളാണ് എത്തുന്നത്.



ഉറിയടി

## കുമ്മാട്ടിക്കളി

ദേവപ്രീതിക്കും വിളവെടുപ്പ് ആഘോഷത്തിനുമായി അരങ്ങേറുന്ന നാടൻ കലാരൂപമാണ് കുമ്മാട്ടിക്കളി. തൃശ്ശൂർ, പാലക്കാട്, വയനാട് ജില്ലകളിലാണ് ഇത് കൂടുതൽ പ്രചാരത്തിലുള്ളത്. പ്രത്യേകം തയ്യാറാക്കിയ മുഖംമൂടികളും വർണ്ണാഭമായ വേഷവിധാനങ്ങളും ധരിച്ച് ആട്ടവും പാട്ടുമായി കുമ്മാട്ടികൾ വീടുകൾതോറും കയറിയിറങ്ങുന്നു. മഹാബലി ഭൂമിയിലെത്തുമ്പോൾ അദ്ദേഹത്തോടൊപ്പം ജനങ്ങളെ സന്തോഷിപ്പിക്കാൻ ശിവഭഗവാൻ തന്റെ ഭൂതഗണങ്ങളെ അയച്ചുവെന്നും അതാണ് കുമ്മാട്ടിക്കളിയായി രൂപപ്പെട്ടതെന്നുമുള്ള ഐതിഹ്യമാണ് ഈ കലാരൂപത്തിന് പിന്നിൽ പ്രചാരത്തിലുള്ളത്.



കിളിത്തട്ടുകളി



തലപ്പന്ത് കളി



കുമ്മാട്ടിക്കളി

## കൈകൊട്ടിക്കളി

തിരുവാതിരക്കളിയുടെ ലളിതരൂപമായി കണക്കാക്കപ്പെടുന്ന കൈകൊട്ടിക്കളി, സ്ത്രീകൾ കൈകൾ താളത്തിൽ കൊട്ടിക്കൊണ്ട് പാട്ടുപാടി പൂക്കളത്തിനോ നിലവിളക്കിനോ ചുറ്റും വൃത്താകൃതിയിൽ ചുവടുവെക്കുന്ന കൂട്ടനൃത്തമാണ്. ഒരാൾ ഒരു വരി പാടുകയും മറ്റുള്ളവർ അത് ഏറ്റുപാടുകയും ചെയ്യുന്നതാണ് പതിവ്. മുൻകാലങ്ങളിൽ വീടിനകത്തുമാത്രം ഒതുങ്ങിയിരുന്ന ഈ കളി, പിന്നീട് മുറ്റത്തേക്കും പൂക്കളത്തിന് ചുറ്റുമായും വ്യാപിച്ചു. ഇന്ന് കൈകൊട്ടിക്കളി മത്സരങ്ങൾ പല സ്ഥലങ്ങളിലും ഓണാഘോഷങ്ങളുടെ പ്രധാന ഇനമായി മാറിയിട്ടുണ്ട്. സംഘങ്ങളായി ഒരേ വേഷത്തിൽ അണിനിരന്ന് ശബ്ദസംവിധാനത്തിന്റെ അകമ്പടിയോടെ നാടൻപാട്ടുകൾക്കൊത്ത് താളം ചവിട്ടുന്ന രീതിയിലേക്കാണ് ഇത് പരിണമിച്ചിരിക്കുന്നത്. ചില സ്ഥലങ്ങളിൽ വൻ സമ്മാനത്തുകയുള്ള കൈകൊട്ടിക്കളി മത്സരങ്ങളും ഇന്ന് സംഘടിപ്പിക്കപ്പെടുന്നു.

## ഉറിയടി

കയറിൽ തൂക്കിയ ഉറിയിൽ വിവിധ വസ്തുക്കൾ നിറച്ച മൺകലം കെട്ടിവച്ച്, കയർ വലിച്ചും അയച്ചും അത് ഇളക്കിക്കൊണ്ടിരിക്കെ, വടിയേന്തിയ കളിക്കാരൻ ചാടി അടിച്ച് ഉറി പൊട്ടിക്കാൻ ശ്രമിക്കുന്ന രസകരമായ കളിയാണ് ഉറിയടി. പലപ്പോഴും കണ്ണുകെട്ടിയാണ് ഈ കളി നടത്തുന്നത്. അതുകൊണ്ടുതന്നെ കളിയുടെ ആവേശം ഇരട്ടിയാകുന്നു. ശ്രീകൃഷ്ണൻ ഉറിയിൽ സൂക്ഷിച്ചിരുന്ന വെണ്ണ കട്ടുതിന്നുന്നതും യശോദ അത് കണ്ടെത്തുന്നതുമായ പുരാണകഥയുമായി ബന്ധപ്പെട്ടാണ് ഈ കളിയുടെ ഐതിഹ്യം പറയപ്പെടുന്നത്.


കൈകൊട്ടിക്കളി


കുട്ടിയും കോലും


ഓണത്തല്ല്


തുമ്പിതുള്ളൽ


വടംവലി

> ശരീരമാസകലം നിറം പൂശി, കൈയിൽ കുടയും മറുകൈയിൽ കിലുങ്ങുന്ന മണിയുമായി, കൈതനാരുകൊണ്ടുള്ള മുടിയും കുരുത്തോലയും ധരിച്ചാണ് ഓണപ്പൊട്ടൻ വീടുകൾതോറും കയറിയിറങ്ങുന്നത്. സംസാരിക്കാത്ത തെയ്യമായി കണക്കാക്കപ്പെടുന്ന ഓണപ്പൊട്ടനെ വീട്ടുകാർ അരിയും തേങ്ങയും എണ്ണയും നൽകി യാത്രയയക്കുന്നു.

## വടംവലി

മത്സരാവേശം കൊണ്ട് കാണികളെപ്പോലും ആവേശഭരിതരാക്കുന്ന കളിയാണ് വടംവലി. വടത്തിന്റെ ഇരുവശത്തുമായി അണിനിരക്കുന്ന രണ്ട് സംഘങ്ങൾ പരമാവധി ശക്തി ഉപയോഗിച്ച് വടം തങ്ങളുടെ ഭാഗത്തേക്ക് വലിക്കാൻ ശ്രമിക്കുന്നു. വടത്തിന്റെ നടുവിൽ കെട്ടിയിരിക്കുന്ന അടയാളം എതിർഭാഗത്തെ അതിർത്തി കടത്തുന്ന സംഘമാണ് വിജയിക്കുന്നത്. ഉദ്ഭവത്തെക്കുറിച്ച് വ്യക്തമായ ചരിത്രരേഖകൾ ലഭ്യമല്ലെങ്കിലും, ലോകമെമ്പാടും പ്രചാരത്തിലുള്ള ഈ കളി ഇന്ന് ഓണാഘോഷങ്ങളുടെ അവിഭാജ്യഘടകമായി മാറിയിരിക്കുന്നു.

## തുമ്പിതുള്ളൽ

തുമ്പച്ചെടിയുടെ കുടയോ മരത്തൂപ്പോ കൈയിലേന്തി നടുവിലിരിക്കുന്ന പെൺകുട്ടിയെ ചുറ്റിനിന്ന് പാട്ടുപാടി തുള്ളിക്കുന്ന കൗതുകകരമായ നാടൻ കളിയാണ് തുമ്പിതുള്ളൽ. പാട്ടിന്റെ താളത്തിനൊത്ത് കുട്ടിയെ പതുക്കെ സ്പർശിച്ചുകൊണ്ട് ചുറ്റും വലംവെക്കുന്നു. പാട്ടിന്റെ വേഗം കൂടുന്തോറും നടുവിലിരിക്കുന്ന കുട്ടി തുമ്പിയെപ്പോലെ ആടിത്തുള്ളാൻ തുടങ്ങും. പാട്ട് ഉച്ചസ്ഥായിയിലെത്തുമ്പോൾ കൈയിലെ പൂക്കുലയും ശരീരവും വിറച്ച്, മോഹാലസ്യപ്പെട്ട് നിലത്തേക്ക് വീഴുന്നതോടെയാണ് ഈ കളി അവസാനിക്കുന്നത്.



## കുട്ടിയും കോലും

പഴയകാല നാട്ടിൻപുറങ്ങളിൽ ഒഴിവുസമയങ്ങളിൽ വ്യാപകമായി കളിച്ചിരുന്ന ഒരു കളിയാണ് കുട്ടിയും കോലും. പിന്നീട് അത് ഓണാഘോഷങ്ങളുടെ ഭാഗമായും മാറി. ഒരു മുഴം നീളമുള്ള "കോൽ" ഉപയോഗിച്ച് രണ്ടര ഇഞ്ചോളം മാത്രം നീളമുള്ള ചെറിയ മരക്കഷണമായ "കുട്ടി"യെ കോരിയടിച്ച് ദൂരേക്ക് തെറിപ്പിക്കുന്നതാണ് കളിയുടെ രീതി. കുട്ടിയും പുള്ളും, പൊട്ടയും മണിയും, ചുള്ളിയും വടിയും എന്നിങ്ങനെ പ്രദേശഭേദമനുസരിച്ച് വിവിധ പേരുകളിലാണ് ഈ കളി അറിയപ്പെടുന്നത്.

## ഓണപ്പൊട്ടൻ

വടക്കൻ കേരളത്തിലെ, പ്രത്യേകിച്ച് മലബാർ മേഖലയിലെ, ഏറ്റവും സവിശേഷമായ ഓണാചാരങ്ങളിലൊന്നാണ് ഓണപ്പൊട്ടൻ. മഹാബലി തന്റെ പ്രജകളെ കാണാൻ തിരുവോണനാളിൽ എത്തുന്നതിന്റെ പ്രതീകമായാണ് ഇത് കണക്കാക്കപ്പെടുന്നത്. ശരീരമാസകലം നിറം പൂശി, ഒരു കൈയിൽ കുടയും മറുകൈയിൽ കിലുങ്ങുന്ന മണിയുമായി, കൈതനാരുകൊണ്ടുള്ള മുടിയും കുരുത്തോലയും ധരിച്ചാണ് ഓണപ്പൊട്ടൻ വീടുകൾതോറും കയറിയിറങ്ങുന്നത്. സംസാരിക്കാത്ത തെയ്യമായി കണക്കാക്കപ്പെടുന്ന ഓണപ്പൊട്ടനെ വീട്ടുകാർ അരിയും തേങ്ങയും എണ്ണയും നൽകി യാത്രയയക്കുന്നു. മലയസമുദായത്തിൽപ്പെട്ടവരാണ് പരമ്പരാഗതമായി ഈ വേഷം കെട്ടുന്നത്.



## ഓണത്തല്ല്

ഓണപ്പട, കൈയാങ്കളി എന്നീ പേരുകളിലും അറിയപ്പെടുന്ന ഓണത്തല്ല് ഏറ്റവും പഴക്കമേറിയ ഓണക്കളികളിലൊന്നാണ്. തിരുവിതാംകൂറിലും കൊച്ചിയിലും മലബാറിലും ഒരുകാലത്ത് വ്യാപകമായി നടന്നിരുന്ന ഈ മത്സരത്തിൽ കൈപ്പത്തി ഉപയോഗിച്ചുള്ള അടിയും തടവും മാത്രമാണ് അനുവദനീയമായിരുന്നത്. പരിശീലനം നേടിയ കളിക്കാർ ഗുരുക്കന്മാരെ വണങ്ങിയാണ് കളത്തിലിറങ്ങുന്നത്. മത്സരത്തിന് മേൽനോട്ടം വഹിക്കാൻ വിധികർത്താവും ഉണ്ടാകും. ഒരാൾ വ്യക്തമായ വിജയം നേടുന്നതുവരെ മത്സരം തുടരും. തൃശ്ശൂർ കുന്നംകുളത്ത് അടുത്തകാലം വരെ ഈ പാരമ്പര്യം നിലനിന്നിരുന്നു.

## ഓണം തുള്ളൽ

വേലൻ തുള്ളൽ എന്നും അറിയപ്പെടുന്ന ഈ കലാരൂപം കേരളത്തിന്റെ എല്ലാ ഭാഗങ്ങളിലും ഒരുപോലെ പ്രചാരത്തിലുള്ളതല്ല. വേലനും വേലത്തിയും, പത്ത് വയസ്സിൽ താഴെയുള്ള ഒരു പെൺകുട്ടിയും കുടുംബാംഗമായ ഒരു പുരുഷനും ചേർന്ന നാലംഗ സംഘമാണ് ഓണം തുള്ളലിനായി വീടുകൾതോറും എത്തുന്നത്. കലാപ്രകടനത്തിലൂടെ ഐശ്വര്യം ആശംസിക്കുന്ന ഈ ആചാരം ഇന്ന് ഏതാനും പ്രദേശങ്ങളിൽ മാത്രമാണ് നിലനിൽക്കുന്നത്.

## അമ്പെയ്ത്ത്

കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ മേൽപ്പറഞ്ഞ കളികൾ പ്രചാരത്തിലുണ്ടെങ്കിലും ചില പ്രദേശങ്ങൾക്ക് തനതായ ഓണക്കളികളും ഉണ്ട്. കോഴിക്കോട് പേരാമ്പ്രയിലെ എരവട്ടൂർ പാറപ്പുറം ഗ്രാമത്തിൽ ഓണമെന്നാൽ അമ്പെയ്ത്താണ്. പ്രായഭേദമെന്യേ കുട്ടികളും മുതിർന്നവരും ഒരുപോലെ ആവേശത്തോടെ പങ്കെടുക്കുന്ന ഈ മത്സരത്തിനായി ഗ്രാമവാസികൾ പ്രത്യേക ഒരുക്കങ്ങൾ നടത്താറുണ്ട്. പുതിയ തലമുറ ടെലിവിഷനും മൊബൈൽ ഫോണും മുന്നിലിരുന്ന് ഓണം ആഘോഷിക്കുമ്പോൾ, പാറപ്പുറം പോലുള്ള ഗ്രാമങ്ങൾ ഈ പാരമ്പര്യം ഇന്നും കാത്തുസൂക്ഷിക്കുന്നു എന്നത് ശ്രദ്ധേയമാണ്.

## മാറുന്ന കാലം, മാറാത്ത ഓർമ്മകൾ

ടെലിവിഷന്റെയും പിന്നീട് സ്മാർട്ട്ഫോണിന്റെയും വരവോടെ പല ഓണക്കളികൾക്കും കാണികൾ കുറഞ്ഞത് യാഥാർത്ഥ്യമാണ്. എന്നിരുന്നാലും, കൈകൊട്ടിക്കളിപോലുള്ള ചില കലാരൂപങ്ങൾ രൂപവും ഭാവവും മാറി മത്സരങ്ങളായും ഉത്സവങ്ങളുടെയും സംഘടനകളുടെ വാർഷികാഘോഷങ്ങളുടെയും സ്ഥിരം ഇനങ്ങളായും ഇന്നും തുടരുന്നു. പുലിക്കളിയും കുമ്മാട്ടിക്കളിയും പോലുള്ള കലാരൂപങ്ങൾ ഇന്നും ജനപ്രീതി നിലനിർത്തുമ്പോൾ, കിളിത്തട്ടുകളി, ഉറിയടി, ഓണത്തല്ല് തുടങ്ങിയ പല കളികളും വിസ്മൃതിയിലേക്ക് വഴിമാറുകയാണ്. ഈ ഓണക്കാലത്ത് നമ്മുടെ കുട്ടികളോട് ഈ കളികളെക്കുറിച്ച് പറഞ്ഞുകൊടുക്കുകയും, സാധ്യമെങ്കിൽ അവ ഒരിക്കൽക്കൂടി കളിച്ചുനോക്കുകയും ചെയ്യുന്നത് നമ്മുടെ പൈതൃകം അടുത്ത തലമുറയിലേക്ക് കൈമാറാനുള്ള ചെറുതെങ്കിലും അർഥവത്തായ ഒരു ചുവടുവെപ്പായിരിക്കും. ○

# ഞാനിപ്പോൾ കൂടുതൽ സന്തോഷവാനാണ്

അഭിമുഖം
interview


സഭ, സമൂഹം,
വിശ്രമജീവിതം, പ്രാർഥന
മനസ്സുതുറന്ന്
ആർച്ച് ബിഷപ്പ്
**മാർ ജോസഫ് പെരുന്തോട്ടം**
(ഒന്നാം ഭാഗത്തിന്റെ തുടർച്ച)



***? പിതാവിന്റെ കാലത്ത് പണിയപ്പെട്ട നിരവധി ദേവാലയങ്ങൾ പൗരസ്ത്യ പാരമ്പര്യത്തിന്റെ തനിമ വിളിച്ചോതുന്നവയായിരുന്നു. ദേവാലയനിർമ്മാണത്തിൽ സഭയുടെ കാഴ്ചപ്പാട് എന്താണ്?***

ദേവാലയം ഒരു സാധാരണ കെട്ടിടമല്ല; ദൈവവും മനുഷ്യനും കണ്ടുമുട്ടുന്ന വിശുദ്ധ ഇടമാണ്. അതുകൊണ്ടുതന്നെ അത് വ്യക്തികളുടെ ഇഷ്ടാനിഷ്ടങ്ങൾക്കനുസരിച്ച് രൂപകല്പന ചെയ്യപ്പെടേണ്ട ഒന്നല്ല. വിശ്വാസികൾ ദൈവത്തെ ആരാധിക്കുകയും ദൈവം തന്റെ ജനത്തെ വിശുദ്ധീകരിക്കുകയും ചെയ്യുന്ന ആത്മീയ യാഥാർഥ്യങ്ങളുടെ ദൃശ്യപ്രതീകമാണ് ദേവാലയം.

ഈ ബോധ്യം വിശുദ്ധ ഗ്രന്ഥവും സഭയുടെ പാരമ്പര്യവും വ്യക്തമായി പഠിപ്പിക്കുന്നുണ്ട്. സമാഗമകൂടാരവും ജറുസലേം ദേവാലയവും ദൈവിക നിർദേശപ്രകാരമാണ് നിർമ്മിക്കപ്പെട്ടത്. അതുപോലെതന്നെ, സഭയ്ക്കും ദേവാലയ നിർമ്മാണവുമായി ബന്ധപ്പെട്ട വ്യക്തമായ പാരമ്പര്യങ്ങളും ക്രമീകരണങ്ങളുമുണ്ട്.



> ദേവാലയം ഒരു കെട്ടിടമല്ല;
> ദൈവവും മനുഷ്യനും
> കണ്ടുമുട്ടുന്ന വിശുദ്ധ ഇടമാണ്.

സീറോ-മലബാർ സഭയുടെ പൗരസ്ത്യ സുറിയാനി പാരമ്പര്യമനുസരിച്ച് ദേവാലയത്തിന്റെ ആന്തരിക ഘടനയ്ക്ക് പ്രത്യേക പ്രാധാന്യമുണ്ട്. മദ്ബഹാ, കെസ്ത്രോമാ, ഹൈക്കലാ എന്നീ മൂന്ന് ഭാഗങ്ങളാണ് പ്രധാനമായുള്ളത്. കിഴക്കോട്ട് തിരിഞ്ഞ് പ്രാർഥിക്കുകയും വിശുദ്ധ കുർബാന അർപ്പിക്കുകയും ചെയ്യുന്ന ശ്ലൈഹിക പാരമ്പര്യത്തിന്റെ തുടർച്ചയാണ് ഈ രൂപകല്പന.

മദ്ബഹയാണ് ഏറ്റവും വിശുദ്ധമായ ഭാഗം. അവിടെയാണ് ബലിപീഠം സ്ഥാപിക്കുന്നത്. ഹൈക്കലയെക്കാൾ ഉയർന്ന നിലയിലാണ് കെസ്ത്രോമയും, അതിനു മുകളിൽ മദ്ബഹയും ക്രമീകരിച്ചിരിക്കുന്നത്. ഇത് ഒരു നിർമ്മാണരീതി മാത്രമല്ല; സ്വർഗത്തിലേക്കുള്ള ആത്മീയ ഉയർച്ചയുടെ പ്രതീകം കൂടിയാണ്.

മദ്ബഹയുടെ കിഴക്കേ ഭിത്തിയിൽ കുരിശിൽ മരിച്ച് ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിനെയും അവിടുത്തെ മഹത്വപൂർണ്ണമായ പ്രത്യാഗമനത്തെയും സൂചിപ്പിക്കുന്ന സ്ലീവാ പ്രതിഷ്ഠിക്കുന്നു. മാർത്തോമ്മാ നസ്രാണി പാരമ്പര്യത്തിൽ സ്ലീവയ്ക്കായിരുന്നു പ്രധാനസ്ഥാനം. പിന്നീട് ലത്തീൻ സ്വാധീനത്തിന്റെ ഫലമായാണ് കുരിശുരൂപങ്ങളും പ്രതിമകളും വ്യാപകമായത്.

അതുപോലെ ബേമ്മാ, മാമോദീസാത്തൊട്ടി, അനുരഞ്ജനവേദി, രക്തസാക്ഷിമണ്ഡപം, സ്കാഖോനാ എന്നിവയും നമ്മുടെ ആരാധനാപാരമ്പര്യത്തിന്റെ ഭാഗമാണ്. ദേവാലയത്തിനു പുറത്തുള്ള കൽക്കുരിശ്, കൽവിളക്ക്, കൊടിമരം എന്നിവയും മാർത്തോമ്മാ നസ്രാണി പാരമ്പര്യത്തിന്റെ സവിശേഷ അടയാളങ്ങളാണ്.

അതിനാൽ ദേവാലയം പണിയുമ്പോൾ സൗന്ദര്യത്തിന് പ്രാധാന്യമുണ്ടെങ്കിലും, അതിലുപരിയായി സഭയുടെ വിശ്വാസവും ആരാധനാപാരമ്പര്യവും പ്രകടമാകുന്ന തരത്തിലായിരിക്കണം അതിന്റെ രൂപകല്പന.

***? 2018-ലെ മഹാപ്രളയകാലത്ത് കുട്ടനാടിനുവേണ്ടി പിതാവ് നടത്തിയ പ്രവർത്തനങ്ങൾ ഏറെ ശ്രദ്ധിക്കപ്പെട്ടിരുന്നു. ആ അനുഭവം എങ്ങനെ ഓർക്കുന്നു?***

കുട്ടനാടിന്റെ ഭൂപ്രകൃതിയും പ്രളയസാഹചര്യങ്ങളും എനിക്ക് വർഷങ്ങളായി പരിചിതമായിരുന്നു. കാലാവസ്ഥ മുന്നറിയിപ്പ് നേരത്തേ ലഭിച്ചതിനാൽ ആവശ്യമായ മുൻകരുതലുകൾ സ്വീകരിക്കാൻ സാധിച്ചു. മുന്നറിയിപ്പ് ലഭിച്ച ഉടൻ കുട്ടനാട്ടിലെ വൈദികരെയും അതിരൂപതയിലെ വിവിധ അജപാലന വിഭാഗങ്ങളുടെ ഉത്തരവാദിത്വമുള്ളവരെയും വിളിച്ചുകൂട്ടി പ്രവർത്തനപദ്ധതി തയ്യാറാക്കി.

രക്ഷാപ്രവർത്തനങ്ങളുടെ ഏകോപന ചുമതല അതിരൂപതയുടെ സാമൂഹികസേവനവിഭാഗമായ CHASS-നെ ഏൽപ്പിച്ചു. കുട്ടനാട്ടിൽനിന്ന് മാറേണ്ടിവന്നവർക്ക് ചങ്ങനാശേരിയിലെയും സമീപപ്രദേശങ്ങളിലെയും സഭാസ്ഥാപനങ്ങൾ മുഴുവൻ അഭയകേന്ദ്രങ്ങളായി തുറന്നുകൊടുത്തു. ജാതി-മതഭേദമില്ലാതെ എല്ലാവരും അതിനോട് സഹകരിച്ചു.

പ്രളയകാലത്ത് വൈദികർ ജനങ്ങളോടൊപ്പം നിന്നത് വലിയ ആശ്വാസമായിരുന്നു. മത്സ്യത്തൊഴിലാളികൾ നടത്തിയ രക്ഷാപ്രവർത്തനങ്ങൾ ഒരിക്കലും മറക്കാനാവില്ല. രാവും പകലും അവർ നടത്തിയ നിസ്വാർഥ സേവനത്തിലൂടെ അനേകരുടെ ജീവൻ സുരക്ഷിതസ്ഥാനങ്ങളിലെത്തി.

പ്രളയശേഷം പുനരധിവാസത്തിനും അതിരൂപത വലിയ പ്രാധാന്യം നൽകി. നൂറുകോടി രൂപയുടെ പദ്ധതി പ്രഖ്യാപിക്കുകയും അതിലധികം തുക വിവിധ സഹായപദ്ധതികൾക്കായി ചെലവഴിക്കുകയും ചെയ്തു. ഭക്ഷണം, പാർപ്പിടം, മരുന്ന്, തൊഴിൽ, വിദ്യാഭ്യാസം, കൗൺസിലിങ് തുടങ്ങിയ നിരവധി മേഖലകളിൽ സഹായം എത്തിക്കാൻ കഴിഞ്ഞു.

ആ മഹാപ്രളയം നമ്മെ പഠിപ്പിച്ചത് ദുരന്തങ്ങളെ അതിജീവിക്കാൻ മനുഷ്യരുടെ കൂട്ടായ്മയും പരസ്പര സഹകരണവും എത്ര വലിയ ശക്തിയാണെന്നാണ്. ദൈവകൃപയും അനേകരുടെ നിസ്വാർഥ സേവനവുമാണ് ആ പ്രതിസന്ധിയെ മറികടക്കാൻ നമ്മെ സഹായിച്ചത്.



> പ്രളയകാലത്ത് മനുഷ്യരുടെ കൂട്ടായ്മയുടെ ശക്തി ഞാൻ നേരിൽ കണ്ടു.

***3. ആരാധനാവത്സര കലണ്ടർ പിതാവിന്റെ കാലത്താണ് കൂടുതൽ ജനകീയമായത്. അതിലൂടെ ലക്ഷ്യമിട്ടത് എന്തായിരുന്നു?***

സഭ ഒരു ആരാധനാസമൂഹമാണ്. വിശ്വാസിയുടെ ജീവിതത്തെ ക്രിസ്തുവിന്റെ രക്ഷാരഹസ്യങ്ങളുമായി ചേർത്തുനിർത്തുന്നതാണ് ആരാധനാവത്സരം. ഈശോയുടെ മനുഷ്യാവതാരംമുതൽ പ്രത്യാഗമനംവരെയുള്ള ദിവ്യരഹസ്യങ്ങൾ, വർഷം മുഴുവൻ ക്രമമായി അനുസ്മരിച്ച് വിശ്വാസിയെ ആത്മീയമായി വളർത്തുകയാണ് സഭയുടെ ലക്ഷ്യം.

എന്നാൽ, ആരാധനാവത്സരത്തിന്റെ ചൈതന്യത്തെക്കുറിച്ച് വൈദികർക്കും വിശ്വാസികൾക്കും വേണ്ടത്ര അവബോധമില്ലെന്ന തോന്നൽ എനിക്കുണ്ടായിരുന്നു. അതിന്റെ ഫലമായി സഭയുടെ ആരാധനാപാരമ്പര്യവുമായി പൂർണ്ണമായി യോജിക്കാത്ത പല ഭക്താനുഷ്ഠാനങ്ങളും വ്യാപകമായി പ്രചരിച്ചു.

ഈ സാഹചര്യത്തിലാണ് ആരാധനാവത്സരത്തിന്റെ ക്രമവും ആത്മീയസന്ദേശവും ഓരോ കുടുംബത്തിലും എത്തിക്കണമെന്ന ലക്ഷ്യത്തോടെ ആരാധനാവത്സര കലണ്ടർ പ്രസിദ്ധീകരിക്കാൻ തുടങ്ങിയത്. ഓരോ ദിവസത്തിന്റെയും പ്രത്യേകത മനസ്സിലാക്കി അതിനനുസരിച്ച് ആത്മീയമായി ഒരുങ്ങാൻ വിശ്വാസികളെ അത് സഹായിക്കുമെന്ന് ഞാൻ പ്രത്യാശിച്ചു. ഇന്ന് നിരവധി കുടുംബങ്ങൾ അതിനെ തങ്ങളുടെ ആത്മീയജീവിതത്തിന്റെ ഭാഗമായി സ്വീകരിച്ചിരിക്കുന്നത് സന്തോഷകരമാണ്.

***4. വിദ്യാഭ്യാസത്തിനും തൊഴിലിനുമായി വിദേശങ്ങളിലേക്ക് വർധിച്ചുവരുന്ന കുടിയേറ്റത്തെ പിതാവ് എങ്ങനെയാണ് കാണുന്നത്?***

കുടിയേറ്റം മനുഷ്യചരിത്രത്തിന്റെ ഭാഗമാണ്. യുദ്ധങ്ങളും മതപീഡനങ്ങളും മുതൽ വിദ്യാഭ്യാസവും തൊഴിലുമടക്കം പല കാരണങ്ങളാൽ മനുഷ്യർ എന്നും ദേശാന്തരഗമനം നടത്തിയിട്ടുണ്ട്. സഭയുടെ വളർച്ചയ്ക്കും കുടിയേറ്റം വലിയ പങ്കുവഹിച്ചിട്ടുണ്ട്. കേരളത്തിൽ മാത്രം ഒതുങ്ങിയിരുന്ന സീറോ-മലബാർ സഭ ഇന്ന് ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ സാന്നിധ്യമുറപ്പിച്ചതും അതിന്റെ തെളിവാണ്.

എന്നാൽ ഇന്നത്തെ കുടിയേറ്റത്തിന്റെ വ്യാപ്തി മുൻകാലങ്ങളിൽനിന്ന് വ്യത്യസ്തമാണ്. മെച്ചപ്പെട്ട വിദ്യാഭ്യാസവും തൊഴിലവസരങ്ങളും ഉയർന്ന ജീവിതനിലവാരവുമാണ് പ്രധാന പ്രേരണകൾ. ഈ പ്രവണത പൂർണ്ണമായി തടയാനാവില്ല; അതിനുള്ള ശ്രമവും പ്രായോഗികമല്ല.

അതേസമയം, കേരളസഭയുടെ ഭാവിയെക്കുറിച്ച് ചില ഗൗരവമായ ചോദ്യങ്ങളും ഇത് ഉയർത്തുന്നുണ്ട്. യുവജനങ്ങൾ വലിയ തോതിൽ വിദേശത്തേക്ക് പോകുമ്പോൾ ഇവിടെ പല കുടുംബങ്ങൾക്കും പിന്തുടർച്ച നഷ്ടപ്പെടുന്നു. സഭയുടെ സ്ഥാപനങ്ങൾക്കും അജപാലന പ്രവർത്തനങ്ങൾക്കും ഭാവിയിൽ ആവശ്യമായ നേതൃത്വം കണ്ടെത്തുന്നത് പ്രയാസകരമാകാം. പ്രായമായ മാതാപിതാക്കൾ ഒറ്റപ്പെടുന്നതും വലിയ സാമൂഹിക പ്രശ്നമായി മാറുന്നു.

പൗരോഹിത്യത്തിലേക്കും സമർപ്പിത ജീവിതത്തിലേക്കുമുള്ള ദൈവവിളികൾ കുറയുന്നതും ഈ സാഹചര്യത്തിൽ ആശങ്കയുണ്ടാക്കുന്ന കാര്യമാണ്. ജനനനിരക്ക് കുറയുകയും യുവജനങ്ങൾ കൂട്ടത്തോടെ കുടിയേറുകയും ചെയ്യുന്ന സാഹചര്യം കേരളസഭയ്ക്ക് പുതിയ വെല്ലുവിളികൾ സൃഷ്ടിക്കുന്നു.

എന്നാൽ അതിനർഥം കുടിയേറ്റത്തെ എതിർക്കണമെന്നല്ല. മറിച്ച് കുടുംബങ്ങളുടെ തുടർച്ച ഉറപ്പാക്കുകയും വിശ്വാസജീവിതം സംരക്ഷിക്കുകയും ചെയ്യുന്ന സമീപനമാണ് വേണ്ടത്. വിദേശത്തേക്ക് പോകുന്നവർ സഭയുമായുള്ള ബന്ധം നിലനിർത്തുകയും കുടുംബവും വിശ്വാസവും നഷ്ടപ്പെടാത്ത ജീവിതം നയിക്കുകയും വേണം.

> മക്കൾ കേൾക്കുന്നതിനെക്കാൾ കൂടുതൽ അവർ മാതാപിതാക്കളുടെ ജീവിതം കാണുന്നു.

വിദേശത്തേക്ക് പോകുന്ന എല്ലാവരുടെയും സ്വപ്നങ്ങൾ സാക്ഷാത്കരിക്കപ്പെ

> യുവജനങ്ങളുടെ കുടിയേറ്റം സ്വാഭാവികമാണ്; എന്നാൽ കേരളസഭയുടെ ഭാവിയും കുടുംബങ്ങളുടെ പിന്തുടർച്ചയും ഒരുപോലെ പ്രാധാന്യമുള്ള വിഷയങ്ങളാണ്.



ടുന്നില്ല. പലരും ഒറ്റപ്പെടലും നിരാശയും നേരിടുന്നുണ്ട്. ചിലർ വിശ്വാസജീവിതത്തിൽനിന്ന് അകന്നുപോകുകയും ചെയ്യുന്നു. അതുകൊണ്ടുതന്നെ അവർ എവിടെയായിരുന്നാലും സഭ അവർക്കൊപ്പം ഉണ്ടായിരിക്കണം. അജപാലനപരമായ അനുധാവനമാണ് ഇന്നത്തെ ഏറ്റവും വലിയ ആവശ്യങ്ങളിലൊന്ന്.

***5. സാങ്കേതികവിദ്യയും മാറുന്ന ജീവിതശൈലിയും വിശ്വാസ പ്രതിസന്ധികളും നിറഞ്ഞ ഇന്നത്തെ കാലത്ത് സഭയ്ക്ക് എങ്ങനെയുള്ള പുരോഹിതരെയാണ് ആവശ്യം?***

ഓരോ കാലത്തിനും അതിന്റേതായ വെല്ലുവിളികളുണ്ട്. ജീവിതശൈലികളും ചിന്താരീതികളും മാറാം. എന്നാൽ മനുഷ്യഹൃദയത്തിന്റെ അടിസ്ഥാന ചോദ്യങ്ങൾ മാറുന്നില്ല. അതുകൊണ്ട് പുരോഹിതൻ ആദ്യം ജനങ്ങളുടെ ജീവിതം മനസ്സിലാക്കുന്ന ഒരാളായിരിക്കണം. അവരുടെ സന്തോഷങ്ങളും വേദനകളും പ്രതീക്ഷകളും അടുത്തറിഞ്ഞ് അവരോടൊപ്പം നടക്കാൻ അദ്ദേഹത്തിന് കഴിയണം.

ഇന്ന് ശാസ്ത്രവും സാങ്കേതികവിദ്യയും അതിവേഗം വളരുകയാണ്. എല്ലാ വിഷയങ്ങളിലും പുരോഹിതർ വിദഗ്ധരാകണമെന്ന് ആരും പ്രതീക്ഷിക്കുന്നില്ല. എന്നാൽ വിശ്വാസത്തിലും ആത്മീയ ജീവിതത്തിലും അവർ ഉറച്ച സാക്ഷികളായിരിക്കണമെന്നാണ് ജനങ്ങൾ ആഗ്രഹിക്കുന്നത്.

ജനങ്ങൾ പുരോഹിതരിൽനിന്ന് പ്രതീക്ഷിക്കുന്നത് സ്നേഹവും കരുണയും ആത്മാർഥതയുമാണ്. അവർ പറയുന്നത് ക്ഷമയോടെ കേൾക്കാനും പ്രതിസന്ധികളിൽ ആശ്വാസം പകരാനും വിശ്വാസത്തിന്റെ വെളിച്ചത്തിൽ മാർഗനിർദേശം നൽകാനും പുരോഹിതർക്ക് കഴിയണം. അവരുടെ ജീവിതം തന്നെ സുവിശേഷത്തിന്റെ സാക്ഷ്യമാകണം.

എല്ലാറ്റിനുമുപരി, പുരോഹിതൻ പ്രാർഥനയുടെ മനുഷ്യനായിരിക്കണം. ജനങ്ങൾ പുരോഹിതന്റെ പ്രാർഥനയെ വിശ്വസിക്കുന്നു. പ്രത്യേകിച്ച് യുവജനങ്ങൾക്ക് ആത്മീയ മാർഗദർശിയാകാൻ കഴിയുന്ന പുരോഹിതരെയാണ് ഇന്ന് സഭയ്ക്ക് ആവശ്യം.

***6. പൗരോഹിത്യ പരിശീലനത്തിന്റെ കാതൽ എന്തായിരിക്കണം?***

വൈദികപരിശീലനത്തിന്റെ ലക്ഷ്യം അറിവ് സമ്പാദിക്കുക മാത്രമല്ല; ക്രിസ്തുവിന്റെ പുരോഹിതരൂപം ജീവിതത്തിൽ സ്വായത്തമാക്കുക എന്നതാണ്. *"ശുശ്രൂഷിക്കപ്പെടാനല്ല, ശുശ്രൂഷിക്കാനാണ് ഞാൻ വന്നത്"* എന്ന ഈശോയുടെ വാക്കുകൾ ഓരോ വൈദികാർഥിയുടെയും ജീവിതദർശനമാകണം. വാക്കും ജീവിതവും തമ്മിലുള്ള പൊരുത്തമാണ് ഒരു പുരോഹിതന്റെ ഏറ്റവും വലിയ വിശ്വാസ്യത.

ദൈവവിളിയെക്കുറിച്ച് വ്യക്തമായ ബോധ്യവും അതിലുള്ള സന്തോഷവും ഓരോ വൈദികാർഥിക്കും ഉണ്ടായിരിക്കണം. ലോകവിജയങ്ങളല്ല, ക്രിസ്തുവിനെ അനുഗമിക്കുന്ന ജീവിതമാണ് താൻ തിരഞ്ഞെടുക്കുന്നതെന്ന തിരിച്ചറിവോടെ പരിശീലനം മുന്നോട്ടുപോകണം. വിശുദ്ധ ഗ്രന്ഥത്തിലും സഭയുടെ പാരമ്പര്യത്തിലും ആഴമുള്ള അറിവ് സമ്പാദിക്കണം. അതോടൊപ്പം ആരാധനാക്രമാധിഷ്ഠിതമായ പ്രാർഥനാജീവിതത്തിലും വളരണം. പഠിപ്പിക്കാനും നയിക്കാനും വിശുദ്ധീകരിക്കാനുമുള്ള ആത്മീയ പക്വതയാണ് സെമിനാരി പരിശീലനത്തിലൂടെ ലഭിക്കേണ്ടത്.

വായനാശീലവും വിനയവും ലാളിത്യവും സത്യസന്ധതയും ജീവിതകാലം മുഴുവൻ പുരോഹിതന്റെ സമ്പത്തായിരിക്കണം. പ്രേഷിതചൈതന്യവും സഭൈക്യബോധവും പരിശീലനത്തിന്റെ അവിഭാജ്യ ഘടകങ്ങളാണ്.

***7. ചങ്ങനാശേരി അതിരൂപതയിലെ പൗരോഹിത്യ കൂട്ടായ്മയെക്കുറിച്ചുള്ള പിതാവിന്റെ അനുഭവം എന്താണ്? യുവവൈദികരോട് പ്രത്യേകമായി എന്താണ് പറയാനുള്ളത്?***

ചങ്ങനാശേരി അതിരൂപതയുടെ വലിയ അനുഗ്രഹങ്ങളിലൊന്നാണ് രൂപതാവൈദികരുടെ വലിയ എണ്ണം. അതിലും പ്രധാനപ്പെട്ടത് അവരുടെ കൂട്ടായ്മയാണ്.

രൂപതയിൽ ഒരുതരത്തിലുള്ള ചേരിതിരിവും ഉണ്ടാകാതിരിക്കാൻ ഞാൻ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. ഓരോ വൈദികന്റെയും വ്യക്തിപരമായ സാഹചര്യങ്ങളും ചുമതലകളും

> വിശ്രമജീവിതം പ്രവർത്തനത്തിന്റെ അവസാനം അല്ല; മറ്റൊരു രീതിയിലുള്ള ശുശ്രൂഷയുടെ തുടക്കമാണ്.

പരിഗണിച്ചാണ് തീരുമാനങ്ങൾ എടുക്കാൻ ശ്രമിച്ചത്. സഭയുടെ നന്മയ്ക്കായിരുന്നു എപ്പോഴും മുൻഗണന.

ആരാധനാക്രമവുമായി ബന്ധപ്പെട്ട് സീറോ-മലബാർ സഭയിൽ പല അഭിപ്രായഭിന്നതകളും ഉണ്ടായിട്ടും ചങ്ങനാശേരി അതിരൂപത സഭയുടെ ആധികാരിക നിലപാടിൽ ഒരുമിച്ച് ഉറച്ചുനിന്നത് വൈദികരുടെ സഹകരണത്തിന്റെ ഫലമാണ്.

യുവവൈദികരോട് എനിക്ക് പറയാനുള്ളത് വളരെ ലളിതമാണ്. സ്വന്തം അതിരൂപതയെ അറിയുകയും സ്നേഹിക്കുകയും വേണം. അതിന്റെ ചരിത്രവും പാരമ്പര്യവും മനസ്സിലാക്കണം. വൈദിക കൂട്ടായ്മ ചെറിയ സൗഹൃദവലയങ്ങളിൽ മാത്രം ഒതുങ്ങാതെ മുഴുവൻ രൂപതയെയും ഉൾക്കൊള്ളുന്നതായിരിക്കണം.

സമയം ഏറ്റവും വിലപ്പെട്ട സമ്പത്താണ്. അനാവശ്യ യാത്രകളിൽ അത് നഷ്ടപ്പെടുത്താതെ പ്രാർഥനയ്ക്കും വായനയ്ക്കും രോഗീസന്ദർശനത്തിനും കുടുംബങ്ങളോടൊപ്പമുള്ള അജപാലനത്തിനും കൂടുതൽ സമയം കണ്ടെത്തണം.

യുവജനങ്ങളോടൊപ്പം നടക്കാൻ കഴിയുന്ന പുരോഹിതരാണ് സഭയുടെ പ്രത്യാശ. അതുകൊണ്ട് എല്ലാവരോടും ആദരവോടെയും സ്നേഹത്തോടെയും സമീപിക്കുന്ന ഒരു ജീവിതശൈലി ഓരോ വൈദികന്റെയും അടയാളമായിരിക്കണം.

***8. ഔദ്യോഗിക ചുമതലകളിൽനിന്ന് മാറി നിന്നശേഷം ജീവിതത്തെ കാണുന്ന രീതിയിൽ എന്തെങ്കിലും മാറ്റം വന്നിട്ടുണ്ടോ?***

തീർച്ചയായും. പലരും ചോദിക്കാറുണ്ട്, *"വിശ്രമജീവിതം ബുദ്ധിമുട്ടായില്ലേ?"* എന്റെ മറുപടി എപ്പോഴും ഒന്നുതന്നെയാണ് — ഞാനിപ്പോൾ കൂടുതൽ സന്തോഷവാനാണ്.

അതിരൂപതയുടെ ഉത്തരവാദിത്വം വലിയൊരു ദൗത്യമാണ്. ഓരോ ദിവസവും നിരവധി തീരുമാനങ്ങളും കൂടിക്കാഴ്ചകളും യാത്രകളും ഭരണപരമായ കാര്യങ്ങളും ഉണ്ടാകും. ആ ചുമതലകൾ സന്തോഷത്തോടെ നിർവഹിച്ചിരുന്നെങ്കിലും അതിന് വലിയ സമയവും ശ്രദ്ധയും ആവശ്യമായിരുന്നു.

ഇപ്പോൾ ആ ഉത്തരവാദിത്തങ്ങൾ പുതിയ ആർച്ച് ബിഷപ്പ് ഏറ്റെടുത്തിരിക്കുന്നു. അതിനാൽ കൂടുതൽ സ്വാതന്ത്ര്യത്തോടെ വായിക്കാനും എഴുതാനും പ്രാർഥിക്കാനും ആളുകളെ കാണാനും സമയം ലഭിക്കുന്നു. വർഷങ്ങളായി ചെയ്യണമെന്ന്



> ജനങ്ങൾ പുരോഹിതരിൽനിന്ന് പ്രതീക്ഷിക്കുന്നത് സാങ്കേതിക വൈദഗ്ധ്യമല്ല; വിശുദ്ധിയും കരുണയുമാണ്.

ആഗ്രഹിച്ചിരുന്ന പല കാര്യങ്ങൾക്കും ഇപ്പോൾ അവസരം ലഭിക്കുന്നുണ്ട്.

വിശ്രമജീവിതം പ്രവർത്തനത്തിൽനിന്നുള്ള പിന്മാറ്റമല്ല; ദൈവം നൽകുന്ന മറ്റൊരു ശുശ്രൂഷാകാലമാണ്. ഇപ്പോഴും ആളുകളെ കാണുന്നു, സംസാരിക്കുന്നു, ധ്യാനങ്ങളിലും ആത്മീയ ശുശ്രൂഷകളിലും പങ്കെടുക്കുന്നു. എന്നാൽ, എല്ലാം കൂടുതൽ ശാന്തമായ മനസ്സോടെയാണ് ചെയ്യുന്നത്.

ദൈവം ഇതുവരെ നൽകിയ എല്ലാ അനുഗ്രഹങ്ങൾക്കും നന്ദി പറയുകയാണ് ഇപ്പോഴത്തെ എന്റെ പ്രധാന ചിന്ത.

***9. ഇപ്പോൾ ഒരു ദിവസം എങ്ങനെയാണ് കടന്നുപോകുന്നത്? പ്രാർഥനയ്ക്കും വായനയ്ക്കും എത്രമാത്രം സമയം കണ്ടെത്താറുണ്ട്?***

ജീവിതത്തിന്റെ കേന്ദ്രം ഇന്നും പ്രാർഥന തന്നെയാണ്. വിശുദ്ധ കുർബാന, സഭയുടെ ഔദ്യോഗിക പ്രാർഥനകൾ, വ്യക്തിപരമായ ധ്യാനം — ഇവയാണ് ഓരോ ദിവസത്തിന്റെയും അടിത്തറ.



> പ്രാർഥന ഇല്ലെങ്കിൽ പുരോഹിതജീവിതത്തിനും ക്രൈസ്തവജീവിതത്തിനും അടിത്തറയില്ല.

വിശ്രമജീവിതം കൂടുതൽ സമയം വായനയ്ക്കും ചിന്തയ്ക്കും നൽകുന്നുണ്ട്. വിശുദ്ധ ഗ്രന്ഥം, സഭാപിതാക്കന്മാരുടെ രചനകൾ, ദൈവശാസ്ത്ര ഗ്രന്ഥങ്ങൾ എന്നിവയ്ക്കൊപ്പം ചരിത്രവും സാമൂഹികവിഷയങ്ങളും വായിക്കാൻ ശ്രമിക്കാറുണ്ട്. പുതിയ കാര്യങ്ങൾ പഠിക്കാനുള്ള ആഗ്രഹം ഇന്നും കുറഞ്ഞിട്ടില്ല.

എന്നെ കാണാൻ പലരും വരാറുണ്ട്. അവരുടെ അനുഭവങ്ങൾ കേൾക്കാനും അവർക്കുവേണ്ടി പ്രാർഥിക്കാനും സമയം കണ്ടെത്തുന്നത് വലിയ സന്തോഷമാണ്. പ്രായം കൂടുമ്പോൾ ജീവിതത്തെ കൂടുതൽ നന്ദിയോടെയും സമാധാനത്തോടെയും കാണാൻ പഠിക്കുകയാണ്.

***10. ഇന്നത്തെ കുടുംബങ്ങൾക്ക് പിതാവിന്റെ പ്രത്യേക സന്ദേശം എന്താണ്?***

ഇന്നത്തെ കുടുംബങ്ങൾ നിരവധി വെല്ലുവിളികൾ നേരിടുന്നുണ്ട്. അതുകൊണ്ട്, കുടുംബാംഗങ്ങൾ ഒരുമിച്ച് ചെലവഴിക്കുന്ന സമയം ബോധപൂർവം വർധിപ്പിക്കണം.

കുടുംബപ്രാർഥന ഒരിക്കലും നഷ്ടപ്പെടരുത്. ഒരുമിച്ച് ഭക്ഷണം കഴിക്കാനും സംസാരിക്കാനും വിശുദ്ധഗ്രന്ഥം വായിക്കാനും സമയം കണ്ടെത്തണം. മാതാപിതാക്കൾ മക്കൾക്ക് നൽകുന്ന ഏറ്റവും വലിയ സമ്മാനം വിശ്വാസജീവിതത്തിന്റെ മാതൃകയാണ്.

സാമ്പത്തിക പുരോഗതിയും തൊഴിൽ വിജയവും ആവശ്യമാണ്. എന്നാൽ കുടുംബബന്ധങ്ങളും വിശ്വാസവും നഷ്ടപ്പെട്ടാൽ ആ നേട്ടങ്ങൾക്ക് പൂർണ്ണതയുണ്ടാകില്ല. ക്രിസ്തുവിനെ കേന്ദ്രമാക്കിയ കുടുംബങ്ങൾ സമൂഹത്തിനും സഭയ്ക്കും പ്രത്യാശയുടെ അടയാളങ്ങളാകും.

***11. 'കുടുംബജ്യോതി'യുടെ വായനക്കാർക്കായി എന്താണ് പറയാനുള്ളത്?***

കുടുംബജ്യോതി ഒരു മാസിക മാത്രമല്ല, കുടുംബജീവിതത്തെ സമ്പന്നമാക്കുന്ന ഒരു സഹയാത്രികനാകട്ടെയെന്നാണ് എന്റെ ആഗ്രഹം. ഓരോ ലക്കവും വായിച്ചുതീർക്കുന്നതിൽ മാത്രം ഒതുങ്ങാതെ കുടുംബാംഗങ്ങൾ ഒരുമിച്ച് ചർച്ച ചെയ്യുകയും അവയിലെ നല്ല ചിന്തകൾ ജീവിതത്തിൽ പ്രാവർത്തികമാക്കുകയും ചെയ്താൽ അതിന് കൂടുതൽ അർഥമുണ്ടാകും. നല്ല ചിന്തകളും മൂല്യങ്ങളും വിശ്വാസവും വളർത്തുന്ന പ്രസിദ്ധീകരണങ്ങൾക്ക് ഇന്നത്തെ സമൂഹത്തിൽ വലിയ പ്രസക്തിയുണ്ട്.

യുവജനങ്ങളെയും കുടുംബങ്ങളെയും സഭയോട് കൂടുതൽ ചേർത്തുനിർത്തുന്ന ഒരു വേദിയായി കുടുംബജ്യോതി വളരട്ടെ. അതിന്റെ പ്രവർത്തനങ്ങൾക്ക് ദൈവം സമൃദ്ധമായി അനുഗ്രഹം നൽകട്ടെയെന്ന് ഞാൻ പ്രാർഥിക്കുന്നു.

***അഭിമുഖം അവസാനിക്കുമ്പോൾ...***


"ദൈവം ഇതുവരെ നടത്തിയ വഴികളെ നന്ദിയോടെ ഓർക്കുന്നു; ഇനിയും അവിടുന്ന് നയിക്കുമെന്ന പ്രത്യാശയോടെയാണ് മുന്നോട്ട് പോകുന്നത്." സംഭാഷണം അവസാനിച്ചപ്പോൾ ആർച്ച് ബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടത്തിന്റെ അവസാന വാക്കുകൾ ഏറെ നേരം മനസ്സിൽ മുഴങ്ങിക്കൊണ്ടിരുന്നു. ഔദ്യോഗിക പദവികൾ അവസാനിച്ചിട്ടും ഒരു ഇടയന്റെ ദൗത്യം അവസാനിക്കുന്നില്ല; അത് മറ്റൊരു രൂപത്തിൽ തുടരുകയാണ്.

ആ ശാന്തതയും ആത്മവിശ്വാസവും ദൈവപരിപാലനത്തിലുള്ള ആഴമായ വിശ്വാസവുമാണ് ഈ സംഭാഷണത്തിന്റെ ഏറ്റവും വലിയ സന്ദേശം. ○

community
സമുദായ
ശക്തീകരണം
empowerment

ഡോ. വള്ളിക്കാവ് മോഹൻദാസ്

(*മിഷനറിമാരുടെ കേരളം* എന്ന
പുസ്തകത്തെ ആധാരമാക്കി)



# വെളിച്ചം പകർന്ന അക്ഷരങ്ങൾ:

## മലയാളഭാഷയുടെ വളർച്ചയിൽ മിഷണറിമാരുടെ അമൂല്യ സംഭാവനകൾ

"*ഭാരതമെന്നു കേട്ടാൽ അഭിമാനപൂരിതമാകണം അന്തരംഗം; കേരളമെന്നു കേട്ടാലോ തിളയ്ക്കണം ചോര നമുക്ക് ഞരമ്പുകളിൽ*" എന്ന് മഹാകവി വള്ളത്തോൾ പാടിയത് ഓരോ കേരളീയന്റെയും ഹൃദയത്തിലെ വികാരമാണ്. നമ്മുടെ നാടിനെയും ഭാഷയെയും സംസ്കാരത്തെയുംകുറിച്ച് നാം അഭിമാനം കൊള്ളുന്നു. എന്നാൽ ആ അഭിമാനത്തിന്റെ അടിത്തറയായ മലയാളഭാഷ ഇന്ന് നാം കാണുന്ന രൂപത്തിലേക്ക് വളരുന്നതിനു പിന്നിൽ പ്രവർത്തിച്ചവരെക്കുറിച്ച് നാം എത്രമാത്രം ചിന്തിക്കാറുണ്ട്?

ആ ചോദ്യത്തിന് ഉത്തരം തേടുമ്പോൾ ചരിത്രം നമ്മെ എത്തിക്കുന്നത് കേരളത്തിന്റെ തീരങ്ങളിലേക്ക് കടൽ കടന്നെത്തിയ ഒരു കൂട്ടം ക്രൈസ്തവ മിഷണറിമാരുടെ ജീവിതസമർപ്പണത്തിലേക്കാണ്. അവർ ഈ നാട്ടിലെത്തിയത് ഒരു സംസ്കാരത്തെ മാറ്റിസ്ഥാപിക്കാനല്ല; മറിച്ച് അക്ഷരവും അറിവും വിദ്യാഭ്യാസവും കൂടുതൽ ആളുകളിലേക്ക് എത്തിക്കാനുള്ള ശ്രമങ്ങളുടെ ഭാഗമായിട്ടാണ്.

ഭാഷ, അച്ചടി, വിദ്യാഭ്യാസം, പത്രപ്രവർത്തനം, നിഘണ്ടുനിർമ്മാണം, വ്യാകരണം തുടങ്ങി നിരവധി മേഖലകളിൽ അവർ നൽകിയ സംഭാവനകൾ മലയാളത്തിന്റെ വളർച്ചയിൽ നിർണ്ണായകമായ പങ്കുവഹിച്ചു. ആ ചരിത്രം ഓർക്കുകയും വിലമതിക്കുകയും ചെയ്യുന്നത് നമ്മുടെ സാംസ്കാരിക പൈതൃകത്തെ കൂടുതൽ സമഗ്രമായി മനസ്സിലാക്കാനുള്ള വഴിയാണ്.


ബെഞ്ചമിൻ ബെയ്‌ലി


ഡോ. ഹെർമൻ ഗുണ്ടർട്ട്

കേരളത്തിൽ ദീർഘകാലം ജീവിച്ച ഗുണ്ടർട്ട് മലയാളഭാഷയെയും സംസ്കാരത്തെയും ആഴത്തിൽ മനസ്സിലാക്കി. അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളെ കേവലം മതപരമായ ലക്ഷ്യങ്ങളുടെ പരിധിയിൽ ഒതുക്കാനാവില്ല;

## അക്ഷരങ്ങൾക്ക് ആദ്യരൂപം: അച്ചടിയുടെ ചരിത്രം

മലയാളക്കരയിൽ അച്ചടി വിദ്യയുടെ തുടക്കം 1578-ൽ കൊല്ലത്താണ്. *"ദിവ്യരക്ഷകന്റെ കലാലയം"* എന്നർഥമുള്ള പേരിൽ അറിയപ്പെട്ടിരുന്ന ആ അച്ചടിശാലയിൽ അച്ചടിക്കപ്പെട്ടത് വിശുദ്ധ ഫ്രാൻസിസ് സേവ്യറുടെ ഒരു കൃതിയുടെ തമിഴ് പരിഭാഷയായിരുന്നു. ഭാഷയോടും അക്ഷരത്തോടും അന്നത്തെ മിഷണറിമാർ പുലർത്തിയിരുന്ന ശ്രദ്ധയുടെ ആദ്യസാക്ഷ്യങ്ങളിലൊന്നായിരുന്നു അത്.

ഭാഷ, അച്ചടി, വിദ്യാഭ്യാസം, പത്രപ്രവർത്തനം, നിഘണ്ടുനിർമ്മാണം, വ്യാകരണം തുടങ്ങി നിരവധി മേഖലകളിൽ അവർ നൽകിയ സംഭാവനകൾ മലയാളത്തിന്റെ വളർച്ചയിൽ നിർണ്ണായകമായ പങ്കുവഹിച്ചു.

പിന്നീട് 1678-ൽ പ്രസിദ്ധീകരിക്കപ്പെട്ട *ഹോർത്തൂസ് മലബാറിക്കസ്* എന്ന ബൃഹദ്ഗ്രന്ഥത്തിലാണ് മലയാളം ആദ്യമായി അച്ചടിരൂപത്തിൽ പ്രത്യക്ഷപ്പെടുന്നത്. എന്നാൽ അതിലെ അക്ഷരരൂപം ഇന്ന് നാം ഉപയോഗിക്കുന്ന മലയാ ളലിപിയിൽനിന്ന് ഏറെ വ്യത്യസ്തമായിരുന്നു.




ഇന്ന് നാം പരിചയപ്പെടുന്ന ലളിതവും സുന്ദരവുമായ മലയാള അക്ഷരരൂപത്തിന് പിന്നിൽ വലിയ പങ്കുവഹിച്ചത് സി.എം.എസ്. മിഷണറിയായ ബെഞ്ചമിൻ ബെയ്‌ലിയാണ്. 1829-ൽ കേരളത്തിലെത്തിയ അദ്ദേഹം, അന്നുണ്ടായിരുന്ന അച്ചുകളിലൂടെ മലയാളം അച്ചടിക്കുന്നത് പ്രയാസകരമാണെന്ന് മനസ്സിലാക്കി. അതിനായി അദ്ദേഹം പുതിയ അക്ഷരരൂപങ്ങൾ രൂപകല്പന ചെയ്യുകയും സ്വന്തമായി അച്ചുകൾ നിർമ്മിക്കുകയും ചെയ്തു.

ഒരു നാടൻ ആശാരിയുടെ സഹായത്തോടെ കോട്ടയത്ത് അദ്ദേഹം സ്ഥാപിച്ച അച്ചടിശാല പിന്നീട് "ബെയ്‌ലി പ്രസ്സ്" എന്ന പേരിൽ അറിയപ്പെട്ടു. മലയാള അച്ചടിയുടെ ചരിത്രത്തിലെ ഒരു പ്രധാന നാഴികക്കല്ലാണ് അത്. ഭാഷയുടെ വളർച്ചയ്ക്കായി ഒരു വ്യക്തി നടത്തിയ അതുല്യമായ സമർപ്പണത്തിന്റെ സ്മാരകമായി ആ പ്രസ്സ് ഇന്നും നിലകൊള്ളുന്നു.


ബെയ്‌ലി തയ്യാറാക്കിയ *മലയാളം-ഇംഗ്ലീഷ് നിഘണ്ടുവും ഇംഗ്ലീഷ്-മലയാളം നിഘണ്ടുവും* (1846, 1848) മലയാളഭാഷയ്ക്ക് ലഭിച്ച ആദ്യകാല ശാസ്ത്രീയ നിഘണ്ടുസംരംഭങ്ങളിൽ പ്രധാനപ്പെട്ടവയാണ്. *അമരകോശം* പോലുള്ള പഴയ കൃതികളിൽ നിന്നും നാട്ടിൻപുറങ്ങളിൽനിന്ന് നേരിട്ട് വിവരങ്ങൾ സമാഹരിച്ചാണ് അദ്ദേഹം ഈ വലിയ ദൗത്യം പൂർത്തിയാക്കിയത്.

## ഗുണ്ടർട്ട്: ഭാഷയ്ക്കുവേണ്ടി ജീവിതം സമർപ്പിച്ചയാൾ

മലയാളഭാഷയുടെ ചരിത്രത്തിലെ ഏറ്റവും ശ്രദ്ധേയമായ അധ്യായങ്ങളിലൊന്നാണ് ഡോ. ഹെർമൻ ഗുണ്ടർട്ടിന്റെ സംഭാവനകൾ. ജർമനിയിൽ ജനിച്ച ഈ പണ്ഡിതൻ 1836-ൽ ഇന്ത്യയിലെത്തി. സുവിശേഷപ്രവർത്തനവുമായി ബന്ധപ്പെട്ട മിഷണറിമാരുടെ മക്കൾക്ക് വിദ്യാഭ്യാസം നൽകുന്നതിനായാണ് അദ്ദേഹം ആദ്യം ഇന്ത്യയിലെത്തിയത്.

കേരളത്തിലെത്തിയശേഷം മലയാളഭാഷയോടുള്ള അദ്ദേഹത്തിന്റെ താൽപര്യം ക്രമേണ ആഴത്തിലുള്ള പഠനമായി മാറി. ഭാഷ പഠിക്കുന്നതിൽ ഒതുങ്ങാതെ, അതിന്റെ ഘടനയും ചരിത്രവും നാട്ടിൻപുറങ്ങളിലെ വാമൊഴിപാരമ്പര്യവും അദ്ദേഹം അടുത്തറിഞ്ഞു. കേരളത്തിന്റെ വിവിധ പ്രദേശങ്ങളിലൂടെ സഞ്ചരിച്ച് സാധാരണ ജനങ്ങളുടെ സംസാരത്തിൽനിന്ന് വാക്കുകളും പ്രയോഗങ്ങളും ശേഖരിച്ചാണ് അദ്ദേഹം തന്റെ ഭാഷാപഠനം മുന്നോട്ടുകൊണ്ടുപോയത്.

1851-ൽ പ്രസിദ്ധീകരിച്ച *മലയാള വ്യാകരണം* മലയാള ഭാഷാശാസ്ത്രത്തിലെ ഒരു പ്രധാന നാഴികക്കല്ലായി മാറി. തുടർന്ന് 1872-ൽ പുറത്തിറങ്ങിയ



മലയാളത്തെ ദ്രാവിഡഭാഷാകുടുംബത്തിലെ ഒരു പ്രധാന ഭാഷയായി ശാസ്ത്രീയമായി പഠിച്ച ആദ്യകാല പണ്ഡിതരിൽ ഒരാളും ഗുണ്ടർട്ടായിരുന്നു. 1860 -ൽ അദ്ദേഹം തയ്യാറാക്കിയ മലയാള ഭാഷാപാഠപുസ്തകവും ഭാഷാപഠനരംഗത്ത് വലിയ സംഭാവനയായി. മലയാളലിപിയിൽ വിരാമചിഹ്നങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിച്ചതും അദ്ദേഹത്തിന്റെ സംഭാവനകളിൽ ഒന്നായി വിലയിരുത്തപ്പെടുന്നു

*ഗുണ്ടർട്ട് നിഘണ്ടു* മലയാളത്തിലെ നിഘണ്ടുനിർമ്മാണചരിത്രത്തിൽ ഒരു വഴിത്തിരിവായി. അത് കേവലം വാക്കുകളുടെ ഒരു പട്ടികയായിരുന്നില്ല; ഭാഷയുടെ സമ്പന്നമായ പദസമ്പത്തിനെ ശാസ്ത്രീയമായി രേഖപ്പെടുത്താനുള്ള ആദ്യത്തെ വലിയ ശ്രമങ്ങളിലൊന്നായിരുന്നു.

നമ്മുടെ വാമൊഴിപാരമ്പര്യത്തിന്റെ സംരക്ഷകനായും ഗുണ്ടർട്ട് അറിയപ്പെടുന്നു. തലമുറകളായി കൈമാറിവന്ന നിരവധി പഴഞ്ചൊല്ലുകളും നാടൻ പ്രയോഗങ്ങളും അദ്ദേഹം ശേഖരിച്ച് രേഖപ്പെടുത്തി. *"മാവേലി നാടു വാണിടും കാലം, മാനുഷരെല്ലാരു മൊന്നുപോലെ..."* എന്നു തുടങ്ങുന്ന പ്രസിദ്ധമായ ഓണപ്പാട്ടും അദ്ദേഹത്തിന്റെ ശേഖരണത്തിലൂടെയാണ് രേഖാമൂലം സംരക്ഷിക്കപ്പെട്ടത്. 1845-ൽ പ്രസിദ്ധീകരിച്ച *പഴഞ്ചൊൽമാല* മലയാളത്തിന്റെ വാമൊഴിസമ്പത്തിന്റെ വിലമതിക്കാനാവാത്ത രേഖയാണ്.

മലയാളത്തെ ദ്രാവിഡഭാഷാകുടുംബത്തിലെ ഒരു പ്രധാന ഭാഷയായി ശാസ്ത്രീയമായി പഠിച്ച ആദ്യകാല പണ്ഡിതരിൽ ഒരാളും ഗുണ്ടർട്ടായിരുന്നു. 1860-ൽ അദ്ദേഹം തയ്യാറാക്കിയ മലയാള ഭാഷാപാഠപുസ്തകവും ഭാഷാപഠനരംഗത്ത് വലിയ സംഭാവനയായി. മലയാളലിപിയിൽ വിരാമചിഹ്നങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിച്ചതും അദ്ദേഹത്തിന്റെ സംഭാവനകളിൽ ഒന്നായി വിലയിരുത്തപ്പെടുന്നു.

ഗുണ്ടർട്ടിന്റെ ജീവിതത്തിലെ ഏറ്റവും ശ്രദ്ധേയമായ വശം അദ്ദേഹത്തിന്റെ ഭാഷാസ്നേഹവും നിസ്വാർഥസമർപ്പണവുമാണ്. കേരളത്തിൽ ദീർഘകാലം ജീവിച്ച അദ്ദേഹം മലയാളഭാഷയെയും സംസ്കാരത്തെയും ആഴത്തിൽ മനസ്സിലാക്കി. അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളെ കേവലം മതപരമായ ലക്ഷ്യങ്ങളുടെ പരിധിയിൽ ഒതുക്കാനാവില്ല; ഒരു ജനതയുടെ ഭാഷാപൈതൃകം സംരക്ഷിക്കാനുള്ള വലിയ സാംസ്കാരിക സംഭാവനയായാണ് അവയെ കാണേണ്ടത്.

## വ്യാകരണത്തിന്റെ ആദ്യച്ചുവടുകൾ

ഗുണ്ടർട്ടിനും ബെയ്‌ലിക്കും മുമ്പുതന്നെ മലയാളഭാഷയെ പഠനവിധേയമാക്കാനുള്ള ശ്രമങ്ങൾ ആരംഭിച്ചിരുന്നു. 18-ാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ ത്തന്നെ മലയാളവ്യാകരണരചനയുടെ ആദ്യശ്രമങ്ങൾ നടന്നു.

1712-ൽ ഫാ. ആഞ്ചലൂസ് ഫ്രാൻസിസ് രചിച്ച മലയാളവ്യാകരണം ഈ രംഗത്തെ ആദ്യകാല സംരംഭങ്ങളിലൊന്നായിരുന്നു. തുടർന്ന് അർണോസ് പാതിരി മലയാളഗ്രന്ഥഭാഷയുടെ പഠനത്തിനും വളർച്ചയ്ക്കും സഹായകമായ കൃതികൾ രചിച്ചു.

പിൽക്കാലത്ത് *'കേരളപാണിനി'* എന്നറിയപ്പെട്ട എ.ആർ. രാജരാജവർമ്മയുടെ വ്യാകരണപഠനങ്ങൾ ഈ പാരമ്പര്യത്തിന്റെ തുടർച്ചയായി കാണാം. മലയാളവ്യാകരണത്തിന്റെ ശാസ്ത്രീയ പഠനത്തിന് അടിത്തറയിട്ട ഈ മുൻഗാമികളുടെ ശ്രമങ്ങളാണ് പിന്നീട് ഭാഷാപഠനത്തെ കൂടുതൽ സമ്പന്നമാക്കിയത്.

## പത്രങ്ങളിലൂടെ പിറന്ന ഗദ്യഭാഷ

മലയാളസാഹിത്യത്തിന്റെ പാരമ്പര്യം പറയുമ്പോൾ എഴുത്തച്ഛൻ, ചെറുശ്ശേരി, കുഞ്ചൻ നമ്പ്യാർ തുടങ്ങിയ മഹാകവികളുടെ പദ്യസാഹിത്യത്തെ നാം അഭിമാനത്തോടെ ഓർക്കുന്നു. എന്നാൽ ഇന്ന് നാം സംസാരിക്കുകയും എഴുതുകയും ചെയ്യുന്ന ആധുനിക ഗദ്യമലയാളത്തിന്റെ വളർച്ചയ്ക്കു പിന്നിലും ഒരു വലിയ ചരിത്രമുണ്ട്. അച്ചടിയും പത്രപ്രവർത്തനവും വിദ്യാഭ്യാസപ്രവർത്തനങ്ങളും അതിന് നിർണ്ണായകമായ പങ്കുവഹിച്ചു.

മലയാളത്തിലെ ആദ്യകാല ഗദ്യകൃതികളിൽ പ്രധാനപ്പെട്ട ഒന്നാണ് 1772-ൽ ക്ലമന്റ് പിയാനിയസ് രചിച്ച *സംക്ഷേപവേദാർഥം*. തുടർന്ന് 1785-ൽ പ്രസിദ്ധീകരിച്ച *വർത്തമാനപുസ്തകം* മലയാളത്തിലെ ആദ്യകാല യാത്രാവിവരണകൃതിയായി പരിഗണിക്കപ്പെടുന്നു. കത്തോലിക്കാ വൈദികരും പിന്നീട് പ്രൊട്ടസ്റ്റന്റ് മിഷണറിമാരും മലയാളഗദ്യത്തിന്റെ വളർച്ചയ്ക്ക് വലിയ സംഭാവനകൾ നൽകി.

മലയാളത്തിലെ ആദ്യ പത്രമായി പൊതുവെ കണക്കാക്കപ്പെടുന്നത് ഹെർമൻ ഗുണ്ടർട്ട് 1847-ൽ ആരംഭിച്ച *രാജ്യസമാചാരം* ആണ്. ഗുണ്ടർട്ട് തന്നെയാണ് പിന്നീട് *പശ്ചിമോദയം* എന്ന പ്രസിദ്ധീകരണത്തിനും നേതൃത്വം നൽകിയത്. ഒരു പത്രം പ്രസിദ്ധീകരിക്കുക എന്നതിലുപരി, ശാസ്ത്രം, ഭൂമിശാസ്ത്രം, ചരിത്രം തുടങ്ങിയ വിഷയങ്ങളെക്കുറിച്ചുള്ള ലേഖനങ്ങളിലൂടെ മലയാളവായനക്കാരെ ആധുനിക വിജ്ഞാനത്തിന്റെ ലോകത്തേക്ക് അദ്ദേഹം പരിചയപ്പെടുത്തി. പുതിയ വിഷയങ്ങൾ ലളിതമായ ഭാഷയിൽ അവതരിപ്പിക്കാനുള്ള ശൈലി രൂപപ്പെടുന്നതിന് ഇത്തരം പ്രസിദ്ധീകരണങ്ങൾ സഹായിച്ചു.

19-ാം നൂറ്റാണ്ടിൽ ആരംഭിച്ച മറ്റൊരു പ്രധാന പ്രസിദ്ധീകരണമായിരുന്നു *ജ്ഞാനനിക്ഷേപം*. ഇതിലൂടെ വന്ന 'പുല്ലേലി കുഞ്ചു' എന്ന കൃതിയെ ചില സാഹിത്യചരിത്രകാരന്മാർ മലയാളത്തിലെ ആദ്യകാല നോവൽശ്രമങ്ങളിൽ ഒന്നായി കണക്കാക്കുന്നു. അപ്പു നെടുങ്ങാടിയുടെ 'കുന്ദലത'യ്ക്കു മുമ്പ് മലയാളത്തിൽ നോവൽ രചനയുടെ സാധ്യതകൾ പരീക്ഷിക്കപ്പെട്ടിരുന്നുവെന്നതിന് ഇത് തെളിവായി ചൂണ്ടിക്കാണിക്കപ്പെടുന്നു.

## നസ്രാണിദീപിക: ഒരു പാരമ്പര്യത്തിന്റെ തുടർച്ച

ഈ അച്ചടി-പത്രപ്രവർത്തന പാരമ്പര്യത്തിന്റെ അഭിമാനകരമായ തുടർച്ചയാണ് 1887-ൽ മാന്നാനത്തുനിന്ന് ആരംഭിച്ച *നസ്രാണിദീപിക*. നിധീരിക്കൽ മാണിക്കത്തനാരുടെ നേതൃത്വത്തിൽ ആരംഭിച്ച ഈ പ്രസിദ്ധീകരണം കേരളത്തിലെ ക്രൈസ്തവസമൂഹത്തിന്റെയും മലയാളപത്രപ്രവർത്തനത്തിന്റെയും ചരിത്രത്തിൽ നിർണ്ണായക സ്ഥാനമാണ് നേടിയത്.

മരംകൊണ്ടു നിർമ്മിച്ച ലളിതമായ അച്ചടിയന്ത്രത്തിലൂടെയാണ് ആദ്യകാലത്ത് *നസ്രാണിദീപിക* അച്ചടിക്കപ്പെട്ടത്. എന്നാൽ, അതിന്റെ ദർശനം വളരെ വിശാലമായിരുന്നു. സമൂഹത്തിലെ വിവിധ വിഷയങ്ങളെക്കുറിച്ച് അഭിപ്രായം രൂപപ്പെടുത്താനും വിദ്യാഭ്യാസത്തിനും സാമൂഹികബോധത്തിനും വഴിതെളിക്കാനും ഈ പ്രസിദ്ധീകരണം സഹായിച്ചു.

സ്വാതന്ത്ര്യത്തിന് മുമ്പുതന്നെ ഭരണഭാഷയായി മലയാളത്തെ ഉയർത്തിക്കൊണ്ടുവരണമെന്ന ആവശ്യം ഉന്നയിച്ച പത്രങ്ങളിൽ ഒന്നായിരുന്നു *നസ്രാണിദീപിക*. പിന്നീട് 'ദീപിക' എന്ന പേരിൽ വളർന്ന ഈ പത്രം മലയാള പത്രപ്രവർത്തനത്തിന്റെ ദീർഘമായ പാരമ്പര്യത്തിന്റെ സാക്ഷ്യമായി തുടരുന്നു.

കോട്ടയം സി.എം.എസ്. കോളേജിൽനിന്ന് പുറത്തിറങ്ങിയ *വിദ്യാസംഗ്രഹം* ഇന്ത്യയിലെ ആദ്യകാല കോളേജ് പ്രസിദ്ധീകരണങ്ങളിൽ ഒന്നായി കണക്കാക്കപ്പെടുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങളും അച്ചടിയും പത്രപ്രവർത്തനവും ചേർന്നാണ് കേരളത്തിലെ വിജ്ഞാനസംസ്കാരത്തിന് അടിത്തറ പാകിയത്.


The Nazrani Deepika

## ക്ലാസ്മുറികളും ആതുരാലയങ്ങളും: നവോത്ഥാനത്തിന്റെ വഴികൾ

ഭാഷയുടെയും സാഹിത്യത്തിന്റെയും വളർച്ചയിൽ മാത്രമല്ല, കേരളത്തിന്റെ സാമൂഹികപരിവർത്തനത്തിലും മിഷണറിമാർ ശ്രദ്ധേയമായ പങ്കുവഹിച്ചു. വിദ്യാഭ്യാസം സാധാരണ ജനങ്ങളിലേക്കെത്തിക്കുക എന്ന ലക്ഷ്യത്തോടെ അവർ നിരവധി വിദ്യാലയങ്ങൾ ആരംഭിച്ചു. സമൂഹത്തിലെ പിന്നാക്കവിഭാഗങ്ങൾക്കും സ്ത്രീകൾക്കും വിദ്യാഭ്യാസാവസരങ്ങൾ ലഭിക്കുന്നതിൽ ഈ സ്ഥാപനങ്ങൾ വലിയ പങ്കുവഹിച്ചു. ആധുനിക വിദ്യാഭ്യാസരീതികളുടെ വ്യാപനത്തിന് ഇത് സഹായകമായി. കേരളത്തിലെ പല പ്രമുഖ വിദ്യാഭ്യാസസ്ഥാപനങ്ങളുടെയും തുടക്കം ഈ കാലഘട്ടത്തിലെ വിദ്യാഭ്യാസ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടതാണ്.

ആരോഗ്യരംഗത്തും മിഷണറി പ്രവർത്തനങ്ങൾ ശ്രദ്ധേയമായിരുന്നു. നഴ്സിംഗ് സേവനങ്ങളും ആധുനിക ചികിത്സാരീതികളും വ്യാപിപ്പിക്കുന്നതിൽ അവർ നൽകിയ സംഭാവനകൾ കേരളത്തിന്റെ ആരോഗ്യരംഗത്തെ സ്വാധീനിച്ചു.

അക്ഷരവിദ്യയും വിദ്യാഭ്യാസവും ആരോഗ്യപരിപാലനവും സാമൂഹികബോധവും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നുവെന്ന് തിരിച്ചറിഞ്ഞുകൊണ്ടായിരുന്നു ഈ പ്രവർത്തനങ്ങൾ. അതുകൊണ്ടുതന്നെ

കേരളത്തിന്റെ സാമൂഹിക നവോത്ഥാനചരിത്രത്തിലും ഈ സംഭാവനകൾക്ക് ഒരു പ്രധാന സ്ഥാനമുണ്ട്.

## ചരിത്രത്തിലെ വിസ്മരിക്കപ്പെട്ട ഏട്

മലയാളഭാഷയുടെയും കേരളീയസമൂഹത്തിന്റെയും വളർച്ചയിൽ മിഷണറിമാർ നൽകിയ സംഭാവനകളുടെ വ്യാപ്തി മനസ്സിലാക്കുമ്പോൾ സ്വാഭാവികമായി ഒരു ചോദ്യം ഉയരുന്നു: ഈ ചരിത്രം പൊതുബോധത്തിലും പാഠപുസ്തകങ്ങളിലും വേണ്ടത്ര ഇടം നേടിയിട്ടുണ്ടോ?

മലയാളഭാഷയുടെ ചരിത്രം പറയുമ്പോൾ എഴുത്തച്ഛനെപ്പോലുള്ള മഹാകവികളുടെ പദ്യപാരമ്പര്യത്തിന് അർഹമായ അംഗീകാരം ലഭിക്കാറുണ്ട്. എന്നാൽ ഗദ്യഭാഷയുടെ വളർച്ചയ്ക്കും അച്ചടിക്കും നിഘണ്ടുനിർമ്മാണത്തിനും വ്യാകരണപഠനത്തിനും പത്രപ്രവർത്തനത്തിനും അടിത്തറയിട്ടവരുടെ സംഭാവനകൾ പലപ്പോഴും വേണ്ടത്ര ചർച്ച ചെയ്യപ്പെടാറില്ല.

ഇത് ആരുടെയെങ്കിലും സംഭാവനകളെ കുറച്ചുകാണാനുള്ള ശ്രമമല്ല. മറിച്ച്, ഭാഷയുടെ ചരിത്രത്തെ കൂടുതൽ സമഗ്രമായി മനസ്സിലാക്കാനുള്ള ഒരു ശ്രമമാണ്. ഒരു ഭാഷയുടെ വളർച്ച ഒരൊറ്റ വ്യക്തിയുടെയോ ഒരു കാലഘട്ടത്തിന്റെയോ സംഭാവനയല്ല; പല തലമുറകളിലെ നിരവധി മനുഷ്യരുടെ പരിശ്രമങ്ങളുടെ ഫലമാണ്.


മലയാളഭാഷയുടെ സമ്പന്നമായ പദ്യപാരമ്പര്യത്തിനൊപ്പംതന്നെ, ആധുനിക ഗദ്യമലയാളത്തിന്റെ രൂപീകരണത്തിലും അച്ചടിയുടെയും പത്രപ്രവർത്തനത്തിന്റെയും വളർച്ചയിലും മിഷണറിമാർ വഹിച്ച പങ്ക് ചരിത്രപരമായി പ്രധാനപ്പെട്ടതാണ്.

ഭാഷയുടെ വളർച്ചയെ സമഗ്രമായി വിലയിരുത്തുമ്പോൾ കവികൾ, പണ്ഡിതർ, അച്ചടിപ്രവർത്തകർ, അധ്യാപകർ, നിഘണ്ടുകർത്താക്കൾ, പത്രപ്രവർത്തകർ തുടങ്ങി നിരവധി വിഭാഗങ്ങളുടെ സംഭാവനകൾ ഒരുമിച്ച് പരിഗണിക്കേണ്ടതുണ്ട്. അതുകൊണ്ടുതന്നെ മിഷണറിമാരുടെ ഭാഷാസേവനം ഒരു "മറുവശത്തെ ചരിത്രം" അല്ല; മലയാളത്തിന്റെ സമഗ്രചരിത്രത്തിലെ പ്രധാനപ്പെട്ട ഒരു അധ്യായമാണ്.

## നന്ദിയോടെ, അഭിമാനത്തോടെ

ഇന്ന് നാം സംസാരിക്കുകയും ചിന്തിക്കുകയും എഴുതുകയും ചെയ്യുന്ന മലയാളഭാഷയുടെ വളർച്ചയിൽ അനേകം വ്യക്തികളുടെ അധ്വാനമുണ്ട്. അവരിൽ ഭാഷയെ പഠിക്കുകയും രേഖപ്പെടുത്തുകയും വളർത്തുകയും ചെയ്ത മിഷണറിമാരുടെ പങ്ക് പ്രത്യേകം ശ്രദ്ധിക്കപ്പെടേണ്ടതാണ്.

കടൽ കടന്നെത്തിയ ഇവരിൽ പലരും കേരളത്തിന്റെ ഭാഷയും സംസ്കാരവും അടുത്തറിഞ്ഞു.



നാട്ടുകാരുടെ ജീവിതത്തിലേക്ക് ഇറങ്ങിച്ചെന്ന് അവരുടെ വാക്കുകളും അനുഭവങ്ങളും പാരമ്പര്യങ്ങളും രേഖപ്പെടുത്തി. അംഗീകാരത്തിനോ പ്രശസ്തിക്കോ വേണ്ടിയല്ല, തങ്ങൾ പ്രവർത്തിച്ച സമൂഹത്തിന്റെ വളർച്ചയ്ക്കുവേണ്ടിയായിരുന്നു അവരുടെ പല ശ്രമങ്ങളും.

ക്രൈസ്തവസമൂഹത്തിന് ഇത് പ്രത്യേകമായ ഒരു ചരിത്രസ്മരണ കൂടിയാണ്. തങ്ങളുടെ മുൻതലമുറകൾ വിശ്വാസപ്രചാരണത്തോടൊപ്പം ഭാഷ, വിദ്യാഭ്യാസം, അച്ചടി, സാമൂഹികസേവനം തുടങ്ങിയ മേഖലകളിലും നൽകിയ സംഭാവനകൾ ഓർക്കേണ്ടത് അഭിമാനത്തിന്റെയും ഉത്തരവാദിത്തത്തിന്റെയും ഭാഗമാണ്.

*ദീപിക* പോലുള്ള പ്രസിദ്ധീകരണങ്ങൾ ദീർഘകാലമായി തുടരുന്നത് ഈ പാരമ്പര്യത്തിന്റെ ജീവിക്കുന്ന സാക്ഷ്യങ്ങളിലൊന്നാണ്. ഒരു പ്രസിദ്ധീകരണത്തിന്റെ ചരിത്രം മാത്രമല്ല അത്; മലയാളത്തിലെ പത്രപ്രവർത്തനത്തിന്റെയും സാമൂഹികചിന്തയുടെയും വളർച്ചയുടെ ഭാഗമാണ്.

ഭാഷയെ സ്നേഹിക്കുകയും അതിലൂടെ ഒരു ജനതയെ അക്ഷരവെളിച്ചത്തിലേക്ക് നയിക്കുകയും ചെയ്ത ആ മഹത്തായ പരിശ്രമങ്ങളെ ഓർക്കുന്നത് വെറും ചരിത്രസ്മരണം മാത്രമല്ല; വരുംതലമുറകൾക്ക് നൽകേണ്ട ഒരു സാംസ്കാരികബോധം കൂടിയാണ്.

കാരണം, ഒരു ഭാഷയുടെ ചരിത്രം ആ ഭാഷ സംസാരിക്കുന്ന ജനതയുടെ ചരിത്രമാണ്. ആ ചരിത്രത്തിൽ സംഭാവന നൽകിയ ആരെയും മറക്കരുത്; ആരുടെയും പങ്ക് അവഗണിക്കരുത്. മലയാളം നിലനിൽക്കുന്നിടത്തോളം, അതിന് വെളിച്ചം പകർന്ന അക്ഷരങ്ങളുടെ ശില്പികളെയും നാം നന്ദിയോടെ ഓർക്കേണ്ടതുണ്ട്.

○

# ദൈവത്തിന്റെ സമയം



ബോബി ജോസ് കട്ടിക്കാട്

> കഥയുടെ അവസാനം എല്ലാത്തരം ഉയിർത്തെഴുന്നേൽപ്പിന്റെയും കഥയായിരിക്കണം. മനുഷ്യഭാവനയ്ക്ക് വേദപുസ്തകം സമ്മാനിച്ച ഏറ്റവും മനോഹരമായ വാക്കാണ് ഉയിർത്തെഴുന്നേൽപ്പ്.

കൊച്ചിയിൽ ഞങ്ങൾക്കു ചില കൂട്ടായ്മകളുണ്ട്. പ്രകൃതിയോടും മനുഷ്യനോടും ഈശ്വരനോടും നമസ്തേ കൊണ്ടുനടക്കുന്നവരുടെ ഒത്തുചേരലാണത്. അതിനെ ഞങ്ങൾ "താവു" എന്നാണ് വിളിക്കുന്നത്. ആ കൂട്ടായ്മയുടെ പൊതുവായ ഒരു രീതിയുണ്ട്. ഇത്തിരിനേരം കണ്ണുപൂട്ടി അടുത്തിരിക്കുന്ന ആളുടെ കൈ കോർത്തുപിടിച്ച് അയാളിലേക്ക് ഏകാഗ്രമാകുക. അതിനുശേഷം കൈകൾ വേർപെടുമ്പോൾ പൊതുവെ നൽകുന്ന മെഡിറ്റേഷൻ ഇങ്ങനെയാണ്: "ഈ വ്യക്തി ഇല്ലായിരുന്നുവെങ്കിൽ നമ്മുടെ ഈ ഒത്തുചേരൽ എത്രയോ ശുഷ്കമായിപ്പോയേനേ! നമ്മൾ ആത്യന്തികമായി എത്രയോ ദരിദ്രരായിപ്പോയേനേ!"

അതുപോലെ, യേശുവില്ലാത്ത ഒരു ലോകത്തെ വെറുതേ ഒന്നു ഭാവന ചെയ്യുക. ലോകം എത്രമാത്രം ദരിദ്രമായിപ്പോയേനേ! ദുഃഖശനിയുമായി ബന്ധപ്പെട്ട നിരവധി ഭാവനകൾ യൂറോപ്പിൽ രൂപപ്പെട്ടത് ഈ പശ്ചാത്തലത്തിലാണ്. യേശുവില്ല! ഇത് ദൈവശാസ്ത്രപരമായ ഒരു വിചാരമല്ല; ഒരു കവിതയുടെ സാമൂഹികഭാവനയാണ്. മണ്ണടരുകൾക്കടിയിലാണ് യേശു. അപ്പോൾ യേശുവില്ലാത്ത ലോകം എത്രമാത്രം കഠിനമായിപ്പോയേനേ! എത്രമാത്രം ഇരുട്ടിലായിപ്പോയേനേ! യേശു വരണം.

എല്ലാ കഥകളും അവസാനിക്കേണ്ടത് അങ്ങനെയാണ് - അനന്തരം അവർ സന്തോഷത്തോടെ ജീവിച്ചു, സമാധാനത്തോടെ ജീവിച്ചു. കഥകൾ സന്തോഷത്തിലും സമാധാനത്തിലും അവസാനിക്കുന്നതിന് വിളിക്കുന്ന വാക്കാണ് 'ഉയിർത്തെഴുന്നേൽപ്പ്'.

ഒരുപക്ഷേ, നിങ്ങൾ എത്തിച്ചേർന്നിരിക്കുന്ന ജീവിതത്തിൽ സന്തോഷമോ സമാധാനമോ സ്നേഹമോ ഇല്ലെങ്കിൽ ഓർത്തോളണം — കഥയുടെ അവസാനം ആയിട്ടില്ല. കഥയുടെ അവസാനം എല്ലാത്തരം ഉയിർത്തെഴുന്നേൽപ്പിന്റെയും കഥയായിരിക്കണം. മനുഷ്യഭാവനയ്ക്ക് വേദപുസ്തകം സമ്മാനിച്ച ഏറ്റവും മനോഹരമായ വാക്കാണ് 'ഉയിർത്തെഴുന്നേൽപ്പ്'. പല വേദപുസ്തകഭാഗങ്ങളും ആ പശ്ചാത്തലത്തിൽ വേണം വായിക്കാൻ.





> മനുഷ്യന്റെ എല്ലാ പ്രതീക്ഷകളും അവസാനിക്കുന്ന നിമിഷം. ദൈവത്തിന്റെ ശരിയായ സമയം ആരംഭിക്കുന്ന നിമിഷം. മനുഷ്യന്റെ പ്രത്യാശയുടെ അതിരിനും ദൈവത്തിന്റെ ശരിയായ നേരത്തിനും വിളിക്കുന്ന വാക്കാണ് മൂന്നാം ദിവസം. ഒന്നും പ്രതീക്ഷിക്കാനില്ലെന്ന് കരുതുമ്പോൾ ഒരു ഇടപെടൽ ഉണ്ടാകുന്നു. ഒരുപക്ഷേ, യേശു ഏറ്റവും കൂടുതൽ ധ്യാനിച്ച പ്രവാചകന്മാരിൽ ഒരാൾ ഹോസിയായായിരിക്കാം.

ഉദാഹരണത്തിന് ധൂർത്തപുത്രന്റെ കഥ. മലയാള വിവർത്തനത്തിൽ നാം വായിക്കുന്നത്: "ഞാൻ എഴുന്നേറ്റ് എന്റെ അപ്പന്റെ അടുക്കലേക്കു പോകും." എന്നാൽ അതിന്റെ ആത്മാവ് ഇങ്ങനെയാണ്: "ഞാൻ ഉയിർത്തെഴുന്നേറ്റ് എന്റെ അപ്പന്റെ അടുക്കലേക്കു പോകും." എല്ലാത്തരം വീണ്ടെടുപ്പുകളും, തിരിച്ചുവരവുകളും, പുനർജീവനങ്ങളും സൂചിപ്പിക്കാൻ മനുഷ്യരാശിക്കു ലഭിച്ച ഏറ്റവും മനോഹരമായ പദമാണ് 'ഉയിർപ്പ്'. അതിന്റെ ചില സൂചനകൾ പഴയനിയമത്തിലുണ്ട്. അതിലൊന്നാണ് 'മൂന്നാം ദിവസം' എന്ന പ്രയോഗം. ഹോസിയായുടെ പുസ്തകത്തിലാണ് നാം അത് ആദ്യമായി കേൾക്കുന്നത്.

ഹോസിയ ഏറ്റവും നിരാശാഭരിതനായ മനുഷ്യരിൽ ഒരാളാണ്. കാരണം, അദ്ദേഹത്തിന്റെ പങ്കാളി ഒരു ഗണികയായി മാറിയിരിക്കുകയാണ്. നമ്മളാരും അങ്ങനെയൊരു പങ്കാളിയെ ആഗ്രഹിക്കുന്നില്ല. എത്ര കയ്പുകൾ ഉണ്ടായാലും നമ്മിലേക്ക് ഏകാഗ്രമാകുന്ന ഒരു പങ്കാളിയെയാണ് എല്ലാവരും ആഗ്രഹിക്കുന്നത്. എന്നാൽ, അത്ര ലളിതമായ ആ സ്വപ്നംപോലും തകർന്നുപോയ മനുഷ്യനാണ് ഹോസിയ. എന്നിട്ടും, ആ ഹോസിയ പറയുന്ന വാക്കാണ് മുഴുവൻ വേദപുസ്തകത്തിലെയും ഏറ്റവും പ്രകാശം സ്ഫുരിക്കുന്ന വാക്കായി മാറുന്നത് — "മൂന്നാം ദിവസം, തേർഡ് ഡേ".

"മരിക്കാൻ വിട്ടുകൊടുത്താലും അവിടുന്ന് നമ്മെ മൂന്നാം നാൾ ഉയിർപ്പിക്കും". യഹൂദരുടെ സങ്കല്പമനുസരിച്ച് ഒരാൾ മരിച്ചാൽ അയാളുടെ ആത്മാവ് മൂന്നുദിവസംവരെ ശരീരത്തോടൊപ്പം ഉണ്ടായിരിക്കും. മൂന്നാം ദിവസം ശരീരം സ്വാഭാവികമായി അഴുകിത്തുടങ്ങും. പിന്നെ അവനിൽ നിന്ന് ഒന്നും പ്രതീക്ഷിക്കാനില്ല. ശവകുടീരത്തിലെ പ്രാർഥനകളും അതോടെ അവസാനിക്കും. അതുകൊണ്ടാണ് യേശു ലാസറിന്റെ കല്ലറയ്ക്കരികിലെത്തുമ്പോൾ അവന്റെ സഹോദരിമാർ പറയുന്നത്: "മൂന്നു ദിവസം കഴിഞ്ഞിരിക്കുന്നു." പ്രതീക്ഷിക്കാവുന്ന എല്ലാ യാമങ്ങളും കഴിഞ്ഞിരിക്കുന്നു. ഏറെ വൈകിയിരിക്കുന്നു.

അപ്പോൾ എന്താണ് 'മൂന്നാം ദിവസം'? മനുഷ്യന്റെ എല്ലാ പ്രതീക്ഷകളും അവസാനിക്കുന്ന നിമിഷം. ദൈവത്തിന്റെ ശരിയായ സമയം ആരംഭിക്കുന്ന നിമിഷം. മനുഷ്യന്റെ പ്രത്യാശയുടെ അതിരിനും ദൈവത്തിന്റെ ശരിയായ നേരത്തിനും വിളിക്കുന്ന വാക്കാണ് മൂന്നാം ദിവസം. ഒന്നും പ്രതീക്ഷിക്കാനില്ലെന്ന് കരുതുമ്പോൾ ഒരു ഇടപെടൽ ഉണ്ടാകുന്നു. ഒരുപക്ഷേ, യേശു ഏറ്റവും കൂടുതൽ ധ്യാനിച്ച പ്രവാചകന്മാരിൽ ഒരാൾ ഹോസിയായായിരിക്കാം. 'സക്സസ്ഫുൾ' ആയിട്ടുള്ള മനുഷ്യൻ അല്ലാത്തതുകൊണ്ടുകൂടിയാണ് അത്.

നമ്മൾ പലപ്പോഴും വിചാരിക്കാറുണ്ട്: ലോകത്തോട് പ്രത്യാശയെക്കുറിച്ച് പറയാൻ വിജയിച്ച ഒരു മനുഷ്യനാകണം; ഓട്ടപ്പന്തയത്തിൽ ഒന്നാമതെത്തിയ ഒരാളാകണം; പറയാൻ ഒരു 'സക്സസ് സ്റ്റോറി' വേണം. പക്ഷേ, ലോകത്തോട് പ്രത്യാശ പറയാൻ കഴിയുന്നത് തോറ്റ മനുഷ്യർക്കാണ്; അടിമുടി നുറുങ്ങിപ്പോയ മനുഷ്യർക്കാണ്; ജീവിതത്തിന്റെ അടികൾ ഏറ്റുവാങ്ങി കൂനിപ്പിടിച്ചുപോയവർക്കാണ്.

'കുരിശ്' എന്നു പറയുന്നതുതന്നെ എന്താണ്? ഒരു വലിയ പരാജയത്തിന്റെ അടയാളമായിട്ടാണ് അത് അവസാനിക്കുന്നത്. എന്നാൽ, ആ പരാജയത്തിന്റെ അടയാളത്തിൽനിന്നാണ് ലോകത്തിലെ ഏറ്റവും വലിയ പ്രത്യാശ ഉദിച്ചത്. 'പ്രത്യാശയുടെ മരം' എന്നാണല്ലോ നാം അതിനെ വിളിക്കുന്നത്. തോറ്റ മനുഷ്യർക്കും ലോകത്തിന്റെ പ്രത്യാശയെ ഊതിയൂതി ഉണർത്താൻ കഴിയും എന്ന മഹത്തായ സങ്കല്പമാണ് ഹോസിയ പ്രവാചകൻ നമുക്ക് നൽകുന്നത്. അതുകൊണ്ടാവണം, അദ്ദേഹത്തിന്റെ 'മൂന്നാം ദിവസം' എന്ന പ്രയോഗം യേശുവിന്റെ ഭാഷയിലും വീണ്ടും വീണ്ടും തെളിഞ്ഞുവരുന്നത്.

ദൈവത്തിന്റെ ശരിയായ നേരം - ദൈവത്തിന്റെ ആ സമയത്തെ നാം വിളിക്കുന്ന പേരാണ് കെയ്റോസ് (Kairos). ക്ലോക്കിൽ അളക്കപ്പെടുന്ന സമയം ക്രോണോസ് (Chronos) ആണ്. ക്രോണിക്കിൾ പോലുള്ള പദങ്ങൾ വരുന്നതൊക്കെ അതിൽനിന്നാണ്. ക്രോണോസ് അവസാനിക്കുന്നിടത്താണ് കെയ്റോസ് ആരംഭിക്കുന്നത്. മനുഷ്യന്റെ സമയം തീരുന്നിടത്താണ് ദൈവത്തിന്റെ സമയം തുടങ്ങുന്നത്.

○

സമകാലികം
CURRENT AFFAIRS

# ഒരു പന്ത് ഒരു ലോകം ഒരുപാട് പാഠങ്ങൾ




കഴിഞ്ഞുപോയത് കായികപ്രേമികളെ ആവേശത്തിന്റെ കൊടുമുടിയിലെത്തിച്ച കളിയരങ്ങിന്റെ ദിനരാത്രങ്ങൾ. അർധരാത്രികളിൽ മുഴങ്ങിയ ജയാരവങ്ങൾ, തോൽവിയുടെ ഭീതിയിൽ ശ്വാസംപോലും പിടിച്ചുനിന്ന നിമിഷങ്ങൾ, ഉറക്കം മാറ്റിവച്ച് കാത്തിരുന്ന മത്സരങ്ങൾ, വിജയത്തിന്റെ ആവേശത്തിലും പരാജയത്തിന്റെ വേദനയിലും കടന്നുപോയ മണിക്കൂറുകൾ — എല്ലാം ചേർന്ന് ലോകത്തെ ഒരു പന്തിലേക്കു ചുരുക്കിയ ദിനങ്ങളായിരുന്നു അവ.

കൂട്ടുകാരെ വെല്ലുവിളിച്ചും ഇഷ്ട ടീമുകൾക്കുവേണ്ടി വാദിച്ചും നടത്തിയ സൗഹൃദവാഗ്വാദങ്ങളും പന്തയങ്ങളുംവരെ ഈ കായികമാമാങ്കത്തിന്റെ ഭാഗമായിരുന്നു. ലോകത്തിന്റെ മുഴുവൻ ശ്രദ്ധയും ഒരു പന്തിന്റെ ചലനത്തിലേക്ക് എത്തിക്കാൻ കഴിയുന്ന ശക്തിയാണ് ഫുട്ബോളിനുള്ളത്.

രാവിനെ പകലാക്കി, കണ്ണിൽ എണ്ണയൊഴിച്ച് കണ്ട മത്സരങ്ങളും സിരകളിൽ ആവേശം നിറച്ച നിമിഷങ്ങളും പിന്നിട്ടപ്പോൾ ലോകത്തിലെ ഏറ്റവും വലിയ കായികമാമാങ്കത്തിന് കൊടിയിറങ്ങി. ഫിഫ ലോകകപ്പ് ഫുട്ബോളിന്റെ ആവേശദിനങ്ങൾ അവസാനിച്ച ഉടൻതന്നെ, അടുത്ത ലോകകപ്പിനായുള്ള നാലുവർഷത്തെ കാത്തിരിപ്പ് ആരംഭിച്ചുകഴിഞ്ഞു. അതുതന്നെയാണ് ഈ കളി മനുഷ്യഹൃദയങ്ങളിൽ നേടിയിരിക്കുന്ന സ്ഥാനം വ്യക്തമാക്കുന്നത്.

മികച്ച പരിശീലനവും തന്ത്രങ്ങളും കൂട്ടായ പ്രവർത്തനവുംകൊണ്ട് മുന്നിലെത്തിയ ടീമുകളെ അഭിനന്ദിക്കുമ്പോൾത്തന്നെ, പരാജയപ്പെട്ടവരെക്കുറിച്ചുള്ള വിലയിരുത്തലുകളും സ്വാഭാവികമാണ്. എന്നാൽ, ഇത്തവണ ചർച്ചയായത് വിജയികളും പരാജിതരും മാത്രമല്ല; ഫുട്ബോൾ എന്ന കളിയുടെ വിശ്വാസ്യതയെക്കുറിച്ചുള്ള ചോദ്യങ്ങളുമാണ്.

കളിയുടെ സ്വാഭാവിക സൗന്ദര്യവും നീതിബോധവും മറ്റേതെങ്കിലും താൽപര്യങ്ങൾക്ക് വഴിമാറുന്നുവോ എന്ന ആശങ്ക യഥാർഥ ഫുട്ബോൾ ആരാധകരിൽ ഉയരുന്നത് സ്വാഭാവികമാണ്.



## പന്ത് വികസനത്തെ വിഴുങ്ങിയോ?

1930-ൽ ആരംഭിച്ച ഫിഫ ലോകകപ്പ് കാലക്രമേണ ഒരു കായികമത്സരം മാത്രമല്ല, ആതിഥേയ രാജ്യങ്ങളുടെ സാമ്പത്തിക രംഗത്തെ സ്വാധീനിക്കുന്ന വലിയ ആഗോള സംഭവമായും മാറിയിട്ടുണ്ട് .

1970-കളിലെ സാമ്പത്തിക പ്രതിസന്ധികൾക്കുശേഷം ഇറ്റലി 1990-ലെ ലോകകപ്പിനെ വിനോദസഞ്ചാരത്തിനും അന്താരാഷ്ട്ര പ്രതിച്ഛായ വർധിപ്പിക്കുന്നതിനുമുള്ള അവസരമായി കണ്ടു. എന്നാൽ, അമിതമായ ചെലവുകളും അടിസ്ഥാനസൗകര്യ നിർമ്മാണങ്ങളുമൊക്കെ പിന്നീട് സാമ്പത്തിക ഭാരമായി മാറി.

1994-ൽ അമേരിക്ക ആതിഥേയത്വം വഹിച്ച ലോകകപ്പ് താരതമ്യേന വ്യത്യസ്തമായ സാമ്പത്തിക മാതൃകയാണ് അവതരിപ്പിച്ചത്. വൻകിട വിപണനസാധ്യതകളും ടെലിവിഷൻ അവകാശങ്ങളും പുതിയ ഫുട്ബോൾ സംസ്കാരത്തിന്റെ വളർച്ചയും അമേരിക്കൻ കായികരംഗത്ത് പുതിയ സാധ്യതകൾ തുറന്നു.

1998-ൽ ഫ്രാൻസിൽ നടന്ന ലോകകപ്പിൽ ചെലവുകൾ നിയന്ത്രിച്ചെങ്കിലും, ലഭിച്ച സാമ്പത്തിക നേട്ടങ്ങളുടെ വലിയൊരു ഭാഗം ഫിഫയ്ക്കും ബഹുരാഷ്ട്ര കമ്പനികൾക്കും ലഭിച്ചു എന്ന വിമർശനങ്ങൾ ഉയർന്നു. ലോകകപ്പ് പോലൊരു ആഗോള പരിപാടിയുടെ സാമ്പത്തിക ഗുണഫലങ്ങൾ ആതിഥേയ രാജ്യത്തിന് എത്രമാത്രം ലഭിക്കുന്നു എന്ന ചോദ്യം അന്നുമുതൽ ചർച്ചയിലുണ്ട്.



> മികച്ച പരിശീലനവും തന്ത്രങ്ങളും കൂട്ടായ പ്രവർത്തനവും കൊണ്ട് മുന്നിലെത്തിയ ടീമുകളെ അഭിനന്ദിക്കുമ്പോൾത്തന്നെ, പരാജയപ്പെട്ടവരെക്കുറിച്ചുള്ള വിലയിരുത്തലുകളും സ്വാഭാവികമാണ്. എന്നാൽ, ഇത്തവണ ചർച്ചയായത് വിജയികളും പരാജിതരും മാത്രമല്ല; ഫുട്ബോൾ എന്ന കളിയുടെ വിശ്വാസ്യതയെക്കുറിച്ചുള്ള ചോദ്യങ്ങളുമാണ്.

2014-ലെ ബ്രസീൽ ലോകകപ്പ് ചരിത്രത്തിലെ ഏറ്റവും ചെലവേറിയ ലോകകപ്പുകളിൽ ഒന്നായിരുന്നു. വലിയ നിർമ്മാണപദ്ധതികളും സംഘാടനത്തിലെ വീഴ്ചകളും ബ്രസീലിൽ സാമ്പത്തികവും സാമൂഹികവുമായ വിമർശനങ്ങൾക്ക് വഴിവച്ചു.

ഇത്തരം അനുഭവങ്ങൾ ലോകകപ്പ് ആതിഥേയത്വത്തെക്കുറിച്ച് പല രാജ്യങ്ങളെയും കൂടുതൽ ജാഗ്രതയുള്ളവരാക്കി. ഒരു വശത്ത് ലോകകപ്പ് നൽകുന്ന അന്താരാഷ്ട്ര ശ്രദ്ധയും സാമ്പത്തിക അവസരങ്ങളും ഉണ്ടെങ്കിലും, മറുവശത്ത് അതിന്റെ ചെലവും ദീർഘകാല ബാധ്യതകളും രാജ്യങ്ങൾ കണക്കിലെടുക്കേണ്ടിവരുന്നു.

## പണം പന്തിനെ വിഴുങ്ങുമ്പോൾ

ലോകകപ്പ് വെറും കായികമത്സരം മാത്രമല്ല; ഇന്ന് അത് വലിയൊരു ആഗോള വിപണികൂടിയാണ്. അതുകൊണ്ടുതന്നെ, കളിയുടെ സ്വാഭാവികതയും വിപണിയുടെ താൽപര്യങ്ങളും തമ്മിലുള്ള സംഘർഷം പലപ്പോഴും ചർച്ചയാകാറുണ്ട്.

ഈ ലോകകപ്പും നിരവധി വിവാദങ്ങളുടെ പേരിൽ ഓർമ്മിക്കപ്പെടുമെന്ന് വിമർശകർ ചൂണ്ടിക്കാട്ടുന്നു. ചില മത്സരങ്ങളിലെ വിധിനിർണ്ണയങ്ങളും സാങ്കേതികവിദ്യയുടെ ഇടപെടലുകളും ഫിഫയുടെ തീരുമാനങ്ങളും കളിയുടെ സുതാര്യതയെക്കുറിച്ചുള്ള ചോദ്യങ്ങൾ ഉയർത്തി.

മുൻകാല ലോകകപ്പുകളുടെ സാമ്പത്തിക അനുഭവങ്ങൾ പരിഗണിച്ചപ്പോൾ, വലിയ ആരാധകശക്തിയുള്ള ടീമുകളും താരങ്ങളും മത്സരത്തിൽ തുടരുന്നത് സംഘാടകരുടെ സാമ്പത്തിക താൽപര്യങ്ങൾക്ക് സഹായകരമാണെന്ന വിമർശനവും ഉയർന്നു. 48 ടീമുകളെ ഉൾപ്പെടുത്താനുള്ള തീരുമാനംപോലും കൂടുതൽ വിപണി സാധ്യതകൾ ലക്ഷ്യമിട്ടുള്ളതാണെന്ന അഭിപ്രായങ്ങൾ ചിലർ പ്രകടിപ്പിച്ചു.

പ്രമുഖതാരങ്ങളുടെ സാന്നിധ്യം ഒരു മത്സരത്തിന്റെ പ്രേക്ഷകശ്രദ്ധയെയും വിപണിമൂല്യത്തെയും വലിയ തോതിൽ സ്വാധീനിക്കുന്ന കാലഘട്ടമാണിത്. അതുകൊണ്ടുതന്നെ, ചില താരങ്ങളുമായി ബന്ധപ്പെട്ട തീരുമാനങ്ങൾപോലും സംശയങ്ങളുടെ നിഴലിൽ വരാറുണ്ട്.




> ലോകകപ്പ് പോലൊരു വേദിയിൽ ആരാധകർക്ക് ഏറ്റവും ആവശ്യമുള്ളത് വിശ്വാസ്യതയാണ്. ഓരോ തീരുമാനവും നീതിപൂർവമാണെന്ന് ബോധ്യപ്പെടുന്ന തരത്തിലുള്ള സുതാര്യമായ സംവിധാനങ്ങൾ അനിവാര്യമാണ്. കളിയുടെ ഫലത്തേക്കാൾ വലുതാണ് കളിയിലുള്ള വിശ്വാസം. ആ വിശ്വാസം നഷ്ടപ്പെടുമ്പോൾ ഏറ്റവും വലിയ നഷ്ടം ഫുട്ബോളിനുതന്നെയാണ്.

എന്നാൽ ഇത്തരം ആരോപണങ്ങൾ തെളിയിക്കപ്പെട്ട വസ്തുതകളായി കാണാനാവില്ല. മറിച്ച്, ലോകഫുട്ബോളിൽ പണത്തിന്റെയും വിപണിയുടെയും സ്വാധീനം എത്രത്തോളം വർധിച്ചിരിക്കുന്നു എന്നതിന്റെ സൂചനകളായാണ് അവയെ കാണേണ്ടത്.

## വിധിനിർണ്ണയങ്ങളും വിശ്വാസ്യതയുടെ ചോദ്യങ്ങളും

സാങ്കേതികവിദ്യയുടെ വളർച്ച ഫുട്ബോളിന് കൂടുതൽ കൃത്യത നൽകുമെന്ന പ്രതീക്ഷയിലാണ് വീഡിയോ അസിസ്റ്റന്റ് റഫറി (VAR) സംവിധാനം അവതരിപ്പിച്ചത്. എന്നാൽ പലപ്പോഴും അതുതന്നെ ചർച്ചകൾക്കും വിവാദങ്ങൾക്കും കാരണമാകുന്നു. ഒരു തീരുമാനത്തിലെ ചെറിയ വ്യത്യാസംപോലും ഒരു ടീമിന്റെ മുഴുവൻ യാത്രയെ മാറ്റിമറിക്കാൻ കഴിയുന്ന ലോകകപ്പുപോലുള്ള വേദികളിൽ വിധിനിർണ്ണയങ്ങളുടെ സുതാര്യത വളരെ പ്രധാനമാണ്.

ചില മത്സരങ്ങളിലെ VAR ഇടപെടലുകൾ ആരാധകരിൽ സംശയങ്ങൾ ഉയർത്തി. ഒരു ഗോളിന് മുമ്പുണ്ടായ ചെറിയ ഫൗൾ, ഓഫ്സൈഡ് തീരുമാനങ്ങൾ, പെനാൽറ്റി വിധികൾ തുടങ്ങിയവയെച്ചൊല്ലി വിവിധ ടീമുകൾക്കും ആരാധകർക്കും വ്യത്യസ്ത അഭിപ്രായങ്ങളുണ്ടായി.

അർജന്റീന–ഈജിപ്ത് മത്സരത്തിലെ ഒരു ഗോൾ നിഷേധിച്ചതിനെക്കുറിച്ച് ഈജിപ്ത് ഫുട്ബോൾ അധികൃതർത്തന്നെ എതിർപ്പ് രേഖപ്പെടുത്തിയിരുന്നു. മറ്റു ചില മത്സരങ്ങളിലെ വിധിനിർണ്ണയങ്ങളും സമൂഹമാധ്യമങ്ങളിൽ വലിയ ചർച്ചകൾക്ക് വഴിവച്ചു. എന്നാൽ ഇത്തരം തീരുമാനങ്ങളെല്ലാം ഒരു വലിയ ഗൂഢാലോചനയുടെ ഭാഗമാണെന്ന് ഉറപ്പിച്ചു പറയുക പ്രയാസമാണ്. ഫുട്ബോളിലെ സാങ്കേതിക സംവിധാനങ്ങൾപ്പോലും മനുഷ്യരുടെ വ്യാഖ്യാനത്തിനും തീരുമാനങ്ങൾക്കും വിധേയമാണ് എന്നതാണ് യാഥാർത്ഥ്യം.

എന്നിരുന്നാലും, ലോകകപ്പ് പോലൊരു വേദിയിൽ ആരാധകർക്ക് ഏറ്റവും ആവശ്യമുള്ളത് വിശ്വാസ്യതയാണ്. ഓരോ തീരുമാനവും നീതിപൂർവമാണെന്ന് ബോധ്യപ്പെടുന്ന തരത്തിലുള്ള സുതാര്യമായ സംവിധാനങ്ങൾ അനിവാര്യമാണ്.

കളിയുടെ ഫലത്തേക്കാൾ വലുതാണ് കളിയിലുള്ള വിശ്വാസം. ആ വിശ്വാസം നഷ്ടപ്പെടുമ്പോൾ ഏറ്റവും വലിയ നഷ്ടം ഫുട്ബോളിനുതന്നെയാണ്.

## മതവും രാഷ്ട്രീയവും കളിയുടെ ആവേശത്തെ വിഴുങ്ങുമ്പോൾ

ഫുട്ബോൾ ലോകത്തെ ഒന്നിപ്പിക്കുന്ന ഒരു കായിക വിനോദമാണ്. ഭാഷയും സംസ്കാരവും അതിരുകളും മറികടന്ന് മനുഷ്യരെ ഒരുമിപ്പിക്കുന്ന ശക്തി അതിനുണ്ട്. എന്നാൽ പലപ്പോഴും മതവും രാഷ്ട്രീയവും കളിയുടെ ചർച്ചകളിലേക്ക് കടന്നുവരുന്നത് നിർഭാഗ്യകരമാണ്.

ചില ടീമുകളെയും താരങ്ങളെയും ചുറ്റിപ്പറ്റി സമൂഹമാധ്യമങ്ങളിൽ നടക്കുന്ന പ്രചാരണങ്ങൾ പലപ്പോഴും കായികവീക്ഷണത്തെ മറികടക്കാറുണ്ട്. അർജന്റീനയ്ക്കും ലയണൽ മെസ്സിക്കും എതിരായ ചില പ്രചാരണങ്ങളും ഇതിന്റെ ഭാഗമായിരുന്നു.

ഒരു കളിക്കാരന്റെ കഴിവിനെയും ഒരു ടീമിന്റെ പ്രകടനത്തെയും വിലയിരുത്തുമ്പോൾ രാഷ്ട്രീയ നിലപാടുകളും മതപരമായ തിരിച്ചറിവുകളും മാനദണ്ഡമാകുന്നത് കായികമൂല്യങ്ങൾക്ക് വിരു

> ആവേശത്തോടെ മത്സരങ്ങൾ കണ്ട കോടിക്കണക്കിന് ആരാധകർക്ക് ഈ ലോകകപ്പ് നൽകിയ ഏറ്റവും വലിയ അനുഭവം കളിയുടെ സന്തോഷമാണ്. ജയവും തോൽവിയും കടന്നുപോകും; എന്നാൽ കളിയോടുള്ള സ്നേഹം നിലനിൽക്കും.



ദ്ധമാണ്. കളിക്കളത്തിലെ മികവിനെ അതിന്റെ അടിസ്ഥാനത്തിൽ മാത്രം കാണാൻ കഴിയണം.

ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ രാജ്യങ്ങളും സമൂഹങ്ങളും തമ്മിലുള്ള രാഷ്ട്രീയ അഭിപ്രായ വ്യത്യാസങ്ങൾ നിലനിൽക്കുന്നുണ്ട്. എന്നാൽ, അവയെല്ലാം കായികരംഗത്തേക്ക് കൊണ്ടുവരുമ്പോൾ കളിയുടെ യഥാർഥ ആത്മാവ് നഷ്ടപ്പെടുന്നു.

ഇന്ത്യ-പാകിസ്ഥാൻ മത്സരങ്ങളുമായി ബന്ധപ്പെട്ട ചർച്ചകളിലും പലപ്പോഴും ഇതേ പ്രശ്നം ഉയരാറുണ്ട്. കളിയും രാഷ്ട്രീയവും വേർതിരിച്ചുനിർത്തണമെന്ന ആവശ്യം ഉയർത്തുന്നവർത്തന്നെ ചില സാഹചര്യങ്ങളിൽ വികാരങ്ങളുടെ സ്വാധീനത്തിൽ വ്യത്യസ്ത നിലപാടുകൾ സ്വീകരിക്കുന്നതും കാണാം.

കളിക്കാരെ അവരുടെ കളിയുടെ പേരിൽ വിലയിരുത്തുക എന്നതാണ് കായിക സംസ്കാരത്തിന്റെ അടിസ്ഥാന തത്വം. ഒരു താരത്തിന്റെ മതമോ രാജ്യത്തിന്റെ രാഷ്ട്രീയ നിലപാടുകളോ അല്ല, കളിക്കളത്തിലെ കഴിവും ആത്മാർഥതയുമാണ് പ്രധാനമാകേണ്ടത്.

ഫുട്ബോൾ ആരാധന മനുഷ്യരെ ഒന്നിപ്പിക്കേണ്ടതാണ്; വിഭജിക്കാനുള്ള മറ്റൊരു കാരണമാകരുത്.

## ഈഗോ വിഴുങ്ങുന്ന വിജയം

ഫുട്ബോൾ ഒരു വ്യക്തിയുടെ കളിയല്ല; അത് ഒരു ടീമിന്റെ വിജയമാണ്. മികച്ച താരങ്ങൾ ഉണ്ടായാലും കൂട്ടായ്മയും പരസ്പരവിശ്വാസവും ഇല്ലെങ്കിൽ വലിയ വിജയങ്ങൾ നേടുക പ്രയാസമാണ്.

ഈ ലോകകപ്പും ഈ സത്യം വീണ്ടും ഓർമ്മിപ്പിച്ചു. ഒരു ടീമെന്ന നിലയിൽ കളിച്ച അർജന്റീന, ഫ്രാൻസ്, സ്പെയിൻ തുടങ്ങിയ ടീമുകളുടെ മുന്നേറ്റം അതിന് ഉദാഹരണമാണ്. വ്യക്തിപരമായ കഴിവുകൾക്കൊപ്പം കൂട്ടായ പരിശ്രമവും തന്ത്രപരമായ ഏകോപനവും അവരുടെ വിജയത്തിൽ നിർണ്ണായകമായി.

മറുവശത്ത്, വ്യക്തിപരമായ നേട്ടങ്ങൾക്കും പ്രശസ്തിക്കും അമിതപ്രാധാന്യം നൽകുമ്പോൾ ടീമിന്റെ സ്വപ്നങ്ങൾപ്പോലും തകരാം. വലിയ താരങ്ങൾ ആയാലും, അവർ ടീമിന്റെ ഭാഗമാണെന്ന ബോധ്യം നഷ്ടപ്പെടുമ്പോൾ, അതിന്റെ വില മുഴുവൻ ടീമും നൽകേണ്ടിവരും.

സഹതാരത്തിന് പന്ത് നൽകാതെ സ്വന്തം അവസരം തേടുന്ന ഒരു താരത്തിന്റെ തീരുമാനം പോലും ചിലപ്പോൾ ഒരു ടീമിന്റെ മുന്നേറ്റത്തെ ബാധിച്ചേക്കാം. ഫുട്ബോളിൽ ഒരാളുടെ കഴിവിനേക്കാൾ വലുതാണ് പതിനൊന്ന് പേരുടെ കൂട്ടായ്മ.

വിജയത്തിനുവേണ്ടി പ്രതിഭ ആവശ്യമാണ്; എന്നാൽ വിജയത്തെ നിലനിർത്താൻ വിനയവും ടീം സ്പിരിറ്റും ആവശ്യമാണ്.

## ലോകകപ്പ് നൽകിയ വലിയ പാഠം

പണം, രാഷ്ട്രീയം, മതം, വ്യക്തിപരമായ അഭിമാനം — ഇവയെല്ലാം ലോകകപ്പ് പോലൊരു വലിയ വേദിയിൽ സ്വാധീനം ചെലുത്തുന്ന ഘടകങ്ങളാണ്. എന്നാൽ അതിനുമപ്പുറം, ഫുട്ബോൾ മനുഷ്യരെ ഒന്നിപ്പിക്കുന്ന ഒരു ഭാഷയാണ്.

ആവേശത്തോടെ മത്സരങ്ങൾ കണ്ട കോടിക്കണക്കിന് ആരാധകർക്ക് ഈ ലോകകപ്പ് നൽകിയ ഏറ്റവും വലിയ അനുഭവം കളിയുടെ സന്തോഷമാണ്. ജയവും തോൽവിയും കടന്നുപോകും; എന്നാൽ കളിയോടുള്ള സ്നേഹം നിലനിൽക്കും.

മികച്ച ടീമുകളും താരങ്ങളും ചരിത്രത്തിൽ ഇടം നേടുന്നത് അവരുടെ വിജയങ്ങൾകൊണ്ടു മാത്രമല്ല; അവർ കളിയെ എത്രമാത്രം ബഹുമാനിച്ചു എന്നതുകൊണ്ടുമാണ്.

അവസാനം, ലോകകപ്പ് നമ്മെ ഓർമ്മിപ്പിക്കുന്ന ഒരു സത്യമുണ്ട് — ഒരു പന്തിന് ലോകത്തെ ഒന്നിപ്പിക്കാൻ കഴിയും. എന്നാൽ ആ ഒരുമ കാത്തുസൂക്ഷിക്കേണ്ടത് കളിക്കാരുടെയും സംഘാടകരുടെയും ആരാധകരുടെയും ഒരുപോലെ ഉത്തരവാദിത്വമാണ്. ○

# പൂവിളി മുതൽ ഓണം മൂഡ് വരെ

## മലയാളിയുടെ പ്രിയ ഓണപ്പാട്ടുകളുടെ കഥ



ഓണം മലയാളി എന്നും ആഘോഷിച്ചത് പാട്ടിലൂടെയാണ്. ഗ്രാമഫോണിൽ നിന്നും റേഡിയോയിൽനിന്നും ഒഴുകിയെത്തിയ ഈണങ്ങൾ ഇന്ന് യൂട്യൂബ് പ്ലേലിസ്റ്റുകളിലും ഇൻസ്റ്റഗ്രാം റീലുകളിലുമായി രൂപം മാറിയെങ്കിലും ഒരു കാര്യം മാറിയിട്ടില്ല - ഓരോ ഓണക്കാലത്തുംചില പാട്ടുകൾ വീണ്ടും നമ്മുടെ വീടുകളിലേക്ക് മടങ്ങിയെത്തും. 1952-ൽ പിറന്ന ആദ്യ ഓണപ്പാട്ടുമുതൽ 2025-ലെ വൈറൽ ഹിറ്റുവരെ നീളുന്ന ഏഴു പതിറ്റാണ്ടിന്റെ യാത്ര മലയാളിയുടെ ഓണാഘോഷത്തിന്റെ ചരിത്രം കൂടിയാണ്.


### ഗ്രാമീണഭംഗിയുടെ തുടക്കം (1952–1966)

1952-ൽ *'അമ്മ'* എന്ന ചിത്രത്തിൽ പി. ഭാസ്കരൻ-ദക്ഷിണാമൂർത്തി കൂട്ടുകെട്ടിൽ പി. ലീല ആലപിച്ച **"പൊന്നിൻ തിരുവോണം സുന്ദരിയായി വന്നണഞ്ഞു..."** എന്ന ഗാനമാണ് മലയാള സിനിമയിലെ ആദ്യ ഓണപ്പാട്ട്.

മൂന്നു വർഷത്തിനുശേഷം പുറത്തിറങ്ങിയ *'ന്യൂസ്പേപ്പർ ബോയ്'*എന്ന ചിത്രത്തിലെ **"മാവേലി നാട് വാണീടും കാലം..."** കേരളത്തിന്റെ അനൗദ്യോഗിക ഓണഗാനമായി മാറി. ഈ വരികൾക്ക്




പതിനാറാം നൂറ്റാണ്ടോളം പഴക്കമുണ്ടെന്നും, ഹെർമൻ ഗുണ്ടർട്ട് ജർമനിയിലേക്ക് കൊണ്ടുപോയ കൃതികളിൽ ഇതും ഉൾപ്പെട്ടിരുന്നെന്നും ഗവേഷകർ കരുതുന്നു.




## എഴുപതുകളിലെ സുവർണ്ണകാലം

ദേവരാജൻ, സലിൽ ചൗധരി, വയലാർ, ശ്രീകുമാരൻ തമ്പി തുടങ്ങിയവർ ഈ ദശകത്തിൽ മലയാള ഗാനങ്ങൾക്ക് പുതിയ ഭാവം നൽകി.

1972-ൽ പുറത്തിറങ്ങിയ *'ചെമ്പരത്തി'*യിലെ **"തുമ്പി തുമ്പി വാ വാ..."** (വയലാർ-ദേവരാജൻ) ബാല്യസ്മരണകളുടെ ഈണമായി മാറി. സ്കൂൾ ഓണാഘോഷങ്ങളിൽ ഇന്നും ഈ ഗാനം സ്ഥിര സാന്നിധ്യമാണ്.

1977-ൽ പുറത്തിറങ്ങിയ *'വിഷുക്കണി'*യിലെ **"പൂവിളി പൂവിളി പൊന്നോണമായി..."** (ശ്രീകുമാരൻ തമ്പി-സലിൽ ചൗധരി-യേശുദാസ്) മലയാളിയുടെ ഓണസ്മരണകളിൽ ഏറ്റവും ആഴത്തിൽ പതിഞ്ഞ ഗാനങ്ങളിലൊന്നായി.

അതേ കാലഘട്ടത്തിൽ **"കാറ്റേ കാറ്റേ..."** (ഒ. എൻ. വി. കുറുപ്പ്-സലിൽ ചൗധരി-യേശുദാസ്) ഓണത്തെ വെറുമൊരു ഉത്സവമല്ല, പ്രകൃതിയോടുള്ള ആത്മബന്ധമായും അവതരിപ്പിച്ചു. പ്രേംനസീർ കുട്ടനാടിന്റെ കായലിലൂടെ വള്ളത്തിൽ പാടുന്ന ദൃശ്യങ്ങൾ ഈ ഗാനത്തിന് അനശ്വരത സമ്മാനിച്ചു.

## തരംഗിണിയും കാസറ്റ് വിപ്ലവവും (എൺപതുകൾ)

ഓണപ്പാട്ട് സിനിമയുടെ മാത്രം ആഘോഷമല്ലാതായി മാറിയ കാലഘട്ടമാണിത്. കാസറ്റ് സംസ്കാരത്തിന്റെ വളർച്ചയോടെ ആൽബങ്ങളിലൂടെ ഓണപ്പാട്ടുകൾ വീടുകളുടെ സ്വീകരണമുറികളിലേക്ക് കടന്നുവന്നു.

തരംഗിണി എന്ന റെക്കോഡിങ് സ്ഥാപനം സ്വതന്ത്ര ഓണഗാന ആൽബങ്ങൾക്ക് പുതിയ വിപണി തുറന്നു. 1982-ൽ ഒ. എൻ. വി. കുറുപ്പും ആലപ്പി രംഗനാഥും ചേർന്നായിരുന്നു ആ യാത്രയുടെ തുടക്കം.

1983-ൽ ശ്രീകുമാരൻ തമ്പി-രവീന്ദ്രൻ-യേശുദാസ് ടീമിന്റെ **"ഉത്രാടപ്പൂനിലാവേ വാ..."** ഓണക്കോടിയില്ലാത്തവരിലേക്കും സന്തോഷമെത്തണമെന്ന മാനുഷിക സന്ദേശം പകർന്നുകൊണ്ട് ഇന്നും ഹൃദയങ്ങളിൽ ജീവിക്കുന്നു.

## ഒരു ആൽബം ഓണം മാറ്റിമറിച്ചപ്പോൾ

1998-ൽ പുറത്തിറങ്ങിയ തരംഗിണിയുടെ *തിരുവോണക്കൈനീട്ടം* (ഗിരീഷ് പുത്തഞ്ചേരി-വിദ്യാസാഗർ) വെറുമൊരു സംഗീതസമാഹാരമായിരുന്നില്ല; അത് ഒരു സാംസ്കാരിക അനുഭവമായി മാറി.

സിനിമകളുടെ തിരക്കിനിടയിൽ ലഭിച്ച ഇടവേളകളിൽ ഗിരീഷ് പുത്തഞ്ചേരി നാട്ടിൽനിന്ന് അയച്ച വരികൾക്ക് വിദ്യാസാഗർ ഈണം പകർന്നാണ് ഈ ആൽബം പിറന്നത്.



ഇതിലെ **"പാലാഴിപ്പൂന്തിരയിൽ..."** (യേശുദാസ്-സുജാത) ഇന്നും മലയാളികളുടെ ഓണത്തിന്റെ സിഗ്നേച്ചർ ഗാനമാണ്. പ്രത്യേകിച്ച് ഫ്ലൂട്ടിസ്റ്റ് നവീൻ വായിച്ച ഇരുപത്തിയഞ്ച് സെക്കൻഡ് ദൈർഘ്യമുള്ള ഇന്റർല്യൂഡ് ഓണക്കാലം തുടങ്ങുന്നതിന്റെ അടയാളമായി ഇന്നും ടെലിവിഷനിലും ഷോപ്പിങ് മാളുകളിലും മുഴങ്ങുന്നു.

### റീലുകളും പ്രവാസവും: പുതിയ നൂറ്റാണ്ട്

2004-ൽ സെന്റ് തോമസ് കോളേജിലെ പൂർവവിദ്യാർഥികളായ സബീഷ് ജോർജും ബ്രജേഷ് രാമചന്ദ്രനും വെറുതേ എഴുതിയ **"ഓണപ്പാട്ടിൻ താളം..."** *(ക്വട്ടേഷൻ)* സിനിമയിൽ വലിയ ശ്രദ്ധ നേടിയില്ല. എന്നാൽ, വർഷങ്ങൾക്കുശേഷം ട്രോൾ വീഡിയോകളിലൂടെ ഈ ഗാനം പുതുജീവൻ നേടി.

2016-ൽ പുറത്തിറങ്ങിയ *'ജേക്കബിന്റെ സ്വർഗരാജ്യം'* എന്ന ചിത്രത്തിലെ **"തിരുവാവണി രാവ്..."** (മനു മഞ്ജിത്ത്-ഷാൻ റഹ്മാൻ) പ്രവാസി മലയാളികളുടെ ഓണത്തിന്റെ സംഗീതപ്രതീകമായി മാറി.

2023-ൽ ശ്രീകുമാരൻ തമ്പിയും യേശുദാസും മൂന്ന് പതിറ്റാണ്ടുകൾക്കുശേഷം വീണ്ടും ഒന്നിച്ച **"ഓണനിലാവ്"** മൂന്നു തലമുറകളുടെ സംഗമമായി ശ്രദ്ധ നേടി.

### ഓണം 'മൂഡ്' ആയപ്പോൾ

2025-ൽ *'സാഹസം'* എന്ന ചിത്രത്തിലെ **"പറപറ പറപറക്കണ പൂവേ..."** ഫോക്, റാപ്, ഡാൻസ് ഘടകങ്ങൾ സമന്വയിപ്പിച്ച് ഇൻസ്റ്റഗ്രാം റീലുകളിൽ തരംഗമായി. 24 ദശലക്ഷത്തിലധികം യൂട്യൂബ് കാഴ്ചകളും 1.90 ലക്ഷത്തിലധികം ഇൻസ്റ്റഗ്രാം റീലുകളും നേടി ഈ ഗാനം ശ്രദ്ധേയമായി.

മെലഡിയിൽനിന്ന് റിഥത്തിലേക്കും റേഡിയോയിൽനിന്ന് റീലുകളിലേക്കും ഓണത്തിന്റെ സംഗീതഭാഷ എങ്ങനെ മാറുന്നുവെന്നതിന്റെ തെളിവാണ് ഈ വിജയം.

### കാലം മാറിയാലും മാറാത്ത ഈണം

ഗ്രാമഫോണിൽനിന്ന് സ്ട്രീമിങ് പ്ലാറ്റ്ഫോമുകളിലേക്കു നീണ്ട ഈ യാത്രയിൽ മാധ്യമങ്ങൾ മാറി; സംഗീതശൈലിയും മാറി. എന്നാൽ, ഓണം വന്നാൽ മലയാളി ആദ്യം തേടുന്നത് ഒരു പാട്ടിനെയാണെന്നത് മാത്രം മാറിയിട്ടില്ല.

അതുകൊണ്ടുതന്നെ ഓണപ്പാട്ടുകളുടെ ചരിത്രം മലയാള സംഗീതത്തിന്റെ മാത്രമല്ല, മലയാളിയുടെ സാമൂഹിക-സാംസ്കാരിക ജീവിതത്തിന്റെ കൂടി ചരിത്രമാണ്. ○


**ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ**



ഡാനിയേൽ ആന്റണി
തടത്തിൽ, കൂത്രപ്പള്ളി

**ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ**



മരിയ ആന്റണി,
തടത്തിൽ, കൂത്രപ്പള്ളി

**പ്രായമായവർക്ക്**
**ഗ്രേയ്സ്ഫുൾ ധ്യാനം**
**(60വയസ്സിനു മുകളിലുള്ളവർക്ക് താമസിച്ചുള്ളത്)**
കുന്നന്താനം സീയോൻ ധ്യാനകേന്ദ്രത്തിൽ
2026 ഓഗസ്റ്റ് 3, 4, 5, 6
അടുത്ത ധ്യാനം ഒക്ടോബർ അവസാന ആഴ്ചയിൽ
മുൻകൂട്ടി ബുക്ക് ചെയ്യുക
ധ്യാനം ബുക്ക് ചെയ്യാൻ വിളിക്കുക
ഫോൺ - 8086399023, 9495107045

ആന്റണി ആറിൽചിറ ചമ്പക്കുളം
റിട്ട. ഡെപ്യൂട്ടി തഹസിൽദാർ

# അറിയാം ചില സർക്കാർ ധനസഹായ പദ്ധതികൾ



LAW POINT

സർക്കാർ വിവിധ വകുപ്പുകൾ മുഖേന നിരവധി ധനസഹായ പദ്ധതികളും നഷ്ടപരിഹാരങ്ങളും നൽകുന്നുണ്ട്. എന്നാൽ, അവയെക്കുറിച്ചുള്ള അറിവില്ലായ്മ കാരണം അർഹരായ പലർക്കും സമയബന്ധിതമായി അപേക്ഷിക്കാനോ ലഭിക്കേണ്ട ആനുകൂല്യങ്ങൾ നേടാനോ കഴിയാതെ പോകുന്നു.

അപകടങ്ങൾ, വന്യജീവി ആക്രമണം, രോഗങ്ങൾ, സാമ്പത്തിക പിന്നാക്കാവസ്ഥ തുടങ്ങിയ സാഹചര്യങ്ങളിൽ സർക്കാർ നൽകുന്ന വിവിധ സഹായങ്ങളെക്കുറിച്ച് ഓരോ കുടുംബവും അറിഞ്ഞിരിക്കേണ്ടത് ആവശ്യമാണ്. ഈ ലക്കത്തിൽ അത്തരത്തിൽ പ്രയോജനപ്പെടുന്ന രണ്ട് പ്രധാന പദ്ധതികളെ പരിചയപ്പെടാം.

## വന്യജീവി ആക്രമണത്തിൽ നഷ്ടം സംഭവിച്ചാൽ ലഭിക്കുന്ന നഷ്ടപരിഹാരം

കേരളത്തിൽ വന്യജീവി ആക്രമണങ്ങൾ വർധിച്ചുവരുന്ന സാഹചര്യത്തിൽ മനുഷ്യജീവൻ, കൃഷി, കന്നുകാലികൾ, വീടുകൾ, മറ്റ് വസ്തുവകകൾ എന്നിവയ്ക്കുണ്ടാകുന്ന നഷ്ടങ്ങൾക്ക് സർക്കാർ നഷ്ടപരിഹാരം നൽകുന്നുണ്ട്.

### ലഭ്യമാകുന്ന സഹായം

- വന്യജീവി ആക്രമണത്തെ തുടർന്ന് മരണം സംഭവിച്ചാൽ **₹10 ലക്ഷം** നഷ്ടപരിഹാരം ലഭിക്കും.
- കടന്നൽ അല്ലെങ്കിൽ തേനീച്ചയുടെ ആക്രമണത്തെ തുടർന്നുള്ള മരണത്തിനും ഇതേ തുക ലഭിക്കും.
- വനത്തിന് പുറത്തുവെച്ചുള്ള പാമ്പുകടിയേറ്റ് മരണമുണ്ടായാൽ **₹2 ലക്ഷം** സഹായധനം ലഭിക്കും.
- സ്ഥിരമായ ശാരീരിക വൈകല്യത്തിന് പരമാവധി **₹2 ലക്ഷം**വരെ അനുവദിക്കും.
- പരിക്കേറ്റവർക്ക് പരമാവധി **₹1 ലക്ഷം**വരെ ചികിത്സാസഹായം ലഭിക്കും. മെഡിക്കൽ ഓഫീസറുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണ് തുക നിശ്ചയിക്കുന്നത്.
- പട്ടികവർഗ വിഭാഗത്തിൽപ്പെട്ടവർക്ക് ചികിത്സയ്ക്കായി ചെലവാകുന്ന മുഴുവൻ തുകയും സർക്കാർ വഹിക്കും.
- വിളനാശം, കന്നുകാലി നഷ്ടം, വീടിനും

സ്വത്തിനും സംഭവിക്കുന്ന നാശനഷ്ടങ്ങൾ എന്നിവയ്ക്ക് യഥാർഥ നഷ്ടത്തിന്റെ തുകയോ പരമാവധി **₹1 ലക്ഷം** രൂപയോ — ഏതാണോ കുറവ്, അത്രയും തുക അനുവദിക്കും.

ഈ നഷ്ടപരിഹാരം നൽകുന്നത് **വനം വകുപ്പാണ്.** നഷ്ടം സംഭവിച്ച വ്യക്തിക്കോ, മരണപ്പെട്ടയാളുടെ ആശ്രിതർക്കോ അപേക്ഷിക്കാം.

### അപേക്ഷ സമർപ്പിക്കേണ്ട വിധം

അക്ഷയ കേന്ദ്രം വഴിയോ നേരിട്ടോ ഓൺലൈനായി അപേക്ഷ സമർപ്പിക്കാം. അപേക്ഷ ബന്ധപ്പെട്ട റേഞ്ച് ഫോറസ്റ്റ് ഓഫീസർക്ക് അയയ്ക്കണം. അപേക്ഷിക്കേണ്ട വിലാസം: edistrict.kerala.gov.in

ഓൺലൈൻ അപേക്ഷാ ഫോമിനായി QR Code സ്കാൻ ചെയ്യാം

- മരണവുമായി ബന്ധപ്പെട്ട അപേക്ഷകൾ **ഒരു വർഷത്തിനകം** സമർപ്പിക്കണം.
- മറ്റ് നഷ്ടപരിഹാര അപേക്ഷകൾ **സംഭവം നടന്ന തീയതി മുതൽ ആറു മാസത്തിനകം** നൽകണം.

## വനിതാ ഗൃഹനാഥകളുടെ മക്കൾക്കുള്ള വിദ്യാഭ്യാസ ധനസഹായ പദ്ധതി

വനിതകൾ ഗൃഹനാഥരായ കുടുംബങ്ങളിലെ വിദ്യാർഥികൾക്ക് വിദ്യാഭ്യാസം തുടരാൻ സഹായിക്കുന്ന പദ്ധതിയാണിത്.

### ലഭിക്കുന്ന ധനസഹായം

- 1 മുതൽ 5 വരെ ക്ലാസുകളിൽ പഠിക്കുന്നവർ – **₹3,000**
- 6 മുതൽ 10 വരെ ക്ലാസുകൾ – **₹5,000**
- പ്ലസ് വൺ, പ്ലസ് ടു – **₹7,500**
- ഡിഗ്രിയും അതിനു മുകളിലുള്ള പഠനവും – **₹10,000**

### അർഹത

ഈ പദ്ധതിക്ക് അപേക്ഷിക്കുന്നവർ പൊതുവേ മുൻഗണനാ റേഷൻ കാർഡ് (Priority Household) ഉള്ള കുടുംബങ്ങളിൽപ്പെട്ടവരും സർക്കാർ വിദ്യാഭ്യാസ [Government/Aided] സ്ഥാപനങ്ങളിൽ പഠിക്കുന്നവരുമായിരിക്കണം.

താഴെപ്പറയുന്ന വിഭാഗങ്ങളിലെ വിദ്യാർഥികൾക്കും പദ്ധതിയുടെ ആനുകൂല്യം ലഭിക്കും.

- വിവാഹമോചിതരായ സ്ത്രീകളുടെ മക്കൾ
- ഭർത്താവ് ഉപേക്ഷിച്ച സ്ത്രീകളുടെ മക്കൾ
- ഭർത്താവിനെ കാണാതായിട്ട് ഒരു വർഷം കഴിഞ്ഞ സ്ത്രീകളുടെ മക്കൾ
- നട്ടെല്ലിന് ഗുരുതര പരിക്കോ പക്ഷാഘാതമോ മൂലം കുടുംബം പോറ്റാൻ കഴിയാത്ത ഭർത്താവുള്ള കുടുംബങ്ങളിലെ കുട്ടികൾ (സർക്കാർ ഡോക്ടറുടെ സാക്ഷ്യപത്രം ആവശ്യമാണ്)
- നിയമപരമായ വിവാഹത്തിന് പുറത്തു ജനിച്ച കുട്ടികൾ
- എച്ച്.ഐ.വി./എയ്ഡ്സ് ബാധിതരും സാമൂഹികമായി വിവേചനം നേരിടുന്നവരുമായ കുടുംബങ്ങളിലെ കുട്ടികൾ. ഇവർ APL വിഭാഗത്തിൽപ്പെട്ടവരാണെങ്കിലും അപേക്ഷിക്കാം.

### അപേക്ഷ സമർപ്പിക്കുമ്പോൾ

schemes.wcd.kerala.gov.in എന്ന ഓൺലൈൻ പോർട്ടൽ മുഖേനയാണ് അപേക്ഷ സമർപ്പിക്കേണ്ടത്. ഓൺലൈൻ അപേക്ഷയോടൊപ്പം സാധാരണയായി താഴെപ്പറയുന്ന രേഖകൾ ആവശ്യമാണ്.

- മറ്റ് വിദ്യാഭ്യാസ ധനസഹായം ലഭിക്കുന്നില്ലെന്ന സ്കൂൾ അധികാരിയുടെ സാക്ഷ്യപത്രം
- റേഷൻ കാർഡിന്റെ പകർപ്പ്
- വിവാഹമോചനം, ഭർത്താവ് ഉപേക്ഷിച്ചത്, ഭർത്താവിനെ കാണാതായത് തുടങ്ങിയവ തെളിയിക്കുന്ന വില്ലേജ് ഓഫീസറുടെ സാക്ഷ്യപത്രം
- ആവശ്യമായ മറ്റ് അനുബന്ധ രേഖകൾ

### ശ്രദ്ധിക്കുക

സർക്കാർ പദ്ധതികളുടെ വ്യവസ്ഥകളും ധനസഹായ തുകയും അർഹതാമാനദണ്ഡങ്ങളും കാലാകാലങ്ങളിൽ പരിഷ്കരിക്കപ്പെടാൻ സാധ്യതയുണ്ട്. അപേക്ഷ സമർപ്പിക്കുന്നതിനു മുമ്പ് ബന്ധപ്പെട്ട സർക്കാർ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിലോ ഓഫീസിലോ നിന്ന് ഏറ്റവും പുതിയ വിവരങ്ങൾ ഉറപ്പുവരുത്തുന്നത് ഉചിതമാണ്.

ഫാ. മിന്റോ മൂന്നുപറയിൽ






# 'പണി' എട്ടിന്റെ പണിയോ?

ചോര കണ്ട് അറപ്പുമാറുന്ന സിനിമകളുടെ കാലമാണോ ഇത്? ചോരപ്പുഴകൾ അക്ഷരാർഥത്തിൽ പുനഃസൃഷ്ടിക്കുന്നതും അതിരുകടന്ന അക്രമരംഗങ്ങൾ കാഴ്ചയുടെ പ്രധാന ആകർഷണമാക്കുന്നതും പുതിയൊരു പ്രവണതയായി മാറുന്നുണ്ടോ? ആയുധങ്ങൾ ഉപയോഗിച്ചുള്ള സംഘർഷങ്ങൾ സ്വാഭാവികമായും മുറിവുകളും നാശവും സൃഷ്ടിക്കും. എന്നാൽ, അത്തരം രംഗങ്ങൾ വളർന്നുവരുന്ന തലമുറയുടെ മനസ്സിൽ എന്ത് സ്വാധീനം ചെലുത്തുന്നു എന്നത് ഗൗരവമായി ചിന്തിക്കേണ്ട വിഷയമാണ്.

കാഴ്ചക്കാരെ തീയേറ്ററുകളിലേക്ക് ആകർഷിക്കാൻ വ്യത്യസ്തമായ പ്രമേയങ്ങൾ തേടുന്ന ചലച്ചിത്ര ലോകത്ത്, അക്രമവും രക്തരംഗങ്ങളും ചിലപ്പോൾ വിപണനത്തിന്റെ ഭാഗമായി മാറുന്നുണ്ട്. അത്തരം ആവിഷ്കാരങ്ങൾ മനുഷ്യന്റെ മനസ്സിലും സമൂഹത്തിന്റെ മൂല്യബോധത്തിലും എന്ത് മാറ്റങ്ങൾ ഉണ്ടാക്കുന്നു എന്ന അന്വേഷണം ആവശ്യമാണ്.

## 'പണി': പ്രതികാരത്തിന്റെ അതിരുകൾ

അക്രമരംഗങ്ങൾ ധാരാളമുള്ള നിരവധി സിനിമകൾക്കിടയിൽ ജോജു ജോർജ് സംവിധാനം ചെയ്ത 'പണി' പ്രത്യേകം ശ്രദ്ധിക്കപ്പെടുന്നത് അതിലെ അതിതീവ്രമായ വയലൻസ് അവതരണത്തിന്റെ പേരിലാണ്.

ജോജു ജോർജ് തന്നെ പ്രധാന കഥാപാത്രത്തെ അവതരിപ്പിക്കുന്ന ഈ ആക്ഷൻ ത്രില്ലർ ചിത്രത്തിന്റെ കേന്ദ്രപ്രമേയം പ്രതികാരമാണ്. തൃശ്ശൂരിലെ ഒരു സംഘടിത ഗുണ്ടാസംഘത്തിന്റെ തലവനായ ഗിരിയുടെ ജീവിതത്തിലേക്ക്, സാഗർ സൂര്യയും ജുനൈസും അവതരിപ്പിക്കുന്ന കഥാപാത്രങ്ങൾ പ്രതികാരവുമായി കടന്നുവരുന്നതും, അതിനെ തുടർന്ന് ഉണ്ടാകുന്ന സംഘർഷങ്ങളുമാണ് സിനിമയുടെ പ്രമേയം.

ഗിരിയുടെ കുടുംബത്തിനെതിരെയുള്ള ക്രൂരമായ അതിക്രമങ്ങളിൽനിന്നാണ് കഥ മുന്നോട്ടു പോകുന്നത്. നായകന്റെ നഷ്ടങ്ങളും വേദനകളും പ്രേക്ഷകനെ സ്വാഭാവികമായും അദ്ദേഹത്തോട് ചേർത്തുനിർത്തുന്നു. സാഗർ സൂര്യ അവതരിപ്പിക്കുന്ന കഥാപാത്രം പെരുമാറ്റത്തിലും സംഭാഷണങ്ങളിലും പ്രവൃത്തികളിലും പ്രേക്ഷകനിൽ ശക്തമായ അസ്വസ്ഥത സൃഷ്ടിക്കുന്നു. അതിക്രമങ്ങളുടെ തീവ്രത കൂടുന്തോറും നായകനോടുള്ള സഹതാപവും പ്രതികാരാഗ്രഹവും പ്രേക്ഷകന്റെ ഉള്ളിൽ വളരുന്നു.

ഇവിടെയാണ് സിനിമയുടെ ഏറ്റവും ശ്രദ്ധേയമായ മനഃശാസ്ത്രപരമായ വശം. ഒരു കഥാപാത്രത്തോടുള്ള വെറുപ്പ് ക്രമേണ പ്രേക്ഷകനെ പ്രതികാരത്തിന്റെ ആഗ്രഹത്തിലേക്ക് നയിക്കുന്നു. ഒടുവിൽ വില്ലന്റെ നാശം കാണുമ്പോൾ ഉണ്ടാകുന്ന സംതൃപ്തി ഒരു ചിന്താവിഷയമാകുന്നു.

ചോര കാണാൻപോലും പ്രയാസപ്പെട്ടിരുന്ന ഒരാൾ, സിനിമയുടെ കഥാപശ്ചാത്തലത്തിൽ അതേ അക്രമരംഗങ്ങളെ കയ്യടിയോടെ സ്വീകരിക്കുന്ന അവസ്ഥയിലേക്ക് മാറുന്നു. മനുഷ്യമനസ്സിന്റെ ഈ മാറ്റമാണ് ഏറ്റവും ശ്രദ്ധിക്കേണ്ടത്.

## അക്രമത്തിന്റെ കാഴ്ചകൾ മനസ്സിനെ എങ്ങനെ സ്വാധീനിക്കും?

അക്രമരംഗങ്ങൾ നിറഞ്ഞ സിനിമകൾ എല്ലാവരിലും ഒരേ രീതിയിലുള്ള സ്വാധീനം ചെലുത്തുമെന്ന് പറയാനാവില്ല. എന്നാൽ, നിരന്തരമായ അക്രമദൃശ്യങ്ങൾ ചിലരിൽ ഉണ്ടാക്കാവുന്ന സ്വാധീനങ്ങളെക്കുറിച്ച് മനഃശാസ്ത്രജ്ഞർ ചർച്ച ചെയ്തിട്ടുണ്ട്.

***1. അക്രമത്തോടുള്ള സംവേദനക്ഷമത കുറയാം***

നിരന്തരം അക്രമരംഗങ്ങൾ കാണുന്നവർക്ക് യഥാർഥ ജീവിതത്തിലെ അക്രമങ്ങളോടുള്ള പ്രതികരണം കുറയാൻ സാധ്യതയുണ്ടെന്ന് ചില പഠനങ്ങൾ സൂചിപ്പിക്കുന്നു. മറ്റുള്ളവരുടെ വേദനയോട് സ്വാഭാവികമായി തോന്നേണ്ട സഹാനുഭൂതി ദുർബലമാകാനുള്ള സാധ്യതയും ചർച്ച ചെയ്യപ്പെടുന്നു.

***2. ക്രൂരത സാധാരണയായി തോന്നുന്ന സാഹചര്യം***

സിനിമാ കാഴ്ചകളിൽ ആവർത്തിച്ച് കാണുന്ന ക്രൂരത യഥാർഥ ജീവിതത്തിലും അത്തരം പ്രവൃത്തികളെ സാധാരണ സംഭവങ്ങളായി കാണാനുള്ള ഒരു മാനസികാവസ്ഥ സൃഷ്ടിക്കാം.

***3. അക്രമത്തിൽ വിനോദം കണ്ടെത്തുന്ന മനോഭാവം***

ചിലരിൽ മറ്റുള്ളവരുടെ വേദനയും ദുരിതവും കാഴ്ചയുടെ ഭാഗമായി ആസ്വദിക്കുന്ന പ്രവണത വളരാനുള്ള സാധ്യതയും വിദഗ്ധർ ചൂണ്ടിക്കാണിക്കുന്നു.

***4. ഭയവും മാനസിക സമ്മർദവും***

അമിതമായ അക്രമദൃശ്യങ്ങൾ ചിലരിൽ ഉത്കണ്ഠ, ഭയം, ഉറക്കത്തിന് പ്രശ്നങ്ങൾ തുടങ്ങിയ മാനസിക ബുദ്ധിമുട്ടുകൾക്കു കാരണമാകാം.

***5. യാഥാർഥ്യവും കാഴ്ചയും തമ്മിലുള്ള അതിർത്തി***

കാഴ്ചക്കാരിൽ, പ്രത്യേകിച്ച് കുട്ടികളിലും കൗമാരക്കാരിലും സിനിമയിലെ അതിശക്തമായ അക്രമരംഗങ്ങൾ യാഥാർഥ്യവും സാങ്കല്പികതയും തമ്മിലുള്ള വ്യത്യാസത്തെക്കുറിച്ചുള്ള ബോധത്തെ സ്വാധീനിക്കാം.

## അക്രമം കച്ചവടമാകുമ്പോൾ

ഹോളിവുഡിലെ ചില ആക്ഷൻ സിനിമകളും സമാനമായ രീതിയിൽ അക്രമരംഗങ്ങളെ പ്രധാന ആകർഷണമാക്കിയിട്ടുണ്ട്. കേരളത്തിലും അടുത്ത കാലത്ത് പുറത്തിറങ്ങിയ ചില സിനിമകളിൽ അക്രമത്തിന്റെ തീവ്രമായ അവതരണം ചർച്ചയായിട്ടുണ്ട്.

ഉണ്ണി മുകുന്ദൻ അഭിനയിച്ച *'മാർക്കോ'*, നിഖിൽ നാഗേഷ് ഭട്ട് സംവിധാനം ചെയ്ത *'കിൽ'*, സെബാസ്റ്റ്യൻ വാനിക് സംവിധാനം ചെയ്ത *'ഈവിൾ ഡെഡ് റൈസ്'* പോലുള്ള ചിത്രങ്ങൾ അക്രമത്തിന്റെ അവതരണത്തെക്കുറിച്ചുള്ള ചർച്ചകൾക്ക് വഴിയൊരുക്കിയവയാണ്.

സിനിമയിൽ സംഘർഷങ്ങളും അക്രമവും അവതരിപ്പിക്കേണ്ടതില്ല എന്നല്ല, മനുഷ്യജീവിതത്തിലെ ഇരുണ്ട വശങ്ങൾ കലാസൃഷ്ടികൾക്ക് വിഷയമാകാം. എന്നാൽ, അക്രമം ഒരു ചിന്തയ്ക്കുള്ള ഉപാധിയാണോ, അതോ വെറും കാഴ്ചയുടെ ആകർഷണമാണോ എന്നതാണ് പ്രധാന ചോദ്യം.

## മനുഷ്യന്റെ സംവേദനശേഷി സംരക്ഷിക്കണം

സിനിമ സമൂഹത്തിന്റെ പ്രതിഫലനമാണ്; അതേസമയം സമൂഹത്തെ സ്വാധീനിക്കുന്ന ശക്തിയുമാണ്. അതുകൊണ്ടുതന്നെ, സൃഷ്ടിസ്വാതന്ത്ര്യത്തിനൊപ്പം സാമൂഹിക ഉത്തരവാദിത്തവും ചർച്ച ചെയ്യപ്പെടേണ്ടതാണ്. മനുഷ്യന്റെ ഉള്ളിലെ ക്രൂരതകളെയും പ്രതികാരവികാരങ്ങളെയും മാത്രം ഉണർത്തുന്ന കാഴ്ചകൾ നിരന്തരം വിപണനം ചെയ്യപ്പെടുമ്പോൾ, അതിന്റെ ദീർഘകാല പ്രത്യാഘാതങ്ങളെക്കുറിച്ച് ചിന്തിക്കേണ്ടതുണ്ട്.

കാറ്റ് വിതച്ച് കൊടുങ്കാറ്റ് കൊയ്യുന്ന അവസ്ഥയിലേക്ക് കലാരംഗം മാറാതിരിക്കട്ടെ. മനുഷ്യന്റെ മനസ്സിനെ കൂടുതൽ ഇരുണ്ടതാക്കുന്നതിനു പകരം, കരുണയും സഹാനുഭൂതിയും പ്രത്യാശയും വളർത്തുന്ന കാഴ്ചകൾക്കാണ് കൂടുതൽ പ്രാധാന്യം ലഭിക്കേണ്ടത്.

○

ചെറു
കഥ

കിരൺ മരിയ ജോസ് നേര്യംപറമ്പിൽ
പൊടിപ്പാറ ഹോളി ഫാമിലി പള്ളി

*അതിരൂപതാ മാതൃവേദി കഥാരചനാ മത്സരത്തിൽ ഒന്നാം സമ്മാനം നേടിയ കഥ*




# മരണത്തിനപ്പുറം വേരുകൾ പൂക്കുമ്പോൾ

"School Principal, Daniel"— മൊബൈൽ സ്ക്രീനിൽ ഡിസ്പ്ലേ കണ്ടപ്പോഴേ ആനിയുടെ ചങ്കിടിപ്പ് വർധിച്ചു. ഇത്തവണ ഡാനി എന്താണാവോ ഒപ്പിച്ചിട്ടുണ്ടാവുക? പേടിയും മടിയും മാറ്റി ഫോൺ എടുത്തു. ഹോസ്പിറ്റലിൽ തിരക്കുള്ള സമയമാണ്. എങ്കിലും എടുക്കാതെ വയ്യല്ലോ.

"നിങ്ങൾ ഉടനെ നാട്ടിലെത്തണം. അല്ലെങ്കിൽ ഡാനിയൽ പോളിനെ സ്കൂൾ മാറ്റുന്നതിനുള്ള കാര്യങ്ങൾ ചെയ്തുകൊള്ളുക."

"ഹലോ" പറയുന്നതിനു മുമ്പേ പ്രിൻസിപ്പലച്ചന്റെ മുഴക്കമുള്ള ശബ്ദം കേട്ടു.

സ്കൂൾ ആനുവൽ ഡേയ്ക്ക് കൂട്ടുകാരുമായി ചേർന്ന് modified car സ്കൂളിൽ കൊണ്ടുവന്നുവത്രേ. പ്രിൻസിപ്പലിന്റെ അനുമതിയില്ലാതെ സ്കൂൾ ഗ്രൗണ്ടിൽ പൊടിപറത്തി, പടക്കം പൊട്ടുന്ന സ്വരമുണ്ടാക്കി. സ്കൂളിൽ അതു വലിയ സംഭവമായി. ഇതാണ് കാര്യം!

ഇത് ആദ്യമായല്ല ഡാനിയേലിനെക്കുറിച്ച് പരാതി കേൾക്കുന്നത്. ക്ലാസിൽ സ്ഥിരമായി താമസിച്ചുവരുക, സ്കൂളിൽ നിന്ന് കൊടുത്ത യൂണിഫോമിൽ മാറ്റങ്ങൾ വരുത്തി ഇട്ടുകൊണ്ട് ചെല്ലുക, കറുത്ത ഷൂ ഇടേണ്ട ദിവസം പലവർണ ചെരുപ്പ് ഇടുക — ഇതൊക്കെ സ്ഥിരം കാര്യങ്ങളാണ്. എന്നാൽ, ഇത് കുറച്ചുകൂടി ഗൗരവമുള്ള പരാതിയാണല്ലോ.



ചെറു
കഥ

രണ്ടാഴ്ചത്തേക്ക് വീട്ടിലെ കാര്യങ്ങളും മകളുടെ കാര്യങ്ങളുമൊക്കെ പോളച്ചനെ ഏല്പിച്ച് നാട്ടിലേക്കുള്ള വിമാനത്തിൽ കയറുമ്പോൾ ആനിയുടെ മനസ്സിലൂടെ ഡാനിയേലിന്റെ കുട്ടിക്കാലം മുതലുള്ള കാര്യങ്ങൾ കടന്നുപോയി.

ഡാനിയേലിന് രണ്ടര വയസ്സ് പ്രായമായപ്പോഴാണ് തനിക്ക് കാനഡയിൽ നഴ്സായി ജോലി കിട്ടുന്നത്. അന്ന് പിരിഞ്ഞതാണവനെ. ഒരു വർഷം കഴിഞ്ഞപ്പോൾ കാനഡയിൽ വീടുവാങ്ങി. പോളച്ചനും ഇങ്ങോട്ടുവന്നു.

ഡാനിയേലിന് അഞ്ച് വയസ്സായപ്പോൾ കാനഡയിൽവച്ചാണ് അനിയത്തി മരിയറ്റ് ജനിക്കുന്നത്. പോളച്ചന്റെ വീട്ടിൽ, പോളച്ചന്റെ മാതാപിതാക്കളുടെയും പോളച്ചന്റെ ചേട്ടന്റെ കുടുംബത്തിന്റെയും കൂടെ ഡാനിയൽ വളർന്നു. അവനെക്കൂടി കാനഡയിലേക്ക് കൊണ്ടുവരാൻ ആദ്യം മുതൽ താൻ ആഗ്രഹിച്ചതാണ്. പല കാരണങ്ങൾകൊണ്ട് കഴിഞ്ഞില്ല. “അവൻ നാട്ടിൽ +2 കഴിഞ്ഞാൽ അങ്ങ് പോരാമല്ലോ; ചാച്ചനും അമ്മച്ചിക്കും ഒരു കൂട്ടായി നിൽക്കട്ടെ.” അങ്ങനെ പോയി അഭിപ്രായങ്ങൾ.

ഒമ്പതാം ക്ലാസിൽ കയറിയപ്പോൾമുതൽ ഡാനി ഉഴപ്പ് തുടങ്ങി. നാട്ടിൽ അവധിക്കാലത്ത് ചെല്ലുമ്പോൾ ആനി അവനെയും കൂട്ടി കൗൺസലിംഗ് സെന്ററുകളും ധ്യാനമന്ദിരങ്ങളും കയറിയിറങ്ങി. അവന് പറയത്തക്ക മാറ്റങ്ങളൊന്നും ഉണ്ടായില്ല. അതിന്റെ പേരിലുള്ള പരിഹാസങ്ങൾ കേട്ട് ആനിയുടെ മനസ്സ് തളർന്നു.

‘അമ്മ ഉണ്ടായിരുന്നെങ്കിൽ...’ പലപ്പോഴും ഓർത്തിട്ടുണ്ട്. നാട്ടിലുള്ള പല വികൃതിപ്പിള്ളേരെയും പിടിച്ചിരുത്തി പഠിപ്പിച്ച് പത്താം ക്ലാസ് ജയിപ്പിച്ച ക്രെഡിറ്റൊക്കെ ഉണ്ടായിരുന്നു ടീച്ചറായ അമ്മയ്ക്ക്.

അമ്മ ഉണ്ടായിരുന്നെങ്കിൽ അമ്മ പറഞ്ഞേനെ: “ആനി, അവനെ ഇവിടെ എന്റെ അടുത്ത് നിർത്തിയേക്ക്... ഞാൻ പഠിപ്പിച്ചോളാം അവനെ.”

ഡാനിക്ക് ഏഴ് വയസ്സുള്ളപ്പോൾ, ഒരു ക്രിസ്മസ് അവധിക്കാലത്ത് പെട്ടെന്നായിരുന്നു അമ്മ മരിച്ചത്. എങ്കിലും തനിക്കും പപ്പയ്ക്കും മാത്രം അമ്മ ഇപ്പോഴും കൂടെയുള്ളതുപോലെയാണ്.

ഓർമ്മകളുടെ അടരുകൾ ഓരോന്ന് ചികഞ്ഞുവന്നപ്പോഴേക്കും വിമാനം നെടുമ്പാശേരിയിലെത്തി. പപ്പാ അയച്ച കാറിൽ സ്വന്തം വീട്ടിലേക്കാണ് പോയത്. രണ്ടു വീടുകളുടെയും ഇടയിലുള്ള ഒരു ബോർഡിങ് സ്കൂളിലാണ് ഡാനി പഠിക്കുന്നത്.

വീട്ടിലെത്തി പപ്പയെ പുതിയ കഥകൾ പറഞ്ഞു കേൾപ്പിച്ചു. “സാരമില്ല, നമുക്ക് നാളെ ചെന്നുനോക്കാം.” പപ്പാ സമാധാനിപ്പിച്ചു.

പപ്പാ കിടന്നുകഴിഞ്ഞ് പതിവുപോലെ അമ്മയുടെ അലമാര തുറന്നു. എപ്പോൾ വന്നാലും, ആ അലമാര തുറന്ന് കുറെ എന്തൊക്കെയോ പരതും. അമ്മയുടെ സാരി, ഡയറികൾ, ആഭരണങ്ങൾ, പ്രാർഥനാപുസ്തകങ്ങൾ... ഒന്നിനുമല്ല, ഒരു സമാധാനത്തിന്.

ഒരു സാരി വലിച്ചെടുത്തപ്പോൾ അതിനിടയിൽനിന്ന് താഴേക്കുവീണത് 2000-ാമാണ്ടിലെ അമ്മയുടെ ഡയറിയായിരുന്നു. അതിനുള്ളിൽ ഒരു ചെറിയ പ്രാർഥനാപുസ്തകവും നിറംമങ്ങി പൂപ്പൽ പിടിച്ച ഒരു കൊന്തയും.



*2000 മാർച്ച് 6:* ആ പുതിയ കൂട്ടുകെട്ട് നല്ലതല്ല എന്ന് എത്ര പറഞ്ഞിട്ടും മോളുവിന് മനസ്സിലാകുന്നില്ലല്ലോ. വഴിയിൽ ഇലയനങ്ങുന്നതുപോലും വീട്ടിൽ വന്ന് പറയുന്ന കുട്ടി; പഠനത്തിന് മുടക്കം വരുത്തുന്നില്ല. ടീച്ചേഴ്സിനൊക്കെ വലിയ കാര്യം. പക്ഷേ...

*...മാർച്ച് 27*: ഇനി ഒന്നും പറയണ്ട എന്ന് തീരുമാനിച്ചു. പറയുമ്പോൾ പിണക്കം, വഴക്ക്, തർക്കുത്തരം... ഏഴു മാസത്തേക്ക് എല്ലാ ആദ്യ വെള്ളിയാഴ്ചയും കുർബാന കാണാം എന്ന് തീരുമാനിച്ചു. സ്കൂളിൽനിന്ന് ഇടയ്ക്ക് ഇറങ്ങിപ്പോകുമ്പോൾ ഉച്ചയൂണ് ഒഴിവാക്കേണ്ടിവരും; സാരമില്ല. പഴയ തലവേദന തിരിച്ചുവരാൻ സാധ്യതയുണ്ട്. മുട്ടുവേദനയുണ്ടെങ്കിലും ജപമാല മുട്ടിന്മേൽ നിന്ന് ചൊല്ലാൻ തീരുമാനിച്ചു..."

ആനിക്ക് കണ്ണുനീർ ഒഴുകി വാക്കുകൾ കാണാതായി... അമ്മ പറഞ്ഞിരിക്കുന്ന ആ കാലത്തിനുശേഷം താൻ മിടുക്കിയായതും, ആങ്ങളയുടെ അഭിപ്രായത്തിൽ തനിക്ക് 'ബോധം' വന്നതും ആനി ഓർത്തു. വീട്ടിൽ പലരും പല കാര്യത്തിനും തന്നോട് ദേഷ്യപ്പെട്ടിട്ടുണ്ട്. എന്നാൽ അമ്മ ഒന്നിനും വഴക്കുപറഞ്ഞ ഓർമ്മയേയില്ല. പ്രാർഥനയും പരിത്യാഗവും കൂടുതൽ സ്നേഹവും ഉപവാസവും ആയിരുന്നു അമ്മയുടെ വഴി.

"മോളൂ, സങ്കടപ്പെടേണ്ട" എന്ന് പറഞ്ഞുകൊണ്ട് നരകയറി ഭംഗിപോയ മുടിയിൽ തലോടിക്കൊണ്ട് അമ്മ തൊട്ടടുത്ത് നിൽപ്പുണ്ടെന്ന് തോന്നി. രാവിലെ പപ്പയ്ക്ക് ഇഷ്ടമുള്ള കപ്പ വേവിച്ചതും മുളകു പൊട്ടിച്ചതും ഉണ്ടാക്കി.

"എന്താ, പ്രിൻസിപ്പാൾ അച്ചനെ വീഴിക്കാൻ എന്തെങ്കിലും ട്രിക്ക് കണ്ടുപിടിച്ചോ?" തന്റെ മുഖത്തെ സന്തോഷം കണ്ട് പപ്പാ ചോദിച്ചു. "അതൊക്കെയുണ്ട്. പപ്പാ വേഗം റെഡിയാക്. സ്കൂളിലേക്ക് പോകുന്ന വഴി ഞാൻ കഥ പറയാം..."

പപ്പയുടെ മാരുതി 800 ഒത്തിരി വർഷങ്ങൾക്കുശേഷം ഓടിക്കുമ്പോൾ ആനിയുടെ മനസ്സിൽ ഒട്ടും നിരാശയില്ലായിരുന്നു. ഇതും ഒരു മാർച്ച് മാസമാണ്. +1 പരീക്ഷ തുടങ്ങാൻ രണ്ടാഴ്ച ബാക്കി. പോളച്ചൻ ഒരു മാസത്തേക്ക് വീട്ടിലെ കാര്യങ്ങൾ ഓടിക്കും. മരിയറ്റ് അവളുടെ കാര്യങ്ങൾ നോക്കിക്കൊള്ളും. ഇപ്പോൾ ഇവിടെ ഒരു മാസം നിൽക്കാം.

ചെറു
കഥ

അതെ, ഡാനിയുടെ പ്രശ്നങ്ങളുടെ കുരുക്കഴിക്കാനുള്ള താക്കോൽ തനിക്ക് കിട്ടി—അത് കൂടുതൽ സ്നേഹത്തിന്റെയും കൂടുതൽ പ്രാർഥനയുടെയും താക്കോലാണ്. അടുത്ത വർഷം അവൻ +2 പഠിക്കുമ്പോൾ താൻ അവന്റെ കൂടെ ഉണ്ടാവണം... പോളച്ചൻ ഒരു വർഷംകൂടെ വേണമെങ്കിൽ അവിടെ ജോലി ചെയ്യട്ടെ. മരിയറ്റിനെയും ഇങ്ങ് കൊണ്ടുവരണം. പപ്പയും അമ്മയും തങ്ങളെ വളർത്തിയതുപോലെ അവരെ വളർത്തണം. ഡാനി കുസൃതിയാണെന്നേയുള്ളൂ; മിടുക്കനാണ്, പാവമാണ്.

മരണത്തിനപ്പുറത്തുനിന്ന്, മണ്ണിന്റെ അടരുകൾക്കിടയിൽനിന്ന് ചില്ലകൾ പൂവിടാനുള്ള മന്ത്രം തന്റെ അമ്മ പറഞ്ഞു തന്നതോർത്ത് അവൾ നന്ദി പറഞ്ഞു—അമ്മയ്ക്കല്ല; അമ്മയെ തന്ന ദൈവത്തിന്.

○

കവിത

സിബിച്ചൻ വേങ്ങച്ചേരിൽ



# ഓളമല്ലോണം

പൊന്നിൻ ചിങ്ങനാളിലൊന്നിൽ മിന്നും കൗതുകത്താൽ ടീച്ചർ
ഓണത്തെക്കുറിച്ച് ക്ലാസിൽ ചോദ്യം ചോദിച്ചു.

ഓണമെന്നാലെന്താണെന്ന ചോദ്യം കേട്ടൊട്ടമ്പരന്ന്
നാണമേറും മുഖംപൊത്തി ഇരുന്നു പൈതൽ.

ഒരുനേരം ഒരുമിച്ച് ഇലയിട്ടിരുന്നുണ്ണുന്ന
ഒരു ദിനം മാത്രമല്ലേ ഓണം അവർക്ക്!

ഒരുവേള ഓർത്തീടുകിൽ, നമുക്കുമാ പദത്തിന്റെ
പൊരുളെന്തെന്നറിയുവാൻ കഴിഞ്ഞിട്ടുണ്ടോ?

ശതാബ്ദങ്ങൾ മുന്നമാരോ ഉരചെയ്ത കഥയുടെ
ഇതിഹാസ രൂപമാർന്ന കഥനമാണോ?

എന്താണോണം? ലളിതമായ് ചിന്തിക്കുകിൽ ഉള്ളിലൊരു
ചന്തമേറും കാലത്തിന്റെ തുടിപ്പുണരും.

മാനവരെയെല്ലാമൊരേ കണ്ണിലൂടെ കണ്ടിരുന്ന
മന്നവൻ ഭരിച്ചിരുന്ന സുവർണ്ണകാലം!

കോഴയും ചതിയും പൊള്ളഭാവവുമില്ലാതെവരും
തോഴരായി വാണിരുന്ന മാധുര്യകാലം!

അങ്ങിനൊരു കാലം വീണ്ടുമുരുത്തിരിഞ്ഞുയിർ കൊള്ളാൻ
ഇങ്ങിനി നാമെത്രയുഗം കാത്തിരിക്കേണം!

കാണം വിറ്റുമുണ്ണേണ്ടതാണോണമെന്ന പഴഞ്ചൊല്ലിൻ
ഈണമുണ്ടു വളർന്നൊരു ദരിദ്രബാല്യം.

പഴന്തലമുറയ്ക്കുള്ളിലുറങ്ങിക്കിടപ്പുണ്ടാവാം;
പഴങ്കഥയ്ക്കിന്ന് പക്ഷേ, പ്രസക്തിയുണ്ടോ?

പറയുവാൻ പുതിയൊരു കഥയുണ്ട്; ഓണമെന്തെ-
ന്നറിയുവാനുറപ്പായതുപകരിക്കും.

വെറുമൊരു കഥയല്ലതനുഭവതൂലികയാൽ
ചരിത്രത്തിൽ കുറിച്ചിട്ടൊരപൂർവഗാഥ!

സപ്തവർഷം പിന്നിലൊരു തുലാവർഷപ്പെയ്ത്തിനായി
തപ്തയായി കാത്തിരുന്ന ദേശത്തിന്മീതെ,

ക്രോധാവേശം തീർക്കുംപോലെ ഭ്രാന്തമായ് പെയ്തിറങ്ങിയ
ഭൂതമേഘം കേരളത്തെ സാഗരമാക്കി.

അഗതികളായിത്തീർന്ന സഹോദരർക്കതിദ്രുതം
നഗരവാസികൾ വാസസ്ഥലമൊരുക്കി.

തീരദേശത്താശങ്കയോടിരുന്ന കടലിൻമക്കൾ
കാരുണ്യത്തിൻ തോണിയേറിയണഞ്ഞു വേഗം.

ദേവാലയങ്ങളും പാഠശാലകളും സഹജർതൻ
നോവകറ്റും സാന്ത്വനത്തിൻ കുടീരമായി.

ഉള്ളവനുമില്ലാത്തോനും പണ്ഡിതനും പാമരനും
ഉള്ളുകൊണ്ടറിഞ്ഞു തങ്ങൾ മനുഷ്യരെന്ന്!

ഉള്ളതെല്ലാം ശങ്കയന്യേ പങ്കുവച്ചും തമ്മിതമ്മിൽ
ഉള്ളിലുള്ള സങ്കടങ്ങൾ പകുത്തെടുത്തും,

ഏകോദരസഹോദരങ്ങളെപ്പോലെ സകലരും
ഏകഭാവമോടെ മോദാൽ വസിച്ചന്നാളിൽ!

തിരുവോണപ്പൊരുളെന്തെന്നറിഞ്ഞു ഞാനന്ന്; പര-
നൊരുക്കിയ വിപത്തതിന്നായിരുന്നീടാം...!

കാലത്തിന്റെ കളരിയിലിരുന്നിട്ടുമറിവിന്റെ
ബാലസൂര്യനെത്തീടാത്ത മാനസങ്ങൾക്കായ്,

ചെറിയൊരു തിരിവെട്ടമുയർത്തുവാൻ തുനിയുമീ
കുറിയോന്റെ അപരാധം പൊറുത്തീടണേ!

കുറിക്കുക നിങ്ങളിന്നീ ചെറുവാക്യമുള്ളിൽ തിരി -
ച്ചറിവിന്റെ കാലമതിദൂരമല്ലോർക്കൂ...!

ജാതി, വർണ്ണഭേദമല്ല മനുഷ്യന്റെ മണമുള്ള
മതമാണീ ഉലകിന്റെ ഒരുമ മന്ത്രം...!!



*(‘കുട്ടനാടൻ പുഞ്ചയിലെ’ എന്ന രീതി )*


## വിവാഹ ഒരുക്ക ധ്യാനം

| | | |
|---|---|---|
| 2026 AUGUST | - | 08, 09, 10 [SAT-MON] |
| | - | 15, 16, 17 [SAT-MON] |
| | - | 31, Sept. 01, 02 [MON-WED] |
| 2026 SEPTEMBER | - | 12, 13, 14 [SAT-MON] |
| | - | 19, 20, 21 [SAT-MON] |
| 2026 OCTOBER | - | 02, 03, 04 [FRI-SUN] |
| | - | 17, 18, 19 [SAT-MON] |
| | - | 26, 27, 28 [MON-WED] |

August 8,9,10 &
August 15,16,17
(online booking closed )

*അന്വേഷണങ്ങൾക്ക്*
ഫാമിലി അപ്പോസ്തലേറ്റ്, ചങ്ങനാശ്ശേരി
ഫോൺ - 0481 2424476 സമയം – 11 am to 5 pm

SEHIYON
Retreat centre
Kunnamthanam



ഉദ്ദിഷ്ടകാര്യം സാധിച്ചതിന്
ഉപകാരസ്മരണ



ആരോൺ ചാഞ്ഞോടി



റവ. ഡോ. തോമസ് വള്ളിയാനിപ്പുറം

# കുടുംബസൗഭാഗ്യത്തിന് സാമ്പത്തിക സാക്ഷരത

കുടുംബത്തിന്റെ യഥാർഥ സമ്പത്ത് എന്താണ്? പുരയിടമോ കെട്ടിടമോ ബാങ്ക് ബാലൻസോ അല്ല — കുടുംബത്തിലെ ഓരോ വ്യക്തിയുമാണ്. വ്യക്തികളെക്കാൾ വസ്തുവകകൾക്ക് പ്രാധാന്യം കൊടുക്കുന്നിടത്താണ് ഏതു കുടുംബവും അപചയത്തിലേക്ക് നീങ്ങുന്നത്.

പ്രശസ്ത നോവലിസ്റ്റ് ആനന്ദിന്റെ *മരുഭൂമികൾ ഉണ്ടാകുന്നത്* എന്ന നോവലിൽ ഒരു രംഗമുണ്ട് — ജയിലിലെ തടവുപുള്ളികളെ അടിമപ്പണിക്ക് അയയ്ക്കുമ്പോൾ, ഒരു ധനികന്റെ സ്ഥാനത്ത് ഒരു ദരിദ്രൻ ശിക്ഷ ഏറ്റുവാങ്ങുന്നു. ഇത് തിരുത്താൻ ആരും തയ്യാറാകുന്നില്ല, കാരണം അധികാരികളുടെ കണ്ണിൽ അയാൾ ഒരു മനുഷ്യനല്ല; വെറുമൊരു 'ചരക്ക്' മാത്രമാണ്.

മനുഷ്യനെ 'ചരക്കാക്കി' മാറ്റുന്ന ഈ പ്രവണത പണസമ്പാദനത്തിനുവേണ്ടി വ്യക്തികളെ അവഗണിക്കുന്നതുവഴി കുടുംബങ്ങളിലേക്കും പടർന്നിട്ടുണ്ടെന്ന് നോവലിസ്റ്റ് ചൂണ്ടിക്കാട്ടുന്നു. ഇതിനെതിരെയുള്ള യേശുവിന്റെ നിലപാടിനെയാണ് നാം 'സാമ്പത്തിക സാക്ഷരത' എന്നു വിളിക്കുന്നത്. സമ്പത്ത് എങ്ങനെ നേടണം, കാത്തുസൂക്ഷിക്കണം, വിനിയോഗിക്കണം എന്നതിനെക്കുറിച്ചുള്ള യേശുവിന്റെ ഏറ്റവും ശക്തമായ പ്രബോധനങ്ങൾ നാം കാണുന്നത് ലൂക്കായുടെ സുവിശേഷത്തിലാണ്. കുടുംബജീവിതം നയിക്കുന്നവർക്ക് ഇവ ഇന്നും ഉത്തമ മാർഗദർശനങ്ങളാണ്.



## സമ്പത്ത് തിന്മയല്ല

ധനവാന്മാരെ ശാസിക്കുന്ന യേശുവിന്റെ വാക്കുകൾ കേട്ട്, ധനംതന്നെ തിന്മയാണെന്ന് പലരും തെറ്റിദ്ധരിക്കാറുണ്ട്. എന്നാൽ അതല്ല സത്യം. ധനത്തിന്റെ യഥാർഥ ഉടമ ദൈവമാണ്; ദൈവഹിതപ്രകാരം അത് നീതിപൂർവം നേടുകയും വിനിയോഗിക്കുകയും വേണം എന്നാണ് യേശു പഠിപ്പിക്കുന്നത്. ഈ കാഴ്ചപ്പാടോടെ സമ്പത്തിനെ സമീപിക്കുന്ന കുടുംബം മനുഷ്യബന്ധങ്ങളെ ഒരിക്കലും 'ചരക്കാക്കി' മാറ്റുകയില്ല; മറിച്ച്, സ്നേഹ പൂർവം കുടുംബത്തെ പോറ്റാൻ ശ്രമിക്കും.


സമ്പത്തില്ലാതെ ഒരു കുടുംബത്തിനും നിലനിൽക്കാനാവില്ല. അതുകൊണ്ട്, കുടും ബത്തിന്റെ വളർച്ചയ്ക്കായി നീതിയോടെയും ഉത്തരവാദിത്തബോധത്തോടെയും സമ്പത്ത് നേടാനും വിനിയോഗിക്കാനും കുടുംബാം ഗങ്ങളെ സഹായിക്കുന്ന കാഴ്ചപ്പാടാണ് സാമ്പത്തിക സാക്ഷരത. ലൂക്കായുടെ സുവി ശേഷത്തിൽ ഇതിന് അഞ്ചു മുഖങ്ങളുണ്ട് — പങ്കുവയ്ക്കൽ, വിവേകം, വിമോചനം, സമ്പൂർ ണ്ണ ത്യാഗം, ഉത്തരവാദിത്തം. ഓരോന്നും നമുക്കൊന്നു നോക്കാം.

## 1. പങ്കുവയ്ക്കാനുള്ള മനസ്സ്

സമൂഹത്തിലെ പാവപ്പെട്ടവരെയും ദരിദ്രരെയും സഹായിക്കാനുള്ള കടമ ഓർമ്മി പ്പിക്കുന്നതാണ് ഈ നിലപാട്. പരിശുദ്ധ കന്യകാമറിയത്തിന്റെ *മഗ്നിഫിക്കാത്തിൽ* ഇത് കാവ്യാത്മകമായി കാണാം: "വിശക്കു ന്നവരെ വിശിഷ്ട വിഭവങ്ങൾകൊണ്ട് സംതൃ പ്തരാക്കി, സമ്പന്നരെ വെറും കൈയോടെ പറഞ്ഞയച്ചു..." (ലൂക്കാ 1:46-55) എന്നത് ഒരു ദൈവരാജ്യ വിപര്യാസമാണ്.

ലൂക്കായുടെ സമതലപ്രസംഗത്തിലെ ഭാഗ്യങ്ങളിലും ദുരിതങ്ങളിലും (ലൂക്കാ 6:20-26) ഇതേ സന്ദേശം തന്നെയാണ് — ദരിദ്രരും വിശക്കുന്നവരും കരയുന്നവരും വിമോചി തരാകണം എന്ന യേശുവിന്റെ സ്വപ്നം. സ്നാപകയോഹന്നാൻ ഇത് ലളിതമായി പറഞ്ഞു: "രണ്ട് ഉടുപ്പുള്ളവൻ ഒന്ന് ഇല്ലാ ത്തവന് കൊടുക്കട്ടെ. ഭക്ഷണം ഉള്ളവനും അങ്ങനെ ചെയ്യട്ടെ." (ലൂക്കാ 3:11)

നസ്രത്തിലെ ആദ്യ പ്രസംഗത്തിൽ യേശുതന്നെ ദരിദ്രർക്കും ബന്ധിതർക്കും മോചനം പ്രഘോഷിക്കാനുള്ള ദൗത്യം ഏറ്റെടുക്കുന്നു. 'ധനികനായ ഭോഷന്റെ ഉപമ', 'ധനവാന്റെയും ലാസറിന്റെയും ഉപമ', 'വലിയ വിരുന്നിന്റെ ഉപമ' എന്നിവ



സമ്പത്തില്ലാതെ ഒരു കുടുംബത്തിനും നിലനിൽക്കാനാവില്ല. അതുകൊണ്ട്, കുടുംബത്തിന്റെ വളർച്ചയ്ക്കായി നീതിയോടെയും ഉത്തരവാദിത്തബോധത്തോടെയും സമ്പത്ത് നേടാനും വിനിയോഗിക്കാനും കുടുംബാംഗങ്ങളെ സഹായിക്കുന്ന കാഴ്ചപ്പാടാണ് സാമ്പത്തിക സാക്ഷരത.

യെല്ലാം ഒരേ കാര്യമാണ് പറയുന്നത് — സമ്പത്ത് പങ്കുവച്ച് പാവപ്പെട്ടവരെ പോറ്റുക. ധനികനായ ഒരു അധികാരിയോടുപോലും യേശു ഇതേ കാര്യം ആവശ്യപ്പെടുന്നുണ്ട് (ലൂക്കാ 18:22). ലൂക്കാ 12:33-ൽ യേശു പറയുന്നു: "നിങ്ങളുടെ സമ്പത്തു വിറ്റ് ദാനം ചെയ്യുവിൻ. പഴകിപ്പോകാത്ത പണസഞ്ചികൾ കരു തിവയ്ക്കുവിൻ... നിന്റെ നിക്ഷേപം എവിടെയോ, അവിടെ നിന്റെ ഹൃദയവും."

**കുടുംബത്തിന്:** മാസാമാസം എത്ര മിച്ചം വയ്ക്കുന്നു എന്നതു മാത്രമല്ല, അതിൽ എത്ര പങ്ക് മറ്റുള്ളവർ ക്കായി മാറ്റിവയ്ക്കുന്നു എന്നതും ഒരു കുടുംബത്തിന്റെ വിശ്വാസത്തിന്റെ അളവുകോലാണ്.

## 2. വിവേകത്തോടെ കൈകാര്യം ചെയ്യുക

'അവിശ്വസ്തനായ കാര്യസ്ഥന്റെ ഉപമ'യിൽ (ലൂക്ക 16:1-12) ഒരു കാര്യസ്ഥൻ ജോലി പോകുമെന്നു കണ്ടപ്പോൾ, സ്വന്തം ഭാവി സുരക്ഷിതമാക്കാൻ യജമാ നന്റെ കടക്കാരുടെ കടപ്പത്രങ്ങൾ ഇളച്ചുകൊടുത്ത് അവരുടെ പ്രീതി നേടുന്നു. കൗതുകകരമായ കാര്യം, ഈ കൗശലക്കാരനെ യജമാനൻ ശാസിക്കുന്നില്ല; മറിച്ച്, അയാളുടെ ബുദ്ധിവൈഭവത്തെ പ്രശംസി ക്കുന്നു എന്നതാണ്.



ദാരിദ്ര്യവ്രതം സ്വീകരിച്ച് സന്യാസജീവിതം നയിക്കുന്നവരുടേതുപോലുള്ള ഒരു പ്രത്യേക വിളിയാണ്. കുടുംബ ജീവിതക്കാർക്ക് ഈ വിളിയല്ല ലഭിച്ചിരിക്കുന്നത്. മറിച്ച്, സമ്പത്ത് വിവേകത്തോടെ നേടിയും പങ്കുവച്ചും ധനമോഹത്തിന് അടിമപ്പെടാതെയും ജീവിക്കാനുള്ള കൃപയാണ് അവർക്കുള്ളത്.

ഈ കാര്യസ്ഥൻ ധാർമ്മികനല്ല എന്നതിൽ സംശയമില്ല. ചില വ്യാഖ്യാതാക്കൾ ഇയാളെ ന്യായീകരിക്കാൻ ശ്രമിക്കാറുണ്ടെങ്കിലും, യഥാർഥത്തിൽ അയാൾ വീണ്ടും യജമാനനെ വഞ്ചിക്കുകയാണ് ചെയ്തത്. യേശു അയാളുടെ അധാർമ്മികതയെയല്ല, ഭാവിയെക്കുറിച്ചുള്ള അയാളുടെ ദീർഘവീക്ഷണത്തെയും കൈയടക്കത്തെയുമാണ് ചൂണ്ടിക്കാട്ടുന്നത്:

"ഈ ലോകത്തിന്റെ മക്കൾ പലപ്പോഴും വെളിച്ചത്തിന്റെ മക്കളെക്കാൾ വിവേകശാലികളായി പ്രവർത്തിക്കുന്നു." ലൗകിക സമ്പത്ത് ('അധാർമ്മിക മാമോൻ' എന്നാൽ ദുഷിച്ച പണം എന്നല്ല, വെറും 'ലൗകികമായ' സമ്പത്ത് എന്നാണ് അർഥം) വിവേകത്തോടെ കൈകാര്യം ചെയ്യുന്നവർക്കാണ് സ്വർഗീയ സമ്പത്തും ഭരമേൽപ്പിക്കപ്പെടുക.

**കുടുംബത്തിന്:** ഇവിടെ മൂന്നു പാഠങ്ങളുണ്ട്:

- വരവറിയാതെ ചെലവാക്കുകയോ, ആർഭാടങ്ങളിൽ മുഴുകുകയോ, കൊള്ളപ്പലിശയ്ക്ക് കടം വാങ്ങുകയോ ചെയ്യരുത്; ഭാര്യാഭർത്താക്കന്മാർ ഒരുമിച്ചാലോചിച്ച് തീരുമാനിക്കണം.
- ഉള്ളതിൽ ഒരു പങ്ക് ദരിദ്രർക്കായി മാറ്റിവയ്ക്കുന്നത് ശീലമാക്കണം.
- അധാർമ്മികമായ വഴികളിലൂടെ ഒരിക്കലും സമ്പാദിക്കരുത്; നീതിപൂർവം സമ്പാദിക്കുന്നതു മാത്രമേ യഥാർഥ വളർച്ചയാകൂ.

## 3. പണത്തിന്റെ അടിമത്തത്തിൽ നിന്നുള്ള മോചനം

"ധനമോഹമാണ് എല്ലാ തിന്മകളുടെയും അടിസ്ഥാന കാരണം. ധനമോഹത്തിലൂടെ പലരും വിശ്വാസത്തിൽനിന്ന് വ്യതിചലിച്ചുപോകാനും ഒട്ടേറെ വ്യഥകളാൽ തങ്ങളെത്തന്നെ മുറിപ്പെടുത്താനും ഇടയായിട്ടുണ്ട്" എന്ന് പൗലോസ് എഴുതി (1 തിമോ 6:10).

ധനികനായ ഭോഷന്റെ ഉപമയിലും ധനവാന്റെയും ലാസറിന്റെയും ഉപമയിലും ഇതു കാണാം — ചെമന്ന പട്ടും മൃദുല വസ്ത്രങ്ങളും ധരിച്ച് സുഖലോലുപനായി ജീവിച്ച ധനവാന് സ്വന്തം വീട്ടുപടിക്കൽ വ്രണബാധിതനായി കിടന്ന ലാസറിനെ കാണാൻ കണ്ണുണ്ടായില്ല. ദൈവവിളി നിരസിച്ച് മടങ്ങിപ്പോയ ധനികനായ അധികാരിയും (ലൂക്കാ 18:18-23) ഇതേ ധനമോഹത്തിന് അടിമയായിരുന്നു.

"ഒട്ടകവും സൂചിക്കുഴയും" എന്ന അതിശയോക്തിയിലൂടെ (ലൂക്കാ 18:25) യേശു പറയുന്നത്, ധനത്തോടുള്ള അമിതമായ ആസക്തി ദൈവരാജ്യത്തിലേക്കുള്ള വഴി അടയ്ക്കും എന്നാണ്. ഇതിൽനിന്ന് മോചനം ലഭിക്കണമെങ്കിൽ, 'ദൈവം മാത്രമാണ് എന്റെ ധനം' എന്ന ബോധ്യത്തിലേക്ക് നാം വളരണം. അപ്പോൾ ദൈവസന്നിധിയിൽ നാം യഥാർഥത്തിൽ സമ്പന്നരാകും. ലളിതജീവിതവും പങ്കുവയ്ക്കാനുള്ള മനസ്സും സ്വാഭാവികമായി വരും. ധനവാന്റെയും ലാസറിന്റെയും കഥയിൽ, ധനവാന്റെയും അഞ്ചു സഹോദരങ്ങളുടെയും മുഖ്യപാപം ഈ പങ്കുവയ്ക്കാനുള്ള മടിയായിരുന്നു (ലൂക്കാ 16:28-31) എന്നു നാം ഓർക്കണം.

**കുടുംബത്തിന്:** "ഞങ്ങൾക്കു കൂടുതൽ വേണം" എന്ന ചിന്തയ്ക്കു പകരം, "ഞങ്ങൾക്കുള്ളത് ധാരാളമാണ്" എന്ന ചിന്തയോടെ ജീവിക്കുന്ന കുടുംബങ്ങളാണ് യഥാർഥത്തിൽ സ്വതന്ത്രമായവ.

## 4. എല്ലാം വിട്ടുള്ള ഒരു വിളി

ചിലരെ യേശു എല്ലാം ഉപേക്ഷിച്ച് തന്നെ അനുഗമിക്കാൻ ക്ഷണിക്കുന്നു (ലൂക്കാ 9:57-62). "തനിക്കുള്ളതെല്ലാം ഉപേക്ഷിക്കാതെ നിങ്ങളിൽ ആർക്കും എന്റെ ശിഷ്യനാകുക സാധ്യമല്ല" (ലൂക്കാ 14:33) എന്ന് യേശുതന്നെ പറയുന്നു.

ദാരിദ്ര്യവ്രതം സ്വീകരിച്ച് സന്യാസജീവിതം നയിക്കുന്നവരുടേതുപോലുള്ള ഒരു പ്രത്യേക വിളിയാണിത് — പരിപൂർണ്ണ സ്നേഹത്തിനുവേണ്ടിയുള്ള സർവസംഗപരിത്യാഗം. കുടുംബജീവിതക്കാർക്ക് ഈ വിളിയല്ല ലഭിച്ചിരിക്കുന്നത്. മറിച്ച്, സമ്പത്ത് വിവേകത്തോടെ നേടിയും പങ്കുവച്ചും ധനമോഹത്തിന് അടിമപ്പെടാതെയും ജീവിക്കാനുള്ള കൃപയാണ് അവർക്കുള്ളത്. രണ്ടും ഒരേ ദൈവവിളിയുടെ രണ്ടു മുഖങ്ങൾ മാത്രമാണ്.

## 5. ഭരമേൽപ്പിക്കപ്പെട്ടതിനോടുള്ള ഉത്തരവാദിത്തം


പത്തു നാണയങ്ങളുടെ ഉപമയിൽ (ലൂക്കാ 19:11-27) ഒരു പ്രഭു തന്റെ പത്തു സേവകർക്ക് ഓരോ 'മിനാ' വീതം കൊടുത്തിട്ട് യാത്രയാകുന്നു — അത് വ്യാപാരം ചെയ്ത് വളർത്തണമെന്നാണ് ആവശ്യം. തിരിച്ചെത്തിയപ്പോൾ, പത്തും അഞ്ചും മിനാ ഇരട്ടിപ്പിച്ചവരെ പ്രഭു പ്രശംസിക്കുകയും പ്രതിഫലം നൽകുകയും ചെയ്യുന്നു. എന്നാൽ, അത് തുണിയിൽ പൊതിഞ്ഞ് ഭയന്ന് ഒളിച്ചുവച്ച ഭൃത്യനെ ശാസിക്കുകയും ശിക്ഷിക്കുകയും ചെയ്യുന്നു. "ഉള്ളവന് കൊടുക്കപ്പെടും; ഇല്ലാത്തവരിൽനിന്ന് ഉള്ളതുപോലും എടുക്കപ്പെടും" (ലൂക്കാ 19:26) എന്ന് പ്രഭു പറയുന്നു.

അധ്വാനത്തിലൂടെ ധനം വർധിപ്പിക്കുന്നവർക്ക് കൂടുതൽ ലഭിക്കും; അലസരായി കഴിയുന്നവർക്ക് ഉള്ളതുപോലും നഷ്ടപ്പെടും. ധനം ഉപയോഗിക്കാനുള്ളതാണ്, ഭയന്ന് ഒളിച്ചുവയ്ക്കാനുള്ളതല്ല എന്ന സന്ദേശമാണിത്. ഈ ഉത്തരവാദിത്തത്തിന്റെ ഏറ്റവും മനോഹരമായ ഉദാഹരണമാണ് സക്കേവൂസ് (ലൂക്കാ 19:1-10). ചുങ്കക്കാരനായ അയാൾ അനീതിയിലൂടെയാണ് പണം സമ്പാദിച്ചത്. എന്നാൽ, യേശുവിനെ കണ്ടുമുട്ടിയശേഷം അയാൾ പൂർണ്ണമായി മാറുന്നു — തന്റെ വഞ്ചനകൾക്ക് പരിഹാരം ചെയ്യാനും, സമ്പത്തിന്റെ പകുതി ദരിദ്രർക്കായി പങ്കുവയ്ക്കാനും അയാൾ തയ്യാറാകുന്നു.

ആ മാനസാന്തരത്തിലൂടെ അയാളുടെ കുടുംബത്തിന് മുഴുവൻ യേശു രക്ഷ നൽകുന്നു. സാമ്പത്തിക സാക്ഷരതയുടെ പാഠങ്ങൾ ജീവിതത്തിൽ പകർത്തിയപ്പോഴാണ് സക്കേവൂസിന്റെ കുടുംബം രക്ഷ പ്രാപിച്ചത് എന്നത് നാം മറക്കരുത്.

**കുടുംബത്തിന്:**

അലസതയോ ഭയമോ കൊണ്ട് വിഭവങ്ങൾ ഒളിച്ചുവയ്ക്കാതെ, അധ്വാനത്തിലൂടെയും നീതിയിലൂടെയും അവ വളർത്താനുള്ള ഉത്തരവാദിത്തം ഓരോ കുടുംബത്തിനുമുണ്ട്.



ചുങ്കക്കാരനായ സക്കേവൂസ് അനീതിയിലൂടെയാണ് പണം സമ്പാദിച്ചത്. എന്നാൽ യേശുവിനെ കണ്ടുമുട്ടിയശേഷം അയാൾ പൂർണമായി മാറുന്നു. തന്റെ വഞ്ചനകൾക്ക് പരിഹാരം ചെയ്യാനും, സമ്പത്തിന്റെ പകുതി ദരിദ്രർക്കായി പങ്കുവയ്ക്കാനും അയാൾ തയ്യാറാകുന്നു.

## ഉപസംഹാരം

സമ്പത്തിനെ പേടിക്കാനോ ആരാധിക്കാനോ അല്ല, ദൈവം ഭരമേൽപ്പിച്ച ഒരു വിഭവമായി വിവേകത്തോടെ കൈകാര്യം ചെയ്യാനാണ് യേശു നമ്മെ പഠിപ്പിക്കുന്നത് — പങ്കുവച്ചും, നീതിപൂർവം നേടിയും, ധനമോഹത്തിന് അടിമപ്പെടാതെയും, ഉത്തരവാദിത്തത്തോടെയും. ഈ അഞ്ചു നിലപാടുകൾ ഒരുമിച്ച് ജീവിതത്തിൽ പകർത്തുന്ന കുടുംബങ്ങൾ മാത്രമാണ് യഥാർഥ സാമ്പത്തിക സാക്ഷരത നേടുന്നത്.

## കുടുംബചർച്ചയ്ക്ക്:

ഈ മാസം നമ്മുടെ വരവുചെലവുകൾ ഒന്നു പരിശോധിച്ചാൽ — അതിൽ എത്രത്തോളം വിവേകമുണ്ട്? എത്രത്തോളം പങ്കുവയ്ക്കലുണ്ട്? സക്കേവൂസിനെപ്പോലെ, നമ്മുടെ കുടുംബത്തിനും ഇന്ന് തിരുത്താൻ എന്തെങ്കിലുമുണ്ടോ? സാമ്പത്തിക സാക്ഷരതയിലൂടെ യേശുവിനെ അനുഭവിക്കുന്ന കുടുംബങ്ങൾ മാത്രമാണ് രക്ഷയുടെയും സന്തോഷത്തിന്റെയും പാതയിൽ ചരിക്കുന്നത്. ○

EXIT പുറം വാതിൽ



ജെ. മണക്കുന്നേൽ

# പൊരുതാതെ കരുതുക

ഇംഗ്ലണ്ടിൽനിന്നും ഇരുവരും ഒരുമിച്ചെത്തി. അരുമക്കുരുന്നിന്റെ ആദ്യകുർബാനയ്ക്കാണ് ആഗതരായത്. അനുവാദം വാങ്ങി അകത്തുകടന്ന ഇരുവരും എന്റെ മുറിയിൽ അകലത്തിലായി ഇരുന്നു. ഭാര്യാഭർത്താക്കന്മാരിലെ ഈ അകലം എന്നെ അതിശയിപ്പിച്ചു. ഇംഗ്ലണ്ടിൽ നിന്നുകിട്ടിയ അനുമതിക്കുറി ഭവ്യതയോടെ ഭർത്താവ് സമർപ്പിച്ചു. "എന്ന് നടത്താനാണ്?" ഇരുവരും ഒരേസ്വരത്തിൽ രണ്ട് വ്യത്യസ്ത ദിവസങ്ങൾ പറഞ്ഞു. സമയം ചോദിച്ചപ്പോഴും രണ്ടുപേർക്കും രണ്ടുനേരങ്ങൾ!! "പള്ളിഹാൾ വിരുന്നിനു കിട്ടുമോ അച്ചാ?" ഭർത്താവിന്റെ ചോദ്യത്തിന് ഭാര്യയാണ് മറുപടി പറഞ്ഞത്. "അതുവേണ്ട. എന്റെ വീട്ടുകാർ ഹോട്ടൽഹാൾ ബുക്ക് ചെയ്തിട്ടുണ്ട്." ഇരുവരുടെയും വിടവ് വിപുലമായിത്തുടങ്ങിയപ്പോൾ ഞാൻ പറഞ്ഞു: "ഇതെന്തു കളി!! നിങ്ങൾ ആ കുട്ടിയെ തട്ടിക്കളിക്കുകയായിരിക്കുമല്ലോ?" ഫൈനലിൽ കിരീടം നഷ്ടമായ മെസ്സിയുടെ മുഖംപോലെ ഭർത്താവിന്റെ മുഖം വിവർണ്ണമായി; അയാൾ വിതുമ്പുന്ന മട്ടിലായി... "ഒരുമിച്ചൊരു തീരുമാനമെടുക്കാതെ ഈ പരിപാടി നടപ്പാകില്ല." ഞാൻ തീർപ്പുകല്പിച്ചു. അല്പനേരം പള്ളിക്കുള്ളിലിരിക്കാൻ ഭാര്യയോടു പറഞ്ഞിട്ട് ഞാൻ ഭർത്താവിന്റെ അരികിലിരുന്നു ചോദിച്ചു: "എന്താ പ്രശ്നം?" അയാൾ വിതുമ്പി വിവരിച്ചു. നഴ്സായ അവളുടെ പറ്റിൽ ഇംഗ്ലണ്ടിൽ പോയതാണ്. ഒരു ചെറിയ കടയിലെ ജോലിയിൽ നിന്നും കിട്ടുന്ന വരുമാനമേ തനിക്കുള്ളൂ. മുന്തിയ ശമ്പളം കിട്ടുന്ന അവളുടെ അടിമയാകാനാണ് വിധി! പി ആർ കിട്ടുംവരെ ഇങ്ങനെ പീഡനം സഹിച്ചേ പറ്റൂ എന്ന് സഹപ്രവർത്തകർ പറഞ്ഞിട്ടുള്ളതിനാൽ കുനിഞ്ഞുകൂടി കഴിഞ്ഞുപോകുന്നു. "അവൾക്കെന്റെ വീട്ടുകാരെ പരമപുച്ഛമാണച്ചാ... അവളുടെ വീട്ടിലാണ് അവളിപ്പോൾ താമസം. ഇക്കാര്യത്തിനായി ഇന്നു വന്നതുതന്നെ ഇവിടേയ്ക്കാണ്. എന്റെ അമ്മ പണ്ടെന്നോ പറഞ്ഞ ഏതോ വാക്കുകളിൽ തൂങ്ങി കലഹം തുടങ്ങിയതാണ്. അവിടെയാണെങ്കിലും അവളെന്റെ അരികിൽ കിടക്കില്ല. എന്റെ കുഞ്ഞിനെയും അവൾ പലതും പറഞ്ഞ് തലതിരിച്ചുവച്ചിരിക്കുകയാണ്. എന്തു ചെയ്യുമച്ചാ... മരിക്കാൻ പേടിയായതുകൊണ്ട് മാത്രം ജീവിച്ചുപോകുന്നു..." അവന്റെ കഥ കേട്ടു മുക്കാൽ മണിക്കൂർ കഴിഞ്ഞുപോയി. പിന്നെ പള്ളിക്കുള്ളിൽനിന്നും അവളെ വിളിച്ചു സംസാരിച്ചു. "കുടിയനാണെങ്കിലും ഇങ്ങനെ കാള കാടി കുടിക്കുംപോലെ ഒരാൾ കുടിക്കുമോ അച്ചാ..." അവളുടെ ആദ്യപരാതി അതായിരുന്നു. വിവരമില്ലാത്ത ആ തള്ളയുടെ വിലകുറഞ്ഞ വർത്തമാനം കാരണമാണച്ചാ ഞാൻ അവിടേക്ക് പോകാത്തത്. അവധിക്ക് സമാധാനമായി കഴിയാൻ അവരു സമ്മതിക്കില്ല. നല്ല ജോലിക്കായി വല്ലതും പഠിക്കാൻ പറഞ്ഞാൽ അയാളൊട്ടു കേൾക്കില്ല. തന്റെ തരത്തിലുള്ള കുറച്ചുപേരും ഒത്തുള്ള കൂട്ടുകെട്ടിലാണ് അയാൾക്കു കമ്പം. അവളും അരമണിക്കൂർ പരിഭവങ്ങൾ പുലമ്പി. ഒരുമിച്ചിരിക്കാതെയും, ഒന്നു ചിരിക്കാതെയും, ഒരുമിച്ചൊന്നു പ്രാർഥിക്കാതെയും വീട്ടിൽ പോരുമായി കഴിയുന്ന ഇരുജന്മങ്ങൾ! പള്ളിയിൽ വല്ലപ്പോഴുംമാത്രം പോയി മുഖംകാട്ടുന്ന ഇരുവരെയും കൂട്ടി പള്ളിക്കുള്ളിലിരുന്നു ഞാൻ പ്രാർഥിച്ചു. ഭാര്യയുടെ അമിത കോപവും ഭർത്താവിന്റെ അപകർഷബോധവും കൂടി കുഴപ്പത്തിലാക്കിയതാണ് ഈ കുടുംബപ്രശ്നമെന്ന് ഇരുവരെയും ബോധ്യപ്പെടുത്താൻ ഒരുമണിക്കൂർ വീണ്ടും വേണ്ടിവന്നു. ഇരുവരും വാശിയോടെ പൊരുതിയാൽ തങ്ങൾ ജയിക്കുമെന്നും തോൽവി കുഞ്ഞിനായിരിക്കുമെന്നും മനസ്സിലാക്കാൻ അവർ തയ്യാറായി. കുടിയും അലസതയും മാറ്റി കുടുംബം നോക്കാൻ ഭർത്താവും, വെറുപ്പും വിരോധവും മാറ്റി വിട്ടുവീഴ്ച ചെയ്യാൻ ഭാര്യയും തയ്യാറായി. ആദ്യകുർബാനയ്ക്കായി ആദ്യം കുമ്പസാരിക്കേണ്ടത് അപ്പനുമമ്മയും ആയിരിക്കണമെന്നും, അത് ഇപ്പോൾത്തന്നെയാക്കാമെന്നും തീരുമാനിച്ചു. കുട്ടിയെയുംകൂട്ടി കെട്ടിയോന്റെ വീട്ടിലേക്കു പോകാൻ തയ്യാറായ ഇരുവർക്കും ഒരു മുട്ടൻ ചിരി പാസാക്കി ഞാൻ മംഗളം നേർന്നു...

"ദൈവഭയമില്ലാത്ത ഭാര്യ അധാർമ്മികനു പറ്റിയ തുണ! ഭക്തസ്ത്രീയോ, ദൈവഭക്തനു പറ്റിയ തുണയും" (പ്രഭാ. 26:23).

പ്രവാസി കുടുംബങ്ങളിൽ മാത്രമല്ല, നാട്ടിലും കണ്ടുവരുന്ന ഒരു പ്രതിഭാസമാണ് ഇതുപോലുള്ള കലഹങ്ങൾ. ഒന്ന് അടുത്തിരുന്ന് പരസ്പരം പറഞ്ഞു തീർക്കാനോ അറിഞ്ഞുകൊണ്ടു പൊറുക്കാനോ അറിവുള്ളവരുടെ അരികിൽപ്പോയി ആലോചന ചെയ്യാനോ തയ്യാറാകാത്തത് പ്രശ്നം ഗുരുതരമാക്കും. വാശിയിൽ ഇരുവരും ജയിക്കുമെങ്കിലും പരാജയപ്പെട്ടുപോകുന്നത് അവരുടെ മക്കളാണെന്ന് അറിയാതെ പോകുന്നു. ഒന്നിപ്പിച്ച കർത്താവും ഈ ഭിന്നിപ്പു കണ്ടു കണ്ണീർ വാർക്കുന്നുണ്ടെന്ന് ഇവരറിയുമോ?

"വികടബുദ്ധികൾ കർത്താവിനു വെറുപ്പുളവാക്കുന്നു. നിഷ്കളങ്കർ അവിടുത്തെ സന്തോഷിപ്പിക്കുന്നു" (സുഭാ. 11:20). ○

Published by Fr. Jose Thekkepurathu • Owned by Family Apostolate, Pastoral Centre, Changanacherry • Phone: 0481 2424476 • Printed at St. Joseph Orphanage Press, Changanacherry
Chief Editor: Fr. Johnykutty Tharakunnel